# സത്യദൂതൻ

2021 സെപ്തംബർ | ലക്കം 09

വില ₹ 30




## അദൃശ്യകാര്യങ്ങൾ എങ്ങനെ അറിയാം

## ഭൂമിയുടെ ഭാവി : വിശുദ്ധ ഖുർആന്റെ പാരിസ്ഥിതികാദ്ധ്യാപനങ്ങൾ

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font




**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages




**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at
alislam.org/apps
or scan the QR code below






The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ


2021 സെപ്തംബർ
ഹി.ശ.1401- തബൂഖ്
1443 മുഹറം - സഫർ
പുസ്തകം 93 ലക്കം 9
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

അഭിമുഖം
**ദൈവാസ്തിക്യം:**
**അനുഭവ യഥാർത്ഥ്യങ്ങൾ** ഭാഗം - 2
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള നായകൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദുമായി (അയ്യദഹു..) റിവ്യൂ ഓഫ് റിലീജ്യൻസ് പ്രതിനിധി അമർ സഫീർ സാഹിബ് നടത്തിയ അഭിമുഖം.

**14**
**അദൃശ്യകാര്യങ്ങൾ എങ്ങനെ അറിയാം**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**20**
സമുദ്രശാസ്ത്രം - 3
**ജലത്തിന്റെ അതുല്യ വിശേഷങ്ങൾ**
എ.എം. മുഹമ്മദ് സലീം

**24**
**പാകിസ്താനെ തകർക്കുന്ന മുല്ലായിസം**
ആദിൽ ഷാ, യുകെ

**29**
**അഫ്ഘാൻ അമീറിന്നൊരു താക്കീത്**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**31**
ഭാഗം - 19
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**38**
കുറിപ്പുകൾ
**ഭൂമിയുടെ ഭാവി:**
**വിശുദ്ധ ഖുർആന്റെ പാരിസ്ഥിതികാദ്ധ്യാപനങ്ങൾ**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ:** 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്തവരാരോ അവരുടെയടുക്കൽ മലക്കുകൾ ഇറങ്ങും, നിങ്ങൾ ഭയപ്പെടേണ്ട വ്യസനിക്കുകയും വേണ്ട നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സ്വർഗ്ഗം ലഭിച്ചതിൽ സന്തുഷ്ടരാവുക. ഐഹിക ജീവിതത്തിലും പരലോക ത്തിലും ഞങ്ങൾ നിങ്ങളുടെകൂടെയായിരിക്കും (എന്ന് അവർ പറയും) 41: 30-31



## നബിവചനം

മനുഷ്യരിൽ വിശ്വാസം ജനിപ്പിക്കുവാൻ പര്യാപ്തമായ ഒരമാനുഷിക ദൃഷ്ടാന്തം പ്രകടിപ്പിച്ചു കഴിഞ്ഞിട്ടില്ലാത്ത ഒരൊറ്റ പ്രവാചകനും ഉണ്ടായിട്ടില്ല. അക്കൂട്ടത്തിൽ എനിക്ക് ലഭിച്ചത് അല്ലാഹുവിങ്കൽ നിന്നുള്ള ബോധന (ഖുർആൻ)മത്രെ അതുകൊണ്ട് പുനരുത്ഥാന ദിവസം അവരുടെ കൂട്ടത്തിൽ ഏറ്റവുമധികം അനുയായികളുള്ള യാൾ ഞാനായിരിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

ഏതൊരുവന്റെ ആത്മാവിൽ പരമാർത്ഥ തത്വമറിയാനുള്ള ജിജ്ഞാസയുണ്ടോ അവൻ ഉണർന്ന് അന്വേഷിച്ചുകൊള്ളട്ടെ ഞാൻ സത്യമായും പറയുന്നു. ആത്മാവിൽ യഥാർത്ഥ ജിജ്ഞാസയും ഹൃദയത്തിൽ സത്യനിഷ്ഠമായ തൃഷ്ണയും ഉണ്ടെങ്കിൽ ജനങ്ങൾ പ്രസ്തുത മാർഗ്ഗമന്വേഷിക്കുകയും തേടിനടക്കുകയും ചെയ്യുന്നതായിരിക്കും. എന്നാൽ ഈ മാർഗ്ഗം തുറന്നു കിട്ടുന്നതെങ്ങനെ?. അതിന്റെ തിരുശ്ശീല നീങ്ങികിട്ടാനുള്ള ഉപായമെന്ത്? ഇസ്ലാം മാത്രമാണ് മുമുക്ഷുക്കൾക്ക് ഈ ആനന്ദപദവി വാഗ്ദാനം ചെയ്യുകയും അതിനെക്കുറിച്ച് ശുഭവാർത്ത നൽകുകയും ചെയ്യുന്നത് എന്നു സത്യാന്വേഷികളെ ഞാൻ തെര്യപ്പെടുത്തിക്കൊള്ളുന്നു. ഇതര മതക്കാരാകട്ടെ ദൈവ ഭാഷണമാകുന്ന അനുഗ്രഹത്തിന്റെ കവാടം വളരെക്കാലമായി ബന്ധിക്കപ്പെട്ടുപോയിരിക്കുന്നതായി സമ്മതിക്കുകയാണ്. എന്നാൽ അവർ പറയുന്നത് പോലെ ദൈവം ഈ മാർഗ്ഗം നിരോധിക്കുക യുണ്ടായിട്ടില്ല. (ഇസ്ലാംമത തത്വജ്ഞാനം)




# ദൈവാനുഭവത്തിന്റെ അദ്ധ്യാത്മിക മാർഗ്ഗം

ദൈവമുണ്ടോ എന്ന പ്രശ്നത്തിൽ ഉത്തരം നൽകുന്ന ഏറ്റവും വിശ്വസനീയ മാർഗ്ഗം വെളിപാടുകളാണ്. മറ്റെല്ലാ യുക്തിവാദങ്ങളും തത്വശാസ്ത്ര വിശകലനങ്ങളും ശാസ്ത്രീയ ഗവേഷണങ്ങളും ദൈവമുണ്ട് എന്ന നിഗമനം മാത്രമേ പ്രദാനം ചെയ്യൂ. എന്നാൽ ദൈവം ഉണ്ട് എന്ന ദൃഢബോദ്ധ്യം മനുഷ്യന്ന് നൽകുന്നത് ആത്മീയ മാർഗ്ഗത്തിള്ള വെളിപാടുകളാണ്. വെളിപാടുകളെ നിഷേധിക്കുന്നത് ബിംബാരാധനക്കും നിരീശ്വരവാദത്തിന്നും തുല്യമാണ്. ബിംബാരാധനയെ എതിർക്കുന്നതിന് ഖുർആൻ പറയുന്ന യുക്തിന്യായം ആരാധിക്കപ്പെടുന്ന മൂർത്തി ആരാധകന്റെ അർത്ഥനകളോട് പ്രതികരിക്കുന്നില്ല എന്നാണ്. **'മൂസായുടെ ജനത അദ്ദേത്തിന്റെ അഭാവത്തിൽ തങ്ങളുടെ ആഭരണങ്ങൾ കൊണ്ട് ഒരു കാളക്കുട്ടി (വിഗ്രഹം) അതായത് നിരർത്ഥക ശബ്ദമുള്ള ഒരു വിഗ്രഹത്തെ ഉണ്ടാക്കിയെടുത്തു. അത് അവരോട് സംസാരിക്കുന്നില്ലെന്നും അവർക്ക് യാതൊരു മാർഗ്ഗവും കാണിക്കുന്നില്ലെന്നും അവർ കണ്ടില്ലേ.'** (7:153) അതായത് മനുഷ്യരുടെ അർത്ഥനകളോട് പ്രതികരിക്കാത്തത് ജഡവസ്തുവാണ് എന്നാണ് ഖുർആൻ പറയുന്നത്.

ദൈവത്തെ ആത്മീയ മാർഗ്ഗത്തിൽ പ്രാപിക്കലാണ് റസൂൽ തിരുമേനി(സ) യുടെ മാതൃക. ദൈവത്തിൽ നിന്നുള്ള ആത്മീയ ബോധനങ്ങളാണ് ദൈവാസ്തിത്വത്തിന്ന് പരമമായി ബോദ്ധ്യം വരുന്ന തെളിവ്. അതിന്ന് ദൈവോന്മുഖവും സമഗ്രവുമായ സാത്വിക ജീവിതം അനിവാര്യമാണ്. അല്ലാതെയുള്ള എല്ലാ അന്വേഷണ സമ്പ്രദായങ്ങളും വിചിന്തനങ്ങളും ചർച്ചകളും ദൈവാസ്തിക്യത്തെ പറ്റി ദൃഢബോദ്ധ്യം വരുത്തില്ല.

പ്രവാചകന്മാർക്കുണ്ടാകുന്ന ഉന്നതരൂപത്തിലുള്ള വെളിപാടുകളെയാണ് 'വഹ്‌യ്' എന്ന് പറയുന്നത്. ദൈവത്തെ ആത്മാർത്ഥമായി തിരയുന്ന എല്ലാ സത്യവിശ്വാസികൾക്കും ദൈവം ആത്മീയ മാർഗ്ഗത്തിൽ പ്രത്യക്ഷനാകുന്നു. ദിവ്യബോധനം, ദിവ്യദർശനങ്ങൾ, ശാബ്ദിക വെളിപാടുകൾ, സദ്സ്വപ്നങ്ങൾ, സമാശ്വാസ വചനങ്ങൾ, ഭാവിയുടെ ഗർഭത്തിലെ സൂചനകൾ മുതലായ സൂക്ഷ്മമായ ആത്മീയ ജ്ഞാനങ്ങൾ സാത്വികരായ ദാസന്മാർക്ക് ദൈവം വരപ്രസാദമായി നൽകും. ഉപരിലോകവുമായി ബന്ധവുമില്ലാത്ത ഈ ആധുനിക കാലഘട്ടത്തിൽ, മനുഷ്യൻ സന്ദേഹ വാദത്തിലേക്കും നിർജ്ജീവമായ മതാചാരങ്ങളിലേക്കും ബാഹ്യമായ തർക്കവിതർക്കങ്ങളിലേക്കും കർമ്മശാസ്ത്ര കണിഷതകളിലേക്കും വഴിമാറിപ്പോവുക സ്വഭാവികമാണ്. അതോടൊപ്പം ആത്മീയ ജ്ഞാനത്തിന്റെ ഏറ്റവും ഉന്നതരൂപമായ വെളിപാടുകൾ ഇനിയുണ്ടാവില്ല എന്നും ദൈവം ഇനിയാരോടും സംസാരിക്കില്ല എന്നും മതപണ്ഡിതന്മാർ പറയുമ്പോൾ മതരംരംഗം തീർത്തും മൃതപ്രായമായിപ്പോവുന്നു. ദൈവവുമായുള്ള ബന്ധമോ ആത്മീയ മാർഗ്ഗത്തിലുള്ള ജീവിതാനുഭവമോ ഇല്ലാത്ത ഉലമാക്കന്മാരുടെ ഈ ജൽപ്പനങ്ങൾ ഇസ്‌ലാം മതത്തെ ഒരു മരിച്ച മതമാക്കി മാറ്റിയിരിക്കുന്നു,.

സമൂഹത്തിന്റെ ഇത്തരം നിർജ്ജീവാവസ്ഥയിൽ വെളിപാടുകൾകൊണ്ട് അനുഗ്രഹീതരാവുന്ന ദൈവമയക്കുന്ന പ്രവാചകന്മാരാണ് കാലത്തിന്റെ ഇമാമുമാരായി വന്ന് മതത്തെ പുനരുജ്ജീവിപ്പിക്കുന്നത്. റസൂൽ തിരുമേനി (സ) പ്രവചന പ്രകാരം വന്ന വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) മുസ്‌ലിം സമുദായത്തെയും ലോകത്തെയും ദൈവത്തെ അറിയാനുള്ള ആ അത്ഭുതകരമായ അദ്ധ്യാത്മിക വീഥിയിലേക്ക് പ്രത്യാനയിക്കുകയാണ്. വിശുദ്ധ ഖുർആൻ പറയുന്നു. **'ബോധനം വഴിക്കോ അല്ലെങ്കിൽ ഒരു മറയുടെ പിന്നിൽ നിന്നോ അതുമല്ലെങ്കിൽ ഒരു ദൂതനെ അയച്ചിട്ട് അവന്റെ കൽപ്പന പ്രകാരം അവനുദ്ദേശിക്കുന്നത് അദ്ദേഹം (ആ ദൂതൻ) ബോധനം നൽകുകയോ ചെയ്യുന്ന മാർഗ്ഗേണയല്ലാതെ ഒരു മനുഷ്യനോടും അല്ലാഹു സംസാരിക്കുകയുണ്ടാവില്ല. തീർച്ചയായും അവൻ സർവ്വോന്നതനും അഗാതജ്ഞനുമാകുന്നു.'**(42:52)



ഹദ്റത്ത് അഹ്മദ് (അ)

# ദൈവിക ബോധനം

ഇവിടെ ഇൽഹാം (ദൈവ ബോധനം) എന്നത് കൊണ്ട് വിവക്ഷിക്കപ്പെടുന്നതെന്താണെന്ന് വിശദീകരിക്കേണ്ടതായിട്ടുണ്ട്. ഇൽഹാം എന്നാൽ ചിന്തിച്ചു കൊണ്ടിരിക്കുന്ന ഒരു വന്റെ ഹൃദയത്തിൽ നവ്യമായ ഒരു ആശയം ഉദിച്ചു വരിക എന്നതല്ല. ഒരു കവി കവന നി ർമ്മാണത്തിന്നുദ്യുക്തനായി ചിന്തനം ചെയ്തു കൊണ്ടിരിക്കുമ്പോൾ, നവമായ ഒരു ആശയമോ പദ്യമോ വൃത്തമോ ഹൃദയത്തി ലുദിച്ചു വരുന്നതിന്ന് ദൈവഭാഷണമെന്നോ ദൈവബോധനമെന്നോ പറയാവുന്നതല്ല. ഈ ആശയോധദയും ദൈവിക പ്രകൃതി നിയമ മനുസരിച്ച് മനുഷ്യന്റെ ആലോചനാ ഫലമായു ണ്ടാകുന്നതത്രെ. ഒരുവൻ സദ്വിഷയത്തിലോ ദുർവിഷയത്തിലോ മനസ്സിരുത്തി ചിന്തിച്ചു കൊണ്ടിരിക്കുന്നതായാൽ അവന്റെ ആലോചന ക്കനുസൃതമായ ആശയം മനസ്സിലുണ്ടായി വരുന്നതാണ്. ദൃഷ്ടാന്തമായി. സത്യസന്ധനും സദ്വൃത്തനുമായ ഒരാൾ സത്യത്തേയും ധർമ്മ ത്തേയും സഹായിക്കുന്നതിന്നും ദുർവൃത്തനായ മറ്റൊരുവൻ അധർമ്മത്തെ അനുകൂലിക്കുന്നതിനും സജ്ജനത്തെ നിന്ദിക്കുന്നതിന്നുംവേണ്ടി കവിത രചിക്കാനുദ്യമിക്കുന്ന പക്ഷം രണ്ടുപേരും അവനവന്റെ വാഗ്വിലാസം പോലെ ഓരോ കാവ്യം ചമക്കുന്നതായിരിക്കും. അസത്യത്തെ അനുകൂലി ക്കുകയും സഹായിക്കുകയും സജ്ജനത്തെ നിന്ദിക്കുകയും ചെയ്യുന്നതിന്ന് തുനിയുന്ന കവി കവനസൃഷ്ടിയിൽ അഭ്യാസ പാഠവമുള്ളവനായ കാരണത്താൽ അവന്റെ കവിത മറ്റയാളുടെ തിനേക്കാൾ മെച്ചമേറിയതായി തീരുന്നുവെങ്കിൽ അതിൽ ആശ്ചര്യപ്പെടാനില്ല. ഇപ്രകാരം നവ്യമായ ആശയം ഉള്ളിൽ ഉദിച്ചു വരുന്നതിന്ന് ഇൽഹാം എന്നു പറയാമെങ്കിൽ സത്യത്തിന്നെതിരായി അവനവരതം തൂലിക ചലിപ്പിക്കുകയും കറ്റുകെട്ടും ഭോഷ്ക്കും തൊഴിലാക്കി തീർക്കുകയും ചെയ്യുന്ന സത്യത്തിന്റെയും സജ്ജനത്തിന്റെയും ശത്രുവായ ഒരു ദുഷ്മ കവിയെ മുൽഹം അഥവാ ദൈവപ്രബുദ്ധൻ എന്നു പറയേണ്ടതായി വരും. ആഖ്യായികാദി കാവ്യ ഗ്രന്ഥങ്ങളിൽ ചമത്ക്കാര പൂർണ്ണവും ഹൃദയാവർജ്ജകവുമായ വർണ്ണനകൾ നാം കാണുന്നുവല്ലോ ഇങ്ങനെ, വിഷയങ്ങൾ മിഥ്യകളാണെങ്കിലും തദ്വിഷയകമായി ചിന്തിച്ചുകൊ ണ്ടിരിക്കുന്ന ഹൃദയങ്ങളിൽ നവ്യമായ ആശയ തരംഗങ്ങൾ അടിച്ചു കയറുന്നതായി കാണാം. ഈ ദൃശ്യമായ ആശയോദയത്തിന്ന് 'ഇൽഹാം' (ദൈവബോധനം) എന്ന് പറയാവുന്നതാണോ? ഇൽഹാം എന്നാൽ നവമായ ആശയം ഹൃദയത്തിൽ ഉണ്ടായിവരുന്നതിന്റെ പേരാണെങ്കിൽ ഒരു തസ്ക്കരനേയും 'മുൽഹം' (ദൈവപ്രബുദ്ധൻ) എന്ന് പറഞ്ഞു കൊള്ളണമല്ലോ. എന്തെന്നാൽ ചിന്തിച്ചു കൊണ്ടിരിക്കുന്നതിന്റെ ഫലമായി അവനു ഭവനഭേദനം ചെയ്യാനുള്ള നല്ല സൂത്രങ്ങളും കൊള്ളയും കൊലയും നടത്താനുള്ള ഒന്നാന്തരം ഉപായങ്ങളും തോന്നി തുടങ്ങുന്നു. ഇങ്ങിനെയുള്ള അശുദ്ധവും അധാർമികവുമായ വിചാരാവേശ ത്തിന്ന് 'ഇൽഹാം' എന്ന് ഒരിക്കലും പേർ പറയാവതല്ല. സ്വവചനം മുഖേന ഹൃദയങ്ങൾക്ക് ശാന്തി പ്രദാനം ചെയ്യുകയും അപരിചിതർക്ക് ആത്മീയ ജ്ഞാനം പകർന്ന് കൊടുക്കുകയും ചെയ്യുന്നവരും അതേ അവസരത്തിൽ സത്യ ദൈവത്തെ അറിയാത്തവരുമാണ് ദൈവബോധ നത്തെക്കുറിച്ചുള്ള ഈ തെറ്റുധാരണക്ക് വശഗദരായിരിക്കുന്നത്. എന്നാൽപിന്നെ ഇൽഹാം എന്നാൽ എന്താണ്? അത് സജീവനും സർവ്വോത്തമശക്തിവാനുമായ ദൈവം തന്റെ വൃതദാസനോടോ താൻ തിരഞ്ഞെടുക്കുവാൻ ഇച്ഛിക്കുന്ന സത്യഭക്തനോടോ തന്റെ സചേതന വും സപ്രഭാവവുമായ വചനാമൃതം മുഖാന്തരം സംസാരിക്കുകയെന്നതാകുന്നു. ഈ ദിവ്യഭാഷണം തൃപ്തികരമായും ക്രമാനുഗതമായും തുടർന്ന് പോകുകയും ഹീനാശയ മിശ്രമോ അപൂർണ്ണമോ അവ്യക്തമോ ആയിരിക്കാതെ പ്രസാദ മധുരവും ചമത്ക്കാര പൂർണ്ണവും ജ്ഞാന ഗർഭവും ആശയ പുഷ്ടവും സജീവവുമായിരിക്കുകയും ചെയ്യുന്നു വെങ്കിൽ, അതാണ് ദൈവം തന്റെ ഭക്ത ദാസനെ സമാശ്വസിപ്പിക്കുകയും തന്റെ ദിവ്യസ്വരൂപം അവന്ന് വെളിപ്പെടുത്തി ക്കൊടുക്കുകയും ചെയ്യുന്ന വിശുദ്ധ വചനം. (റൂഹാനി ഖസായിൻ)


# ദൈവാസ്തിക്യം: അനുഭവ യഥാർത്ഥ്യങ്ങൾ

അസ്തിത്വ പദ്ധതി *(The Existence Project)* എന്നറിയപ്പെടുന്ന പ്രൊജക്ടിന്റെ ഭാഗമായി അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള നായകൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദുമായി (അയ്യദു..) അവിടുത്തെ മാർഗ്ഗദർശനാത്മകമായ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളെ പറ്റി റിവ്യൂ ഓഫ് റിലീജ്യൻസ് പ്രതിനിധി അമർ സഫീർ സാഹിബ് നടത്തിയ അഭിമുഖത്തിന്റെ രണ്ടാം ഭാഗം.

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

**അമർ സഫീർ**: ഇക്കാലത്ത് അങ്ങയുടെ മാർഗ്ഗദർശനത്തിനു കീഴിൽ ദൈവത്തോടുള്ള പ്രാർത്ഥനകൾ സ്വീകരിക്കപ്പെട്ട അഹ്മദികളുടെ വ്യക്തിപരമായ അനുഭവങ്ങൾ ഞങ്ങൾ ശേഖരിക്കാറുണ്ട്. എന്റെ ചോദ്യമിതാണ്. മറ്റു മതങ്ങളിലെ ആളുകൾ ഇത്പോലെ തങ്ങളുടെ പ്രാർത്ഥന ദൈവം സ്വീകരിക്കുന്നു എന്നുള്ള അവകാശവാദങ്ങൾ പുറപ്പെടുവിക്കാറുണ്ട്. നാം ടി വി ചാനലുകളിൽ ക്രിസ്ത്യാനികളുടെയും മുസ്ലിം ഇമാമുമാരുടെയും പ്രബോധനാത്മകമായ ചാനലുകളിൽ പ്രാർത്ഥിക്കുന്നതും ഉടൻ തന്നെ പ്രാർത്ഥകൾ സ്വീകരിക്കപ്പെടുന്നതായും കാണുന്നു. ഇത്തരം വ്യക്തിപരമായ അനുഭവങ്ങൾ സത്യമാണെന്ന് നമുക്ക് വിശ്വസിക്കേണ്ടതുണ്ടോ? .

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V**: മറ്റുള്ളവർ എന്തു പറയുന്നു എന്ന് നോക്കാതെ നാം നമ്മുടെ അനുഭവങ്ങൾ പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കണം. അവർ പറയുന്നത് ശരിയാണോ തെറ്റാണോ എന്ന് നിർണ്ണയിക്കാൻ നമുക്കാവില്ല. അത് നമ്മെ ആശങ്കപ്പെടുത്തുന്ന വിഷയമല്ല. നാം നമ്മുടെ വ്യക്തിപരമായ അനുഭവങ്ങളിൽ കേന്ദ്രീകരിക്കുക. ചിലപ്പോൾ ആളുകൾ തെറ്റായ അവകാശവാദങ്ങൾ പുറപ്പെടുവിക്കുന്നതാകാം. ജനങ്ങൾ തന്റെ പേരിൽ പോലും തെറ്റായ അവകാശവാദങ്ങൾ പുറപ്പെടുവിക്കുമെന്ന് റസൂൽ തിരുമേനി (സ) പറയുകയുണ്ടായി. ആദം നബി (അ) മുതലുള്ള പ്രവാചകന്മാരെ തങ്ങളുടെ സ്വപ്നങ്ങളിൽ ദർശിക്കാറുണ്ടെന്ന് അനഹ്മദി മുസ്ലികൾ അവകാശവാദങ്ങൾ പുറപ്പെടുവിക്കാറുണ്ട്. അവർക്ക് യഥാർത്ഥത്തിൽ സ്വപ്ന ദർശനമുണ്ടാകാറുണ്ടോ എന്നത് അവരെ സംബന്ധിക്കുന്ന വസ്തുത മാത്രമാണ്. നമുക്ക് അത് സംബന്ധിച്ച് ഒന്നും പറയാൻ സാദ്ധ്യമല്ല.



നമ്മുടെ ചുമതല നമ്മുടെ അനുഭവങ്ങൾ വിശദീകരിക്കുക എന്നതാണ്. വാഗ്ദത്ത മസീഹ്(അ) പറഞ്ഞതെന്തെന്നാൽ, യേശു പറഞ്ഞു: നിങ്ങളിൽ ഒരു അണുമണിത്തൂക്കം വിശ്വാസമുണ്ടെങ്കിൽ അവർക്ക് കുഷ്ഠം ബാധിച്ചവരെയും രോഗികളെയും സുഖപ്പെടുത്താൻ കഴിയുമായിരുന്നു എന്നാണ്. ഇതാണ് ജംഗെ മുഖദ്ദിസിൽ (വിശുദ്ധ യുദ്ധം) വാഗ്ദത്ത മസീഹ് ക്രിസ്ത്യൻ പാതിരിമാരോട് പറഞ്ഞത്. നിങ്ങൾ രോഗികളെ സുഖപ്പെടുത്തിയെങ്കിൽ അത് തെളിയിക്കണം. അവരുടെമേൽ നിങ്ങളുടെ കൈ വെച്ച് അവർ സത്യവിശ്വാസികളാണെന്നും മോക്ഷം ലഭിച്ചവരാണെന്നും തെളിയിക്കണം. എന്തായിരുന്നാലും പാതിരിമാർക്ക് ഇത് തെളിയിക്കാൻ സാധിച്ചില്ല. അവർ സ്ഥലം വിടുകയാണ് ചെയ്തത്.

മാത്രമല്ല, ജനങ്ങൾ വിശ്വസിക്കുന്നത് നാം ജനങ്ങളെ പരിവർത്തനം ചെയ്യാൻ ശ്രമിക്കുകയാണെന്നാണ്. ഇത് തെറ്റാണ്. നമുക്ക് ആരേയും പരിവർത്തിപ്പിക്കാൻ സാദ്ധ്യമല്ല. നമുക്ക് നമ്മുടെതായ വ്യക്തിപരമായ അനുഭവങ്ങൾ മാത്രമാണുള്ളത്. അവതരിപ്പിക്കാനുള്ളത്. ജനങ്ങളുടെ വിശ്വാസം മാറ്റി മറിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല. റസൂൽ തിരുമേനി (സ) യോടു പോലും അല്ലാഹു പറഞ്ഞത് ഈ സന്ദേശം എത്തിക്കുക എന്ന് മാത്രമാണ്. അവിടുത്തേക്ക് പോലും ജനങ്ങളുടെ ഹൃദയം മാറ്റാൻ കഴിയുന്നതല്ല. ജനങ്ങളുടെ ഹൃദയം മാറ്റുന്ന ജോലി അല്ലാഹുവിന്റേതാണ്.

അത്തരം അവകാശവാദങ്ങൾ മറ്റുള്ളവർ നടത്തുമ്പോൾ നമുക്ക് വ്യക്തമായി ഒന്നും പറയുവാനില്ല. ഉദാഹരണത്തിന്ന് ഒരു ജ്യോത്സ്യനും ഒരു നാസ്തികനായ ഡോക്ടറും രണ്ടുപേരും മരുന്നു കഴിക്കുകയോ ചികിത്സ തേടുകയോ ചെയ്തു എന്നിരിക്കട്ടെ. അയാൾ ഒരു നാസ്തികനായതുകൊണ്ട് ചികിത്സ ഫലിക്കില്ല എന്ന് നിങ്ങൾക്ക് പറയാൻ സാധിക്കില്ല. ശുശ്രൂഷകനിൽ വിശ്വസിക്കുന്ന ഒരാൾ അസുഖമുണ്ടായാൽ അയാളെകൊണ്ട് ചികിത്സിപ്പിക്കുന്നു. ചികിത്സിക്കുന്ന ശുശ്രൂഷകൻ അധാർമികതയിൽ ജീവിക്കുന്നവനും അസാന്മാർഗ്ഗിയുമാണെങ്കിൽ പോലും മരുന്നിന്നും ചികിത്സക്കും ഒരു ഫലമുണ്ടാകുന്നു. എന്തായിരുന്നാലും ചിലപ്പോൾ അത്തരം ആളുകൾ ചികിത്സക്ക് വിധേയമാവുമ്പോൾ മനശ്ശാസ്ത്രപരമായ ഒരു ഫലം ഉണ്ടായെന്നു വരാം. ആ മാനസികമായ അവസ്ഥയിൽ മുഴുകുമ്പോൾ യഥാർത്ഥത്തിൽ സുഖപ്പെടുന്നുമില്ല എന്നും വരാം. ഒരാൾക്ക് താൽക്കാലികമായി അനുഭപ്പെടുന്ന വികാരം അവർക്ക് സുഖമായി എന്ന ഒരു ഫീലിംങ്ങ് ഉണ്ടാക്കുന്നു. നല്ല സുഖം അനുഭവപ്പെടുകയും ചെയ്യുന്നു. പക്ഷേ അത് ഒരിക്കലും ദീർഘമായി നിലനിൽക്കുന്ന ഒരു അനുഭവമായിരിക്കില്ല. യഥാർത്ഥത്തിലുള്ള ചോദ്യമിതാണ് ആ വ്യക്തിക്ക് സത്യത്തിൽ ഹൃദയത്തിൽ ആന്തരികമായ സംതൃപ്തിയും മനശ്ശാന്തിയും ലഭിച്ചുവോ? ആഫ്രിക്കയിൽ ആളുകൾ കുരിശ് ധരിക്കാരുണ്ട്. അവർ തങ്ങളുടെ ഹൃദയത്തിൽ സമാധാനമുണ്ടാവാറുണ്ട് എന്ന് പറയാറുണ്ട്. പക്ഷേ നാം ഈ അവകാശവാദം അംഗീകരിക്കുമോ?. ഒരിക്കലും അത് അംഗീകരിക്കില്ല. കാരണം അതിൽ ശിർക്കിന്റെ അംശമുണ്ട്. വസ്തുതയെന്തെന്നാൽ ഏതൊരാൾക്കും അവകാശവാദങ്ങൾ നടത്താം. എന്നാൽ അല്ലാഹു കാര്യങ്ങൾ അറിയുന്നു. അത് അവരുടെ കാര്യം നാം നമ്മുടെ അനുഭവം അവതരിപ്പിച്ചു കൊണ്ടേയിരിക്കും.

**അമർ സഫീർ**: ഹുസൂർ, ദൈവവുമായി ചിലർക്ക് വ്യക്തിപരമായ അനുഭവങ്ങളുണ്ടെങ്കിൽ അമുസ്ലിംങ്ങൾക്ക് അതിന്റെ ആധികാരികത ചോദ്യം ചെയ്യാവുന്നതാണ്. കാരണം ആ അനുഭവത്തിന്ന് സ്വതന്ത്രമായ ദൃക്സാക്ഷിയുണ്ടാവില്ലല്ലോ.

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V**: ആർക്കെങ്കിലും വ്യക്തിപരമായ ദൈവികാനുഭവങ്ങളുണ്ടെങ്കിലും ദൈവത്തെ കണ്ടെത്തുകയും ദൈവം അയാളുമായി സംവദിക്കുകയും ചെയ്തെങ്കിൽ അദ്ദേഹം എവിടെയായിരുന്നാലും ജമാഅത്തിലേക്ക് കൊണ്ടുവരപ്പെടുന്നതാണ്. ആ വ്യക്തി ആന്തരികമായ ഒരു പരിവർത്തനത്തിലൂടെ കടന്നു പോകുന്നു. ഈ ഒരു മാറ്റത്തിന്ന് അയാളുടെ കുടുംബം സാക്ഷ്യം വഹിക്കുന്നു. വീട്ടിലുള്ളവരെല്ലാം അയാളുടെ ഉന്നതമായ ധാർമിക നിലവാരത്തിന്ന് സാക്ഷിയായി മാറുന്നു. ഒരു സ്വപ്ന ദർശനത്തിലൂടെയോ മറ്റെന്തിൽകൂടിയോ അയാൾ വ്യക്തിപരമായ പരിവർത്തനത്തിന്ന് വിധേയനാകുന്നു. ഇത്തരം ഒരു വ്യക്തിപരമായ അനുഭവത്തിന്ന് വിധേയനായ ഒരു പിതാവ് മകനോട് പറഞ്ഞ ഒരു ഉദാഹരണമുണ്ട്. അതായത് നിന്റെ മതം സത്യമാണ് കാരണം, നിന്നിൽ ധാരാളം നല്ല സദ്പരിവർത്തനങ്ങൾക്ക് ഞാൻ സാക്ഷ്യം വഹിക്കുന്നു. എങ്കിലും ഞാൻ നിന്റെ മതം സ്വീകരിക്കില്ല. അതിന്റെയെല്ലാം സാരംശം ഇതാണ്, ഒരു ശക്തിയാണ് അവരിൽ ഈ പരിവർത്തനങ്ങൾ ഉണ്ടാക്കുന്നത്. അത് ബാഹ്യമായി കാണില്ല ആന്തരികമായാണ് സംഭവിക്കുന്നത്.

**അമർ സഫീർ**: ഹുസൂർ, ദൈവവുമായി ബന്ധപെട്ട എന്തെങ്കിലും ഒരനുഭവം അങ്ങേക്ക് ഉണ്ടായിട്ടുണ്ടോ? അല്ലെങ്കിൽ പ്രാർത്ഥന സ്വീകരിക്കപ്പെട്ട ഒരു അനുഭവം ഉണ്ടായിട്ടുണ്ടോ?

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V**: ഞാൻ ബാലനായിരുന്നപ്പോൾ 12 ഓ 15 ഓ വയസ്സുകാണും ഞാൻ ഒരു പ്രാർത്ഥന നടത്തി 15 മിനുട്ടിനകം ആ പ്രാർത്ഥന സ്വീകരിക്കപ്പെട്ടു. സ്കൂളിൽ എന്റെ പഠനങ്ങളെ പറ്റി ഞാൻ പ്രാർത്ഥിക്കുകയുണ്ടായി

അല്ലാഹു എന്റെ പ്രാർത്ഥന സ്വീകരിച്ചു. എനിക്ക് പാസ്സാവാൻ സാധ്യമായി. എന്റെ സ്വന്തം അനുഭവങ്ങൾ പറയാൻ ഞാൻ വിമുഖനാണ്. കാരണം അത് എന്റെ സ്വഭാവത്തിൽ പെട്ടതല്ല. ഞാൻ എന്റെ അനുഭവങ്ങൾ പൊതുവേ പരോക്ഷമായി എന്റെ ഖുത്ബകളി ലും മറ്റു പ്രഭാഷണങ്ങളിലും പറയാറുണ്ട്. ഞാൻ നേരിട്ട് അത് പറയാറില്ല. വസ്തുത ഇതാണ് അല്ലാഹുവാണ് ഒരാളുടെ സാത്വി കമായ അഭിലാഷങ്ങൾ നിറവേറ്റുന്ന ത് എന്നാണ് വാഗ്ദത്ത മസീഹ് (അ) പറഞ്ഞത്. അത് സ്പന ദർശനങ്ങളിലൂടെ അല്ലാഹു കാണി ച്ചു തരുന്നു. ഇത് അല്ലാഹുവിന്റെ വിധിയാണ് ഒരാളുടെ സ്വാത്വികത യുടെ പേരിലല്ല അത് സംഭവിക്കു ന്നത്. ഒരാളുടെ ഗുണങ്ങളും നേട്ടങ്ങളുമല്ല അത് സാദ്ധ്യമാക്കി തീർക്കുന്നത്. അത് അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് മാത്രമാണ് സംഭവിക്കുന്നത്.

**'അല്ലാഹു ആകാശഭൂമികളു ടെ പ്രകാശമാണ്.'** ഞാൻ ഒരു സ്വപ്നത്തിൽ ഈ വചനം കാണുക യുണ്ടായി. ആകാശത്ത് ഒരറ്റം മുതൽ മറ്റേ അറ്റം വരെ ഇത് എഴുതപ്പെട്ടതായി എനിക്ക് കാണാ ൻ കഴിഞ്ഞു. ഇത് മുമ്പത്തെക്കാൾ അല്ലാഹുവിന്റെ ഗുണത്തെ പറ്റി എനിക്കുള്ള ജ്ഞാനവും അറിവും വർദ്ധിപ്പിക്കുകയുണ്ടായി.

അല്ലാഹുവിന് മാത്രമേ കാര്യങ്ങൾ പൂർണ്ണമായും അറിയാ നാകൂ.

ചിലപ്പോൾ അല്ലാഹുവിനെ അഭിമുഖീകരിച്ച് ഞാൻ പ്രാർത്ഥി ക്കുമ്പോൾ അതിന്റെ പരിഹാരവും പ്രാർത്ഥനയിൽ തന്നെ ഉണ്ടാവാ റുണ്ട് എന്ന് ഞാൻ ഇതിന്ന് മുമ്പ് പറയുകയുണ്ടായി. അല്ലാഹു എന്നെ ഇങ്ങനെ അറിയിക്കുകയു ണ്ടായി;

**'നാം ആകാശത്ത് നിന്നും നിയന്ത്രിക്കുന്ന ആളുകൾ നിന്നെ സഹായിക്കുന്നതായിരിക്കും.'**

ഇത് വാഗ്ദത്ത മസീഹി(അ) ന്നുണ്ടായ ഒരു വെളിപാടായിരുന്നു. ഞാൻ ഈ വചനങ്ങൾ ഒരു സ്വപ്നത്തിൽ ദർശിക്കുകയുണ്ടാ യി. ഞാൻ ഉണരുമ്പോൾ ഈ വചനം നാവിലൂടെ ഉരുവിട്ടു കൊണ്ടിരിക്കുകയായിരുന്നു. ഞാൻ ഒരു പക്ഷേ സ്വപ്നത്തിന്നും ജാഗ്രതാവസ്ഥക്കും മദ്ധ്യേയുള്ള ഒരവസ്ഥയിലായിരുന്നു. സർവ്വ ശക്ത്നായ അല്ലാഹു അസാധാരണ മായ നിലയിൽ എന്നെ സഹായിക്കു മെന്ന് ഞാൻ ഇതിൽ നിന്നും മനസ്സിലാക്കി. ഖലീഫാ സ്ഥാനം വഹിക്കുന്നതിന്ന് മുമ്പ്തന്നെ എന്ത് സാഹചര്യമായിരുന്നാലും അല്ലാഹു വിന്റെ സഹായം എനിക്ക് ലഭി ക്കുമായിരുന്നു. എന്തായിരുന്നാലും ഖലീഫ പദവി എന്നിൽ അർപ്പിക്ക പ്പെട്ടതിന്ന് ശേഷം എണ്ണമറ്റതും അളക്കാൻ കഴിയാത്തതുമായത്ര വഴികളിലൂടെ അല്ലാഹു എന്നെ സഹായിച്ചുകൊണ്ടിരുന്നിട്ടുണ്ട്. ഞാൻ അങ്ങേയറ്റം മനോവിഷമം അനുഭവിച്ച അവസരത്തിൽ സർവ്വ ശക്തനായ അല്ലാഹു എനിക്ക് അതിന്റെ ആന്തരാർത്ഥം മനസ്സിലാ ക്കി തരികയും അത് പ്രകടമാക്കുക യും ചെയ്യുകയുണ്ടായി. അല്ലാഹു വിന്റെ സഹായവും തുണയും സ്ഥിരമായി എപ്പോഴും എന്റെ കൂടെ ഉണ്ടായിരുന്നു. ഇതിനർത്ഥം അല്ലാഹു അത്തരം ആളുകളെ അയച്ചുകൊണ്ട് സഹായവും പിന്തുണയും എനിക്ക് നൽകികൊ ണ്ടിരിക്കുമെന്നാണ്. അവൻ സ്വയം തന്നെ എന്നെ സഹായിക്കുകയും ചെയ്യുന്നു. ഇങ്ങനെയാണ് അല്ലാഹു അവന്റെ സഹായം നമുക്ക് തുടർന്നും നൽകികൊണ്ടിരിക്കുന്ന ത്.

**അമർ സഫീർ**: ഹുസൂർ, സൂറാ ഫാത്തിഹായോടൊപ്പം ദുമ്മിന്റെ (ഖുർആനിൽ നിന്നും ഹദീസിൽ നിന്നുമുള്ള പ്രാർത്ഥനക്ക് ശേഷ മുള്ള ഊതൽ) സങ്കൽപ്പത്തെ പറ്റി അറിയാൻ എനിക്ക് താൽപര്യമുണ്ട്. ഞാൻ ചില ആളുകളിൽ നിന്നും കേട്ടത് ചിലപ്പോൾ ചില ആളുകൾ താങ്കളെ സന്ദർശിക്കാൻ വരുമ്പോ ൾ അങ്ങ് അവിടുത്തെ കരങ്ങൾ അവരുടെ മേൽ വെച്ച്കൊണ്ട് പ്രാർത്ഥിക്കുകയും അവരുടെ അസുഖം മാറുകയും ചെയ്തതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. ദുമ്മിൽ ഒരാളുടെ ശ്വാസം ഊതിക്കൊണ്ടു ള്ള സങ്കൽപ്പം എന്താണ്? അല്ലെ ങ്കിൽ പ്രാർത്ഥിക്കുമ്പോൾ ഒരാളുടെ മേൽ കൈവെക്കലാണോ?

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V**: ഒരു ഹദീസിൽ അസുഖമായ ഒരാളെ റസൂൽ തിരുമേനി(സ) യുടെ ഒരു അനുയായി ചികിത്സിച്ചതായി അറിയാൻ കഴിഞ്ഞു: അവിടുന്ന് അനുചരനോട് ചോദിച്ചു എങ്ങനെ യാണ് താങ്കൾ ചികിത്സിച്ചതെന്ന്? സൂറ: ഫാത്തിഹ ഓതിക്കൊണ്ടാണ് പ്രാർത്ഥിച്ചതെന്ന് അനുചരൻ പറഞ്ഞു. റസൂൽ തിരുമേനി (സ) ചോദിച്ചു താങ്കൾ എങ്ങനെയാണ് സൂറ:ഫാത്തിഹ ചികിത്സക്ക് ഉപയോഗിക്കാമെന്ന് അറിഞ്ഞത്? ആ അനുചരൻ പ്രതിവചിച്ചത്. കാരണം സൂറ: ഫാത്തിഹായിൽ ശിഫ (ശമനം) ഉണ്ട്.

ഒന്നാമതായി പ്രാർത്ഥന കൾക്ക് ഉത്തരമുണ്ടാകുമെന്നും അസുഖം ഭേദമാവുമെന്നും നിങ്ങൾ ക്ക് പൂർണ്ണ ബോദ്ധ്യം വേണം. വാഗ്ദത്ത മസീഹ്(അ) പറഞ്ഞത് വിശ്വാസവും പൂർണ്ണ ബോദ്ധ്യവും ഇതിന്ന് ആവശ്യമാണെന്നാണ്.

രണ്ടാമതായി ശിർക്കിന്റെ (അല്ലാഹുവിൽ പങ്ക് ചേർക്കൽ) യാതൊരു അംശവും ഉണ്ടാവാൻ പാടില്ല. ഇത് അല്ലാഹുവിൽ നിന്നു ള്ള മഹത്തായ അനുഗ്രഹമാണ് എന്ന ധാരണ ഹൃദയത്തിൽ വേണം.

ചിലപ്പോൾ ഞാൻ ഇത് ചെയ്യുമ്പോൾ വാഗ്ദത്ത മസീഹി നോട് അല്ലാഹു പറഞ്ഞത് ചിന്തി ക്കാറുണ്ട്.

**'രാജാക്കന്മാർ നിന്റെ വസ്ത്ര ത്തിൽ നിന്ന് അനുഗ്രഹം തേടും.'**

അതിലുപരിയായി വാഗ്ദത്ത മസീഹിന്റെ മോതിരം ഇത്തരമൊരു പ്രവചനത്തിന്റെ അടിസ്ഥാനത്തി ലുള്ളതാണ്.

**'അല്ലാഹു തന്റെ ദാസന്ന് മതിയായവനല്ലയോ?'**

ആയതിനാൽ ചില അനുഗ്രഹങ്ങൾ അതിലുണ്ട്. ഈ അർത്ഥത്തിൽ ഞാൻ ആളുകളിൽ ഈ മോതിരം ഉരസുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കാറുമുണ്ട്. എന്തായിരുന്നാലും അല്ലാഹു എന്റെ ഹൃദയത്തിൽ ഒരു പ്രചോദനം ഉണ്ടാക്കിയാലോ അല്ലെങ്കിൽ ആരെങ്കിലും എന്നോട് ആവർത്തിച്ചു അഭ്യർത്ഥിച്ചാലോ മാത്രമേ ഞാൻ അങ്ങനെ ചെയ്യാറുള്ളൂ. ഞാൻ ചിലപ്പോൾ അങ്ങനെ ചെയ്യുന്നതിൽ തകരാറൊന്നുമില്ല എന്ന് അല്ലാഹു എന്റെ ഹൃദയത്തിൽ തോന്നിച്ചു തരുന്നതനുസരിച്ച് ചിലപ്പോൾ ഞാൻ അങ്ങനെ ചെയ്യാറുണ്ട്. ഞാനൊരിക്കലും എല്ലാവർക്ക് വേണ്ടിയും ഇപ്രകാരം ചെയ്യാറില്ല. അല്ലാഹുവിൽ നിന്ന് ഒരു പ്രചോദനം ഉണ്ടെങ്കിൽ മാത്രമേ അങ്ങനെ ചെയ്യാറുള്ളൂ.

നമുക്ക് ശാരീരികമായി അസുഖം ഭേദമാവാറുണ്ട്. ഇത് ആത്മീയ രീതിയിലുള്ള രോഗശമനമാണ്. അത് എപ്പോഴും നൂറ് ശതമാനം വിജയമാണെന്ന് തെളിവ് നിരത്തി പറയേണ്ട ആവശ്യമില്ല. കാരണം രോഗശമനം പൂർണ്ണമായും അല്ലാഹുവിന്റെ അനുഗ്രഹത്തോടെയാണ്. അവൻ ഇഛിച്ചാലും അനുഗ്രഹിച്ചാലും മാത്രമേ രോഗശമനമുണ്ടാകൂ.

സാധാരണ പ്രാർത്ഥനയും ആരാധനകളും തീർച്ചയായും എന്തിന് വേണ്ടിയെങ്കിലും നിശ്ചയിച്ചിട്ടുള്ളതാണ്. പക്ഷേ ഇവിടെയുള്ള അതിന്ന് പുറമേയുള്ള ഒരു ഘടകം ഉള്ളത് **തബർറുക്ക്** ആണ്. (വിശുദ്ധരുടെ തിരുശേഷിപ്പുകളാണ് തബർറുക്ക്). വാഗ്ദത്ത മസീഹിന്റെ (അ) മോതിരം തബർറുക്കിന്ന് ഉദാഹരണമാണ്. ആ മോതിരത്തിൽ ഖുർആനിലുള്ള അല്ലാഹുവിന്റെ വെളിപാടു വചനങ്ങൾ തന്നെയാണ്. അത് വാഗ്ദത്ത മസീഹിനുണ്ടായിരുന്ന വെളിപാടു കൂടിയായിരുന്നു. സത്യമെന്താണെന്ന് വെച്ചാൽ അല്ലാഹു മതിയായവനാണ്. അവൻ ഈ വസ്തുവിലും അനുഗ്രഹം ചൊരിയാൻ മതിയായവനാണ്.

ചില ആളുകളിൽ അത്ഭുതകരമായ രോഗശമനമുണ്ടാകുന്നത് ഞാൻ കണ്ടിട്ടുണ്ട്. തീരെ സുഖപ്പെടില്ല എന്ന് ഞാൻ കരുതിയ രോഗികൾ അസുഖത്തിൽ നിന്നും മുക്തിനേടുന്നു. അവർ തങ്ങൾക്ക് സുഖമായി എന്ന് പറയുന്നു. ഇത് അല്ലാഹുവാണ് സാദ്ധ്യമാക്കി തീർക്കുന്നത്. ഞാൻ പീറിനെ പോലെയോ ഫക്കീറിനെ (സിദ്ധന്മാരും രോഗശമനം വരുത്തുന്ന ആത്മീയ ചികിത്സകരും) പോലെയോ ഉള്ള ആളല്ല. അവർ ഇത് ഒരു പ്രൊഫഷൻ പോലെ നടത്താറുണ്ട്. അവരുടെ അരികിലേക്ക് വരുന്ന എല്ലാ ഓരോ ആളുകൾക്കും അവർ ഇത്തരം രോഗ ചികിത്സ നടത്താറുണ്ട്.

**അമർ സഫീർ**: ഹുസൂർ, ദൈവത്തോട് അഭിമുഖമായി നിന്നുകൊണ്ട് പ്രാർത്ഥിക്കുമ്പോൾ 'നിങ്ങൾക്ക് യഥാർത്ഥത്തിൽ കരച്ചിൽ വരുന്നില്ലെങ്കിലും കരയുന്നത് പോലെ പ്രാർത്ഥിക്കണം' എന്ന് വാഗ്ദത്ത മസീഹ് (അ) പറഞ്ഞത് ഞാൻ രഹസ്യമായി ശ്രമിക്കാറുണ്ട്. ഞാൻ ഇതിനെപറ്റി എപ്പോഴും കൂടുതൽ പഠിക്കാൻ ആഗ്രഹിക്കുന്നവനാണ്. യഥാർത്ഥത്തിൽ എങ്ങനെയാണ് ഇത് സാദ്ധ്യമാവുക ഹുസൂർ?

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തു മസീഹ് V**: നമ്മുടെ ബാഹ്യമായ സ്വാധീനങ്ങൾ നമ്മുടെ ആന്തരികമായ ആത്മീയാവസ്ഥകളെയും സ്വാധീനിക്കുന്നു. നാം നമ്മുടെ മുഖഭാവവും പ്രകടനവും കാഴ്ച്ച വെക്കുമ്പോൾ അല്ലാഹു അത് കാണുകയും അതിന്ന് ഒരു പ്രഭാവമുണ്ടാകുകയും ചെയ്യുന്നു.

ഉദാഹരണത്തിന്ന് ഒരാൾ പുറത്തേക്ക് ദേഷ്യ പ്രകടനം നടിക്കുകയാണെങ്കിൽ പിന്നെ യഥാർത്ഥത്തിൽ ദേഷ്യം വരുന്നതായിരിക്കും. എന്റെ കുട്ടിക്കാലത്ത് തമാശക്ക് വേണ്ടി എന്റെ സ്നേഹിതനോട് ഞാൻ ദേഷ്യം പിടിച്ചത് പോലെ പ്രകടിപ്പിക്കുകയുണ്ടായി. എന്റെ കൂട്ടുകാരൻ ഞാൻ യഥാർത്ഥത്തിൽ ദേഷ്യം പ്രകടിപ്പിച്ചതായി കരുതി. അവൻ ദേഷ്യത്തോടെ അതുപോലെ പകരം വീട്ടി. ഇത് എനിക്ക് യഥാർത്ഥത്തിൽ ദേഷ്യം വരാൻ കാരണമായി. അത്തരം സംഭവങ്ങളിലൂടെ എന്റെ കുട്ടിക്കാലത്ത് ഞാൻ ഇത് അനുഭവിച്ചതാണ്.

വാഗ്ദത്ത മസീഹ് (അ) പറഞ്ഞത് നിങ്ങളുടെ ബാഹ്യമായ അവസ്ഥ നിങ്ങളുടെ ആത്മാവിൽ ഒരു പ്രഭാവമുണ്ടാക്കും. നിങ്ങൾ ബാഹ്യമായി കരയുന്ന പ്രകൃതം സൃഷ്ടിക്കുകയും അത്തരം മുഖഭാവങ്ങൾ പ്രദർശിപ്പിക്കുകയുമാണെങ്കിൽ നിങ്ങൾ കണ്ണുനീർ പൊഴിക്കാൻ തുടങ്ങും. നിങ്ങൾ കണ്ണുനീർ തൂവുമ്പോൾ നിങ്ങൾക്ക് അത് അന്തരാളത്തിൽ വേദനയായി അനുഭവപ്പെടും. അത് യഥാർത്ഥത്തിലുള്ള കരച്ചിലിലേക്ക് നിങ്ങളെ നയിക്കും. അതിന് ശേഷം ഇത് നിങ്ങളുടെ ശ്രദ്ധയെ പ്രാർത്ഥനയിലേക്കും തിരിക്കും.

നമ്മുടെ മിഷിണറി മിർസാ ലുത്ഫുർഹമാൻ സാഹിബിനെ സംബന്ധിക്കുന്ന ഒരു തമാശയുണ്ട്. അദ്ദേഹം ഹജ്ജിന്ന് പോവുകയുണ്ടായി. മസ്ജിദുന്നബവി (റസൂലുല്ലാഹ് തിരുമേനി(സ) യുടെ മദീനത്തെ പള്ളി)യിൽ ഇരുന്നു. അദ്ദേഹം കരയാൻ വേണ്ടി ആവുന്നത്ര ശ്രമിച്ചു. പക്ഷേ കരച്ചിൽ വരുന്നില്ല. അദ്ദേഹം പറയുന്നു. ഞാൻ സുജൂദിൽ പോയതേ ഉണ്ടായിരുന്നുള്ളൂ. അപ്പോൾ ഒരു കൂട്ടം ആളുകൾ എന്നെ സമീപിച്ചു. അതിൽ ചിലർ എന്റെ പുറത്ത് ശക്തമായി പ്രഹരിച്ചു. അതികഠിനമായിരുന്നു അത്. ഞാൻ വാവിട്ടു നിലവിളിച്ചു. അത്ഭുതപെട്ടു പോയി. അദ്ദേഹം പറയുന്നു ഞാൻ വേദനകൊണ്ട് കരയാൻ തുടങ്ങി. കഠിന വേദനയാൽ സ്വാഭാവികമായും സുജൂദിലേക്ക് പോയി അത്യധികമായി കരഞ്ഞു. അദ്ദേഹത്തിന്ന് ഈ അവസ്ഥയിൽ അല്ലാഹുവിനോട് പ്രാർത്ഥിക്കാൻ കഴിഞ്ഞു. അതുകൊണ്ട് അദ്ദേഹം

പറഞ്ഞു ചിലപ്പോൾ പുറത്ത് ഒരു തൊഴികൊണ്ടാലും അയാൾക്ക് പ്രാർത്ഥനയുടെ അവസ്ഥയിലേക്ക് മാറാൻ അത് സഹായകമാവുന്നു.!!

വാഗ്ദത്ത് മസീഹ്(അ) പറയുന്നു: ആത്മാവിന് മേൽ ശാരീരീരികമായ അവസ്ഥക്ക് ഒരു സ്വാധീനമുണ്ട്. ആത്മാവിന് ശരീരത്തിന് മേലും ഒരു സ്വാധീനമുണ്ട്.

നിങ്ങൾ അധാർമികവും മലിനവുമായ ചിന്തകളിൽ മുഴുകുമ്പോൾ അത് നിങ്ങളുടെ ബാഹ്യമായ അവസ്ഥയിലും പ്രതിഫലിക്കുന്നതായിരിക്കും. സാത്വികതക്ക് വേണ്ടി ബാഹ്യമായി നിങ്ങൾ പ്രാർത്ഥനയിൽ മതിയായ ശ്രദ്ധ കൊടുക്കുകയാണെങ്കിൽ നിങ്ങളുടെ ആത്മാവ് അന്തിമമായി സാത്വികപരിശുദ്ധി ആർജ്ജിക്കും.

**അമർ സഫീർ**: ഹുസൂർ, അങ്ങയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ എന്റെ ചോദ്യം ഇതാണ്. ഫജർ (പ്രഭാത നമസ്ക്കാരം) അതിന് മുമ്പായോ സാധാരണ ഗതിയിൽ നാം വളരെ അയഞ്ഞ വസ്ത്രങ്ങളായിരിക്കും അല്ലെങ്കിൽ നിശാ വസ്ത്രമായിരിക്കും ധരിച്ചിരിക്കുക. നല്ല നിലയിൽ വസ്ത്രം ധരിച്ചായിരിക്കണം നമസ്ക്കാരത്തിൽ പ്രവേശിക്കുക എന്ന് ഞാൻ കേട്ടിട്ടുണ്ട്. വിശദീകരിക്കാമോ?

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V**: ശാരീരികമായി ഇതേ ആവശ്യങ്ങൾക്ക് വേണ്ടിയാണ്, അതായത് ശുദ്ധിയാവാനാണ് നാം അംഗശുദ്ധി വരുത്തുന്നത് (വുളു). അത് നമ്മുടെ സംവേദനേന്ദ്രിയങ്ങളെ തീഷ്ണമാക്കുകയും ശുദ്ധീകരിക്കുകയും പ്രാർത്ഥനക്കായി നമ്മെ തയ്യാറാക്കുകയും ചെയ്യും.

എന്തായിരുന്നാലും ഒരാൾ തന്റെ ശരിയായ വസ്ത്ര ധാരണത്തിലേക്ക് വന്നിട്ടില്ലെങ്കിലും ലളിതമായി അംഗശുദ്ധി പ്രാർത്ഥനക്ക് അയാളെ തയ്യാറാക്കുന്നു.

പൊതുവേ ഒരാൾ തന്റെ നിശാ വസ്ത്രം ധരിച്ചുകൊണ്ട് പ്രാർത്ഥന ആരംഭിക്കരുത്. തഹജ്ജുദ് (പ്രഭാതത്തിന്ന് മുമ്പേയുള്ള നമസ്ക്കാരം) നമസ്ക്കാരത്തിന്ന് ഒരാൾ തയ്യാറാവുന്നുവെങ്കിൽ അംഗശുദ്ധി പാലിക്കുകയും നല്ല രീതിയിൽ വസ്ത്ര ധാരണം നടത്തുകയും വേണം. ബാഹ്യമായ പരിശുദ്ധി ആന്തരിക പരിശുദ്ധിയെ സ്വാധീനിക്കുന്നതാണ്.

ഒരാൾ ഭൗതികമായി സ്വാധീനമുള്ള വ്യക്തിയുടെ സന്നിധിയിലേക്ക് പോകുകയാണെങ്കിൽ ശുദ്ധിയാവുകയും അനുയോജ്യമായ വിധത്തിൽ തയ്യാറാവുകയും ചെയ്യേണ്ടതുണ്ട്. അതുകൊണ്ട് ദൈവത്തിന്റെ സന്നിധിയിൽ പ്രവേശിക്കുമ്പോൾ അതിനായി തയ്യാറാവുകയും ശുദ്ധിയാവുകയും വേണം.

**അമർ സഫീർ**: ഹുസൂർ, സുജൂദിന്റെ അവസരത്തിൽ വ്യക്തിപരമായ പ്രാർത്ഥനകൾ അനുവദിക്കപ്പെട്ടിരിക്കുന്നു. ഈ അവസരത്തിൽ നാം ദൈവവുമായി ഏറ്റവും അടുത്ത് നിൽക്കുന്നവരാണ്. വ്യക്തിപരമായ പ്രാർത്ഥനയിൽ അവലംബിക്കേണ്ട പ്രാർത്ഥനയുടെ ക്രമത്തെ പറ്റി ഞാൻ വിവിധങ്ങളായ അഭിപ്രായ വ്യത്യാസങ്ങൾ കേട്ടിട്ടുണ്ട്. ഉദാഹരണത്തിന്ന് സുജൂദിലുള്ള ഒരാൾ അയാളുടെ സ്വന്തം പ്രാർത്ഥനയാണോ ആദ്യം നടത്തേണ്ടത് അല്ലെങ്കിൽ മറ്റു പ്രാർത്ഥനയാണോ? പ്രിയപ്പെട്ട ഹുസൂർ സുജൂദിൽ എന്താണ് വ്യക്തിപരമായ പ്രാർത്ഥനയുടെ ക്രമം?

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V**: അത് ഒരാളുടെ വ്യക്തിപരമായ അവസ്ഥയും സാഹചര്യങ്ങളും അയാളെ ഗ്രസിച്ചിരിക്കുന്ന വിഷയത്തെയും ആശ്രയിച്ചിരിക്കും. ആ പ്രശ്നത്തിൽ നിങ്ങൾ സ്വാഭാവികമായും കരയുകയും വികാരഭരിതനാവുകയും ചെയ്യും. അത് നിങ്ങൾക്ക് പ്രാധാന്യമുള്ള വിഷയങ്ങളായിരിക്കും. അതിനാൽ നിങ്ങൾ അത്തരം വിഷയങ്ങളിലായിരിക്കും പ്രാർത്ഥിക്കുക.

വാഗ്ദത്ത മസീഹ് (അ) പറയുന്നു: അല്ലാഹുവുമായുള്ള ബന്ധം ശക്തിപ്പെടുത്താൻ അവിടുന്ന് പ്രാർത്ഥിക്കാറുണ്ടായിരുന്നു. ജമാഅത്തിന്റെ പുരോഗതിക്ക് വേണ്ടിയും കുടുംബാംഗങ്ങൾക്ക് വേണ്ടിയും സുഹൃത്തുക്കൾക്ക് വേണ്ടിയും പ്രാർത്ഥിക്കാറുണ്ടായിരുന്നു. വാഗ്ദത്ത മസീഹ്(അ) പ്രാർത്ഥനയുടെ ഒരു ശൃംഖലയെ പറ്റി വിശദീകരിച്ചിട്ടുണ്ട്. എല്ലാ മനുഷ്യരും വ്യത്യസ്ത നിലകളിലുള്ളവരാണ്. ചില വിഷയങ്ങൾ ചിലർക്ക് കൂടുതൽ വൈകാരികതയുണ്ടാക്കും. ഒരാൾ തന്നെ തനിക്ക് വളരെ സമ്മർദ്ദമുണ്ടാക്കുന്ന വിഷയത്തിലായിരിക്കും പ്രാർത്ഥന ആരംഭിക്കുക. ഇത് പ്രാർത്ഥനയുടെ ശരിയായ നില വികസിപ്പിക്കാൻ നിങ്ങളെ സഹായിക്കും

ഇവിടെ പ്രാർത്ഥനയെ പറ്റി കർശനവും കണിശവുമായ ഒരു നിയമമില്ല. നിങ്ങൾക്ക് വൈകാരികമായി കൂടുതൽ ബാധിക്കുന്ന വിഷയത്തെ പറ്റി നിങ്ങൾ പ്രാർത്ഥിക്കണം. കാരണം അതാണല്ലോ നിങ്ങൾക്ക് ഏറ്റവും വൈകാരികതയുണ്ടാക്കുന്ന വിഷയം.

ആദ്യമായി നിങ്ങളുടെ പാപപൊറുതിക്കായി അല്ലാഹുവിനോട് ദുആ ചെയ്യണം. പിന്നീട് കൂടുതലായി ദൈവം നിങ്ങളിൽ ചൊരിഞ്ഞ അനുഗ്രഹങ്ങളെ പറ്റി ചിന്തിക്കുക. പിന്നീട് നിങ്ങൾ നിങ്ങളുടെ തന്നെ സ്വന്തം അവസ്ഥയെയും പോരായ്മകളെയും കുറിച്ചും ചിന്തിക്കുക. അത്രയും മതി നിങ്ങളെ വികാരാധീനനാക്കാൻ.

**അമർ സഫീർ**: ഹുസൂർ ഇക്കാലത്ത് അധിക പേരും തങ്ങളുടെ പ്രാർത്ഥനകൾ വീടുകളിലാണ് നിർവ്വഹിക്കുന്നത്. ചിലപ്പോൾ ഞാൻ വീട്ടിൽ നമസ്ക്കരിച്ച് കൊണ്ടിരിക്കുമ്പോൾ എന്റെ ചെറിയ കുട്ടികൾ വന്ന് കളിക്കാൻ തുടങ്ങുകയും ഞാൻ പ്രാർത്ഥിക്കുന്ന സ്ഥലത്ത് ബഹളം വെക്കുകയും ചെയ്യാറുണ്ട്. പ്രിയപ്പെട്ട ഹുസൂർ ഇത്പോലെ

അങ്ങയുടെ പേരകുട്ടികൾ അങ്ങയുടെ വീട്ടിലും ബഹളമുണ്ടാക്കാറില്ലേ? അങ്ങനെയുള്ള അവസരങ്ങളിൽ കുട്ടികളോട് എങ്ങനെ പെരുമാറണം.?

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V**: ഞാൻ വീട്ടിൽ നമസ്ക്കരിക്കുമ്പോൾ വളരെ അപൂർവ്വമായി കുട്ടികൾ എന്റെ അടുത്ത് വരാറുണ്ട്. ഒരിക്കൽ എന്റെ പേരകുട്ടികളിലൊരാൾ വന്നിട്ടുണ്ട്. പക്ഷേ സാധാരണയായി അവർ ഞാൻ പ്രാർത്ഥിക്കുമ്പോൾ അടുത്ത് വരാറില്ല. ശരിയാണ് അവർ വന്നാൽ അവർ ചില കുസൃതികൾ കാട്ടാറുണ്ട്. എനിക്ക് ചുറ്റും കളിക്കാറുണ്ട്. അങ്ങനെ വരുമ്പോൾ ഞാൻ അവരുടെ കൈപിടിച്ച് നിന്നു കൊണ്ട് എന്റെ കൂടെ പ്രാർത്ഥിക്കാൻ പറയാറുണ്ട്. അല്ലെങ്കിൽ അങ്ങനെ ചെയ്യാൻ അവർക്ക് സൂചന നൽകാറുണ്ട്. അതിന്ന് ശേഷം അവർ എന്നോടൊപ്പം പ്രാർത്ഥനയിൽ പങ്കുചേരാറുണ്ട്. എന്നാൽ എന്റെ പ്രാർത്ഥന അധികമാവുമ്പോൾ അവർ വേഗം ക്ഷീണിതരാകും. അവസാനം അവർ പ്രാർത്ഥനയിൽ നിന്നും വിരമിക്കുകയാണ് ചെയ്യാറ്. അല്ലെങ്കിൽ അവർ എന്റെ അടുത്ത് നിന്ന് നമസ്ക്കരിച്ച് പിന്മാറും. ഇതാണ് എന്റെ കൊച്ചു പേരകൂട്ടികളുടെ അവസ്ഥ. എന്റെ മുതിർന്ന പേരകുട്ടികൾ എന്റെ നമസ്ക്കാരത്തിന്ന് യാതൊരു ഭംഗവും വരുത്താറില്ല.

റസൂൽ തിരുമേനി (സ) യുടെ കാലത്ത് അവിടുത്തെ പേരകുട്ടികൾ വന്ന് അവിടുത്തെ പിറകിൽ കയറി ഇരിക്കുമായിരുന്നു. ഹദ്റത്ത് ഇമാം ഹുസ്സെയിൻ(റ) ഒരിക്കൽ റസൂൽ തീരുമേനി(സ) ദീർഘമായി സുജൂദിൽ പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ ഹദ്റത്ത് ഹുസ്സെയിൻ(റ) റസൂൽ തിരുമേനി(സ)യുടെ പുറത്ത് വന്നിരിക്കുകയുണ്ടായി. പരിശുദ്ധ പ്രവാചകൻ (സ) തന്റെ സുജൂദ് ദീർഘിപ്പിക്കാൻ തീരുമാനിച്ചു. പ്രാർത്ഥന അവസാനിച്ചപ്പോൾ സഹചരന്മാർ റസൂൽ (സ) തിരുമേനിയോട് ചോദിച്ചു സുജൂദിൽ റസൂൽ തിരുമേനി(സ) ക്ക് സംഭവിച്ചതെന്താണ്? എന്തു കൊണ്ടാണ് സുജൂദ് ഇത്ര ദീർഘിച്ചു? റസൂൽ തിരുമേനി(സ) പറഞ്ഞു, എന്റെ പേരകുട്ടി എന്റെ പുറത്ത് കയറിയിരുന്നതായിരുന്നു കാരണം. അവൻ ഇറങ്ങുന്നത് വരെ സുജൂദിൽ നിന്നും എഴുന്നേൽക്കണ്ട എന്ന് തീരുമാനിച്ചു. അവൻ ഇറങ്ങിയപ്പോഴാണ് ഞാൻ സുജൂദിൽ നിന്നും എഴുന്നേറ്റത്.

റസൂൽ തിരുമേനി(സ) പേരകുട്ടി തന്റെ പുറത്ത് ഇരുന്നതിനാൽ പ്രാർത്ഥന വൈകിപ്പിക്കുകയുണ്ടായി. ഇതിൽ നിന്നും നമുക്ക് മനസ്സിലാവുന്നത് കുഞ്ഞുങ്ങളെ ചീത്തപറയേണ്ട അവശ്യമില്ലെന്നാണ്. അവർക്ക് സ്നേഹത്തോടെ കാര്യങ്ങൾ വിശദീകരിച്ചു കൊടുക്കുകയാണ് വേണ്ടതെന്നാണ് ഈ സംഭവം നമ്മോട് പറയുന്നത്. നമസ്ക്കരിക്കുമ്പോൾ കുട്ടികൾ വന്നാൽ തനിക്കൊപ്പം നമസ്ക്കരിക്കണം എന്ന് അവരോട് പറയണം.

**അമർ സഫീർ**: ഹുസൂർ ദൈവത്തോട് നടത്തുന്ന പ്രാർത്ഥനകൾ സ്വീകരിക്കുമെന്നതിനാൽ ലോകത്തിന്റെ നാനാ ഭാഗത്തുനിന്നും പ്രാർത്ഥനക്ക് അഭ്യർത്ഥിച്ചുകൊണ്ട് ധാരാളം കത്തുകൾ അങ്ങേക്ക് എത്താറുണ്ട്. ഓരോ കത്തിലെയും പ്രാർത്ഥനക്കുള്ള അപേക്ഷ അനുസരിച്ച് എങ്ങനെയാണ് അങ്ങേക്ക് ദൈവത്തോട് പ്രാർത്ഥിക്കാൻ കഴിയുക?

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V**: എനിക്ക് കത്ത് കിട്ടുമ്പോൾ അവിടെ വെച്ചു തന്നെ ഞാൻ പ്രാർത്ഥിക്കാറുണ്ട്. അതിന്ന് ശേഷം കത്ത് വായിക്കുമ്പോഴും ഞാൻ പ്രാർത്ഥിക്കാറുണ്ട്. അല്ലാഹു അവർക്കെല്ലാം അനുഗ്രഹം നൽകുമാറാകട്ടെ. വാഗ്ദത്ത മസീഹ് (അ) പറയുകയുണ്ടായി അവിടുത്തേക്ക് എഴുത്ത് വരുമ്പോൾ ഓരോ എഴുത്തും ഒന്നൊന്നായി വായിക്കും ഓരോ കത്ത് വായിക്കുമ്പോഴും അവിടുന്ന് പ്രാർത്ഥിക്കാറുണ്ടായിരുന്നു.

കൂടാതെ സുജൂദിൽ എനിക്ക് ലഭിക്കുന്ന നിരവധി അപേക്ഷകളെ കുറിച്ച് ഞാൻ ഓർക്കാറുണ്ട്. ഞാനവർക്ക് വേണ്ടിയെല്ലാം പ്രാർത്ഥിക്കാറുണ്ട്. ചില ആളുകൾക്ക് രോഗമായിരിക്കും ചിലർക്ക് സാമ്പത്തിക ബുദ്ധിമുട്ടുകളായിരിക്കും. ചിലർക്ക് ഭാര്യക്കും ഭർത്താവിനുമിടയിലുള്ള വൈവാഹിക പ്രശ്നങ്ങളായിരിക്കും. ചിലർക്കാകട്ടെ അവർ അഭിമുഖീകരിക്കുന്ന മറ്റു ചില പ്രശ്നങ്ങളായിരിക്കും. അവർക്കെല്ലാവർക്കും അവരുടെ പ്രയാസങ്ങളിൽ നിന്നും മോചനം ലഭിക്കാൻ ഞാൻ പ്രാർത്ഥിക്കാറുണ്ട്. എനിക്ക് പ്രാർത്ഥിക്കാൻ കത്തുകളയക്കാത്തവർക്ക് വേണ്ടിയും ഞാൻ പ്രാർത്ഥിക്കാറുണ്ട്. ഞാൻ ജമാഅത്തിലെ എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കാറുണ്ട്. എന്റെ **സജദ നവാഫിലും** (ഐഛികമായ സുജൂദ്) തഹജ്ജുദുകളിലും ഞാൻ എല്ലാവർക്ക് വേണ്ടിയും പ്രാർത്ഥിക്കാറുണ്ട്.

രാത്രിയിൽ ഉറങ്ങുന്നതിന്ന് മുമ്പായി ഞാൻ ഖുൽസ്, അല്ലെങ്കിൽ ആയത്തുൽ കുർസി (ഖുൽസ് വിശുദ്ധ ഖുർആനിലെ അവസാനത്തെ മൂന്ന് സൂറത്തുകൾ, ആയത്തുൽ കുർസി 2: 256 സൂക്തം) ഓതി ഊതിക്കൊണ്ട് ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കാറുണ്ട് എവിടെയെല്ലാം അഹ്മദികളുണ്ടോ അവർക്കെല്ലാം ഓർത്തുകൊണ്ട് ഞാൻ പ്രാർത്ഥിക്കാറുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും അവർക്കെല്ലാം ഉണ്ടാവട്ടെ. രക്ഷിതാക്കന്മാർ തങ്ങളുടെ മക്കൾക്ക് വേണ്ടി പ്രാർത്ഥിച്ച് അവരുടെ മീതെ ഊതുന്നത് പോലെ ഞാൻ ഈ പ്രാർത്ഥനകളെല്ലാം ഓതിചൊല്ലി ഞാൻ ജമാഅത്തിന്റെ മേൽ മുഴുക്കെ എന്റെ മക്കളുടെ മേലെയെന്ന പോലെ ഊതാറുണ്ട്.

**അമർ സഫീർ**: അല്ലാഹുവിനെ ആരാധിക്കുന്ന കാര്യത്തിൽ അവനോട് മാത്രമേ ആരാധിക്കാൻ

പാടുള്ളൂ അവന്ന് യാതൊരു പങ്കുകാരനുമില്ല എന്നാണ് നാം പറയാറ്. മറ്റാർക്കെങ്കിലും പ്രാർത്ഥിക്കാൻ അനുമതി നൽകുകയാണെങ്കിൽ ഭാര്യയോട് ഭർത്താവിന്ന് സുജൂദ് ചെയ്യാൻ അല്ലാഹു അനുവാദം നൽകിയേനെ എന്ന് റസൂൽ തിരുമേനി (സ) പറയുമായിരുന്നു. ചില സ്ത്രീകൾ ഈ ഹദീസിനെ ചോദ്യം ചെയ്യുകയുണ്ടായി. ഹുസൂറിന്ന് ഇതിലേക്ക് വെളിച്ചം വീശാൻ സാധിക്കുമോ?

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V**: ചിലർ പറയാറുണ്ട് ഈ ഹദീസ് ബലഹീനമാണെന്ന്. മറ്റു ചിലർ പറയാറുണ്ട് ഈ ഹദീസ് സാധുവാണെന്നും. വാഗ്ദത്ത മസീഹ്(അ) പറയുകയുണ്ടായി ഈ ഹദീസ് നാം പരിഗണിക്കുമ്പോൾ ഈ ഹദീസ് അർത്ഥമാക്കുന്നത് അല്ലാഹുവിനെ കൂടാതെ ആരെയെങ്കിലും ആരാധിക്കാൻ അനുവാദം നൽകുന്നില്ല എന്നാണ്. ഒരു ഭാര്യ നല്ല ഭർത്താവിന്ന് എപ്പോഴും നന്ദിയുള്ളവളായിരിക്കും. ഇവിടെ സാഷ്ട്രാംഗം എന്നത് നന്ദിയുള്ളവരായിരിക്കുക എന്നാണ്. അല്ലാതെ സാഷ്ടാംഗം നമസ്ക്കരിക്കുക എന്ന അർത്ഥത്തിലല്ല. അത് അർത്ഥമാക്കുന്നത് പൂർണ്ണമായ അനുസരണം എന്നാണ്. മലക്കുകൾ ആദമിന്ന് മുമ്പിൽ സുജൂദ് ചെയ്യാൻ പറഞ്ഞത് ആദമിനെ യഥാർത്ഥത്തിലുള്ള സുജൂദല്ല സാഷ്ട്രാംഗം നമിക്കാനല്ല എന്ന് വ്യഖ്യാനങ്ങൾ നമുക്ക് പറഞ്ഞുതരുന്നു. ഇത് മനസ്സിലാക്കിതരുന്നത് ഭാര്യ ഭർത്താവിനോട് സംമ്പൂർണ്ണമായ അനുസരണവും വിധേയത്തവുമാണ് പുലർത്തേണ്ടത് എന്നാണ്.

വിശുദ്ധ ഖുർആനിൽ നമ്മെ വളർത്തി നമുക്ക് ഭക്ഷണം തരുന്ന രക്ഷിതാക്കന്മാരെ **റബ്ബ്** (പരിപോഷകൻ) എന്നാണ് വിളിക്കുന്നത്. ഹദീസും ഈ അർത്ഥത്തെ പിന്തുണക്കുന്നു. ഭർത്താവ് നല്ല ഭർത്താവാണെങ്കിൽ അദ്ദേഹത്തെ പൂർണ്ണമായും അനുസരിക്കണമെന്നാണ് സജദ ഇവിടെ അർത്ഥമാക്കുന്നത്. വഴക്ക് പറയുന്ന ഭർത്താവിന്ന് മുമ്പിൽ കുമ്പിട്ടു നിന്ന് സാഷ്ടാംഗം പ്രണമിക്കണമെന്നല്ല ഇത് അർത്ഥമാക്കുന്നത്. ഇസ്ലാം സ്ത്രീകൾക്ക് അവളുടെ അവകാശം നൽകുന്ന മതമാണ്. കൂടാതെ റസൂൽ തിരുമേനി(സ) ചില അവസരങ്ങളിൽ ചില പ്രത്യേക സാഹചര്യങ്ങൾക്കനുസരിച്ച് ആളുകൾക്ക് മാർഗ്ഗദർശനം നൽകാറുണ്ട്. ഒരിക്കൽ റസൂൽ തിരുമേനിക്കരികെ വന്നുകൊണ്ട് ഒരാൾ ചോദിക്കുക്കുകയുണ്ടയി എന്താണ് ഏറ്റവും വലിയ ജിഹാദ്?. (ഒരാൾ ചെയ്യുന്ന അത്യദ്ധ്വാനം) പ്രവാചകന്റെ മറുപടി. വാളുകൊണ്ടുള്ള ജിഹാദ് എന്നായിരുന്നു. ഇത് യുദ്ധത്തിന്ന് പോകാൻ ഭയപ്പെട്ടിരുന്ന ഭീരുവായ ഒരാളോടുള്ള മറുപടിയായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം ഇത് ഉന്നതമായ ഒരു ഗുണമായിരുന്നു.

മറ്റൊരാൾ റസൂൽ തിരമേനി (സ) യോട് ചോദിച്ചു. എന്താണ് ഏറ്റവും നല്ല പ്രവർത്തി എന്ന്? തിരുനബി(സ)യുടെ പ്രതിവചനം അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം ഏറ്റവും പുണ്യമായ പ്രവർത്തി സാമ്പത്തിക ത്യാഗം ചെയ്യലായിരുന്നു. കാരണം ആ വ്യക്തി ദാനം നൽകാൻ വളരെ പിശുക്കനാണ്. മറ്റൊരാളോട് റസൂൽ തിരുമേനി (സ) പറഞ്ഞത് മാതാപിതാക്കന്മാരെ സേവിക്കലാണ് എന്നാണ്. ഏറ്റവും നല്ല പ്രവർത്തി എന്നാണ്. കാരണം അയാൾ മാതാപിതാക്കന്മാരെ വേണ്ട വിധം പരിചരിക്കാത്ത ആളായിരുന്നു. നാലാമത്തെ ആളോട് റസൂൽ തിരുമേനി(സ) പറഞ്ഞത് അയാളുടെ കുടുംബത്തെ നല്ലത് പോലെ സംരക്ഷിക്കലാണ് ഏറ്റവും നല്ല പ്രവർത്തി എന്നാണ്. നാം ഈ ഹദീസുകളെല്ലാം ശേഖരിച്ച് പരിശോധിക്കുകയാണെങ്കിൽ പണ്ഡിതന്മാർ അതിന്റെ പശ്ചാത്തലം വിശദീകരിക്കാതെയോ അതിനെ വ്യാഖ്യാനിക്കാതെയോ നമുക്ക് അത് മനസ്സിലാക്കാൻ സാദ്ധ്യമല്ല. ചിലപ്പോൾ അത് ചില പ്രത്യേക സാഹചര്യത്തിലോ സന്ദർഭത്തിലോ ഒരു പ്രത്യേക മാർഗ്ഗദർശനം നൽകിയതാവാം.

**അമർ സഫീർ**: ഹുസൂർ ഇതിന് മുമ്പ് വീടുകൾ പരിശുദ്ധ സ്ഥലങ്ങളായിരുന്നു. ഇപ്പോൾ വീടുകളിൽ ഇന്റർനെറ്റിലൂടെയും ടെലിവിഷനിലൂടെയും അധാർമികതയുടെ കഠിനമായ പ്രലോഭനങ്ങളാണ് നേരിടുന്നത്. വീടിനകത്തും വീടിന്ന് പുറത്തും എവിടെയും പ്രലോഭനങ്ങളാണ്.

പ്രലോഭനങ്ങളുടെ വേലിയേറ്റങ്ങളുണ്ടാവുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. ഒരു കാലത്ത് നാം നേടിയിരുന്ന ദൈവവുമായുള്ള ബന്ധത്തെ പറ്റി ഈ സാഹചര്യത്തിൽ ഹുസൂർ തിരുമനസ്സിന്ന് നൽകാനുള്ള ഉപദേശമെന്താണ്?

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V**: നിങ്ങൾ നിങ്ങളുടെ പാപങ്ങൾക്ക് ഇസ്തിഗ്ഫാർ (പാപപ്പൊറുതി) നടത്തിക്കൊണ്ടിരിക്കുക. ലാഹൗല (അല്ലാഹുവല്ലാതെ ആർക്കും എന്തെങ്കിലും ശക്തിയോ കഴിവോ ഇല്ല) എന്ന് പറഞ്ഞുകൊണ്ടേയിരിക്കുക. ഇസ്തിഗ്ഫാർ നിങ്ങൾ ശരിയായി ചെയ്തു കൊണ്ടിരുന്നാൽ അത് വളരെ ശക്തിമത്താണ്. വാഗ്ദത്ത മസീഹ്(അ) പറഞ്ഞത് ഒരാൾക്ക് പാപത്തിൽ നിന്ന് സ്വയം മോചനം ലഭിക്കണമെങ്കിലും അവന്റെ തൽസ്ഥിതി നിലനിർത്തണമെങ്കിലും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കണം. പ്രവാചകന്മാർ പറഞ്ഞത് പാപമോചനം എന്നത് അവരുടെ ജനതക്കും അനുയായികൾക്കും വേണ്ടി മാത്രമല്ല. അതായത് അവർക്ക് സ്വന്തത്തിന്ന് വേണ്ടി മാത്രമായിരുന്നില്ല ഭൂതകാലത്തിൽ നിന്ന് രക്ഷിച്ചതിന്നുള്ള നന്ദിക്ക് വേണ്ടി കൂടിയാണ്. ഭൂതകാലത്തിന്റെ പാപങ്ങൾ കരിച്ചു കളയാനും ഭാവിയിലുള്ള പാപങ്ങളിൽനിന്ന് രക്ഷ നേടുന്നതിന്ന് വേണ്ടി ഇസ്തിഗ്ഫാർ നടത്തേണ്ടതുണ്ട്. ( *The Review of Religions March 2021* വിവ. എ.എം*).*

# അദൃശ്യകാര്യങ്ങൾ എങ്ങനെ അറിയാം

നമ്മുടെ ജ്ഞാനേന്ദ്രിയങ്ങളുടെ പരിമിതികൊണ്ട് അദൃശ്യമായ ഭൗതിക യാഥാർത്ഥ്യങ്ങൾ തന്നെ നമുക്ക് സംവേദിച്ചറിയാൻ സാദ്ധ്യമല്ല.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**

(ഖലീഫത്തുൽ മസീഹ് നാലാമൻ)

**അദൃശ്യങ്ങളിൽ വിശ്വസിക്കുന്ന സത്യാത്മാക്കൾക്ക് (ഇതൊരു) മാർഗ്ഗദർശകമാകുന്നു. (വിശുദ്ധ ഖുർആൻ:3-4)**

മുകളിൽ ഉദ്ധരിച്ച ഖുർആനിക വചനങ്ങളിൽ അദൃശ്യങ്ങളിൽ വിശ്വസിക്കുക എന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന കാര്യങ്ങളിൽപ്പെട്ടതാണ്. കഴിഞ്ഞ അദ്ധ്യായത്തിൽ വ്യക്തമാക്കിയത് പോലെ മനുഷ്യന്റെ ആശയങ്ങളെ പരിവർത്തിപ്പിക്കാൻ ശക്തിയും ഭീഷണിയും ഉപയോഗിക്കുന്നതിനെ ഖുർആൻ അതിശക്തമായി അപലപിക്കുന്നു. അതിനാൽ അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുക എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഖുർആൻ അന്ധമായുള്ള വിശ്വാസത്തെ പ്രോത്സാഹിപ്പിക്കുന്നു എന്ന് ഇതിനെ വ്യാഖ്യാനിക്കുന്നത് ഖുർആൻ ശക്തമായി ഊന്നിപ്പറഞ്ഞ കാര്യങ്ങളുടെ നിഷേധമാണ്. മറിച്ച് തെളിവുകളുടെ പിൻബലമോ വസ്തുതാപരമായ ന്യായീകരണമോ ഇല്ലാതെ വ്യാജവിശ്വാസം വെച്ചു പുലർത്തുന്നവർ അവിശ്വാസികളാണെന്നാണ് ഖുർആൻ ആരോപിക്കുന്നത്. മൃഗീയമായ ഹീനമാർഗ്ഗങ്ങളുപയോഗിച്ച് മതവിശ്വാസികളുടെ വിശ്വാസം മാറ്റിയെടുക്കാൻ ശ്രമിക്കുന്നവരെ ഖുർആൻ ആക്ഷേപിക്കുകയും ചെയ്യുന്നു. അങ്ങനെയാണെങ്കിൽ അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുക എന്ന ശൈലിയുടെ വിവക്ഷിതം എന്താണ്. വിശദമായി വിശദീകരിക്കപ്പെടേണ്ട ഒരു സുപ്രധാന ചോദ്യമാണിത്.

ഖുർആൻ ഉപയോഗിച്ച ഒരു സവിശേഷ ശൈലി എന്ന നിലക്ക് ഈ അദൃശ്യകാര്യങ്ങൾ എന്ന പ്രയോഗത്തെക്കുറിച്ച് ആഴത്തിൽ പഠിക്കേണ്ടതുണ്ട്. ഇതിന്റെ യഥാർത്ഥ അർത്ഥവും നിർവ്വചനവും മനസ്സിലാക്കുന്നതിലുണ്ടാവുന്ന വീഴ്ചകൾ മദ്ധ്യകാലഘട്ടത്തിലെ വിവിധ മുസ്‌ലിം ചിന്താ പ്രസ്ഥാനത്തിൽപ്പെട്ട പണ്ഡിതൻമാർക്കിടയിൽ ഉണ്ടായിരുന്ന വാദപ്രതിവാദങ്ങളിൽ സംഭവിച്ചത് പോലെ ഗുരുതരമായ പ്രത്യാഘാതങ്ങളായിരിക്കും സൃഷ്ടിക്കുക. യാതൊരു വിട്ടുവീഴ്ചയുമില്ലാത്ത കടുംപിടിത്തക്കാരായ മുസ്‌ലിം പണ്ഡിതൻമാർ വിശ്വാസ കാര്യത്തിൽ ഒരിക്കലും യുക്തി പ്രയോഗിക്കുവാൻ അനുവദിച്ചില്ല. അവരുടെ അഭിപ്രായത്തിൽ വെളിപാടു സത്യങ്ങൾ സ്വയം പര്യാപ്തമായിരിക്കെ, യുക്തിപരമായ പരിശോധനകളൊന്നും കൂടാതെ തന്നെ അത് സ്വീകരിക്കപ്പെടേണ്ടതാണെന്നാണ്. ഈ വീക്ഷണത്തെ എതിർക്കുന്നവർ എപ്പോഴും യുക്തിയുടെ അധീശത്വത്തിനനുസൃതമായി പ്രവൃത്തിക്കണമെന്ന ഖുർആൻ ആയത്തുകൾ ഉദ്ധരിക്കുന്നു. തീരുമാനമെടുക്കുന്നതിന്റെ ഓരോ ഘട്ടത്തിലും വിശ്വാസത്തിനു മേൽ യുക്തിക്ക് പ്രാമുഖ്യം നൽകണമെന്ന് അവർ വാദിക്കുന്നു.

വിശ്വാസം എന്നാൽ എന്താണ്? ഒരാളുടെ അന്വേഷണ ബുദ്ധിയെ തൃപ്തിപ്പെടുത്താതെ ഒരാൾക്ക് എങ്ങനെ വിശ്വസിക്കാനാവും? എല്ലാ മതങ്ങളിലും ഉൾപ്പെട്ട സാമാന്യ ജനങ്ങളിൽ ഭൂരിഭാഗവും, അവർ വിശ്വസിക്കുന്നതിന്റെ അർത്ഥം ഗ്രഹിക്കാതെയാണ് വിശ്വസിക്കുന്നത് എന്നത് ഒരു യാഥാർത്ഥ്യമാണല്ലോ. അവർ എങ്ങനെയോ വിശ്വസിക്കാനിടയായി. അതുകൊണ്ട് മാത്രമാണ് അവർ വിശ്വാസികളായിരിക്കുന്നത്.

ഒരാൾക്ക് വിശ്വാസവും യുക്തിയും തമ്മിൽ താരതമ്യം ചെയ്ത് നോക്കേണ്ടതിന്റെ ആവശ്യകത അനിവാര്യമായി വരുന്ന ഒരു പ്രതിസന്ധിഘട്ടമാണിത്.യുക്തിയും വിശ്വാസവും തമ്മിലുള്ള പരസ്പര ബന്ധം ഏത് തരത്തിലുള്ളതാണെന്ന് നിർണ്ണയിക്കേണ്ടത് ഇവിടെ ആവശ്യമായി വരുന്നു. യൂറോപ്യൻ തത്ത്വശാസ്ത്രം എന്ന അദ്ധ്യായത്തിൽ ഈ വിഷയം വേണ്ടത് പോലെ ചർച്ച ചെയ്തിട്ടുണ്ട്. അതുകൊണ്ട് വീണ്ടും അതിനെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യാൻ നാം മുതിരുന്നില്ല. അതുകൊണ്ട് അദൃശ്യം എന്ന പ്രയോഗത്തെക്കുറിച്ച് കൂടുതൽ വിശദമായി ഒരു ധാരണ നാം നേടേണ്ടിയിരിക്കുന്നു.

ഒരു കാര്യം ആദ്യമേ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ഒരു വസ്തുവിനെക്കുറിച്ച് നാം അറിയുന്നില്ലെങ്കിൽ ആ വസ്തുവിന് അസ്തിത്വം തന്നെയില്ല എന്ന് അർത്ഥമില്ല. അതിന് അസ്തിത്വമുണ്ടായേക്കാം; പക്ഷേ, അത് നമ്മുടെ അജ്ഞതയുടെ തിരശ്ശീലക്ക്

പിന്നിൽ മറഞ്ഞിരിക്കുന്നുണ്ടാവാം. പിന്നീട്, മനുഷ്യ ഗവേഷണങ്ങൾ മൂലമോ ദിവ്യ വെളിപാടുകൾ മുഖേനയോ അദൃശ്യത്തിൽ നിന്ന് അവ ദൃശ്യ മണ്ഡലത്തിലേക്ക് കടന്നു വരുന്നു.അദൃശ്യം എന്ന പദം വിപുലമായ അർത്ഥത്തിൽ ദൃശ്യമല്ലാത്തതും കേൾക്കാൻ സാധ്യമല്ലാത്തതുമായ സകലതിനേയും സൂചിപ്പിക്കുന്ന ഒന്നാണ്. മനുഷ്യന്റെ ഇന്ദ്രിയങ്ങളിലൂടെ ഗ്രഹിക്കാൻ സാധിക്കാത്ത സകലതിനേയും സൂചിപ്പിക്കുന്ന പദമാണത്. ഈയർത്ഥത്തിൽ മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങൾക്ക് പ്രാപിക്കാൻ കഴിയാത്ത മണ്ഡലത്തിലുള്ള എല്ലാവിധ അസ്തിത്വങ്ങളേയും അദൃശ്യം എന്ന് പറയുന്നു. അദൃശ്യ മണ്ഡലം എപ്പോഴും അപ്രാപ്യമായിത്തന്നെ തുടരണമെന്നില്ല. ഒരു പ്രത്യേക കാലഘട്ടത്തിൽ അവ അപ്രാപ്യമാണെന്നേ അർത്ഥമുള്ളൂ.

ഭൂതം, വർത്തമാനം, ഭാവി എന്നീ കാലഘട്ടങ്ങളുമായി ബന്ധപ്പെട്ട ഗോചരീയ വസ്തുക്കളെക്കുറിച്ചുള്ള എല്ലാ മറഞ്ഞു നിൽക്കുന്ന ജ്ഞാനങ്ങളും ഈ ഗണത്തിൽപ്പെട്ടവയാണ്. മറ്റൊരു വിധത്തിൽ പറയുകയാണെങ്കിൽ അസ്തിത്വത്തിലുള്ള ഒരു വസ്തുവിനെപ്പറ്റി ഒരു നിശ്ചിത കാലഘട്ടത്തിൽ നാം അറിയുന്നില്ല. മറ്റൊരു കാലഘട്ടത്തിൽ നമുക്കത് അറിയുവാനും സാധിക്കുന്നു. അതുകൊണ്ട് നാം അത്തരത്തിലുള്ള വസ്തുവിലും വിശ്വസിക്കേണ്ടത് ആവശ്യമായി വരുന്നു. ഈ വിശ്വാസത്തെ നമുക്ക് അന്ധവിശ്വാസം എന്ന് പറയുവാൻ സാധിക്കില്ല. അനിഷേധ്യമായ തെളിവുകളുടെ പിൻബലമില്ലാത്ത യാതൊന്നിലും വിശ്വസിക്കുവാൻ ഖുർആൻ വിശ്വാസികളോട് ആവശ്യപ്പെടുന്നില്ല. അതിനാൽ യുക്തി വിചിന്തനത്തിലൂടെയും കാര്യകാരണ ചിന്തകളിലൂടെയും താർക്കിക നിഗമനങ്ങളിലൂടെയും കണ്ടെത്താവുന്ന കാര്യങ്ങൾ മാത്രമാണ് അദൃശ്യം എന്നത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്ക് നേരിട്ട് അറിയാൻ കഴിയാത്തതും എന്നാൽ, അവയുടെ അസ്തിത്വത്തെ സംബന്ധിച്ച് യാഥാർത്ഥ്യമാണെന്ന് സ്ഥിരീകരിക്കാൻ സാധിക്കുന്നതുമായ അസ്തിത്വത്തെയാണ് അദൃശ്യം എന്ന് നിർവ്വചിക്കപ്പെട്ടിരിക്കുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. അദൃശ്യങ്ങളിൽ വിശ്വസിക്കുക എന്ന ഈ ഖുർആനിക ഉത്തരവിന്നാധാരമായ അടിസ്ഥാന തത്ത്വങ്ങൾ പൂർണ്ണമായും മനുഷ്യന്റെ അനുഭവ ജ്ഞാനം കൊണ്ട് ശക്തമാക്കപ്പെട്ടവ തന്നെയാണ്.

പദാർത്ഥത്തിന്റെ രൂപത്തിലുള്ള വസ്തുക്കളിൽ നല്ലൊരു ഭാഗം നേരിട്ടു പരിശോധിച്ചു തിട്ടപ്പെടുത്തുവാൻ സാധിക്കാത്തവയാണ്. അവയുടെ അസ്തിത്വത്തെക്കുറിച്ചും ഭൗതിക ഗുണങ്ങളെക്കുറിച്ചുമുള്ള ജ്ഞാനം യുക്തിപരമായ നിഗമനങ്ങളിലൂടെയും അതിസങ്കീർണ്ണമായ ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായത്തോടെയും മാത്രമേ നമുക്ക് പരോക്ഷമായി അറിയാൻ സാധിക്കൂ. ന്യൂട്രിനോകളും (Neutrino)* ആന്റീ ന്യൂട്രിനോ(Anti-Neutrino)*കളും എന്താണ്? ദ്രവ്യവും(Matter)*പ്രതിദ്രവ്യവും (Anti-Matter)* എന്താണ്? ബോസോണും (Boson) *ആന്റിബോസോണും എന്താണ്? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം നേരിട്ടുള്ള പരിശോധനയിലൂടെ ലഭ്യമല്ല. എങ്കിലും അവയുടെ അസ്തിത്വത്തിന്റെ അദൃശ്യലോകം സാർവ്വത്രികമായി അംഗീകരിക്കപ്പെട്ട ഒരു യാഥാർത്ഥ്യമാണ്. മനുഷ്യന്റെ ഇന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന അറിവുകൾ സ്വീകരിക്കുകയും അത് മനുഷ്യ മസ്തിഷ്ക്കമാകുന്ന കമ്പ്യൂട്ടറിലൂടെ കണക്ക് കൂട്ടുകയും ചെയ്യുന്നു. ജീവിതത്തിന്റെ പരമമായ സത്തയാണ് മനസ്സ് എന്ന കാര്യം നാമോർക്കേണ്ടതുണ്ട്. മനസ്സ് എന്നത് മസ്തിഷ്ക്കത്തിന്റെ മറ്റൊരു പേരല്ല. അത് മസ്തിഷ്ക്കത്തിനതീതവും മസ്തിഷ്ക്ക പ്രവർത്തനങ്ങളെ സ്വാധീനിക്കുന്നതുമാണ്.

ബോധത്തിന്റെ (പ്രജ്ഞ) ആത്യന്തിക സ്ഥാനമാണ് മനസ്സ്. യുക്ത്യാധിഷ്ഠിതമായ നിഗമനം മനസ്സിന്റെ അത്ഭുതകരമായ കഴിവാണ്. മനസ്സിലേക്ക് വസ്തുതകളൊന്നും നൽകപ്പെടുന്നില്ലെങ്കിലും മനസ്സിന് സാങ്കല്പിക വസ്തുതകളെ അടിസ്ഥാനമാക്കി പ്രവർത്തനം തുടരാൻ സാധിക്കും. മുമ്പേ ശേഖരിക്കപ്പെട്ട വിവരങ്ങൾ അയവിറക്കിക്കൊണ്ട് പ്രവൃത്തിക്കാനുള്ള കഴിവും മനസ്സിനുണ്ട്. തീരുമാനങ്ങൾ കൈക്കൊള്ളുന്നത് മാനസിക തലത്തിലാണ്. മസ്തിഷ്ക്കം ഒരു ഹാർഡ്‌വെയർ ആണ്. ഓർമ്മകളുടെ വെറും ഒരു സംഭരണശാല. എന്നാൽ, മനസ്സിന് അനന്തത, അന

***ന്യൂട്രിനോ(Neutrino)**: ഒരു പ്രാഥമിക മൗലിക കണം ദുർബല അന്യോന്യ ക്രിയകളിൽ മാത്രം പങ്കെടുക്കുന്നു. സൂക്ഷ്മങ്ങളിൽ വെച്ച് അതിസൂക്ഷ്മമായ ന്യൂട്രിനോയുടെ ദ്രവ്യമാനം പൂജ്യമാണെന്ന് കരുതപ്പെടുന്നു. അതിനാൽ ന്യൂട്രിനോ പ്രകാശവേഗത്തിൽ സഞ്ചരിക്കുന്നതായി ശാസ്ത്ര സമൂഹം വിചാരിക്കുന്നു.(വിവ:)

***ആന്റി ന്യൂട്രിനോ (Antin Neutrino)**: ന്യൂട്രിനോയുടെ പ്രതിദ്രവ്യം (വിവ:)

***ബോസോൺ**: പദാർത്ഥങ്ങൾ നിർമ്മിക്കപ്പെട്ട സൂക്ഷ്മമായ ഒരു പ്രാഥമിക കണം. (വിവ:)

***പ്രതിദ്രവ്യം(Antimatter)**: സാധാരണ ദ്രവ്യത്തിൽ നിന്നു വിപരീതമായ ഘടനയും ഗുണവിശേഷങ്ങളും ഉള്ളവയായി വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന ദ്രവ്യം. അണുകേന്ദ്രം പ്രോട്ടോൺ ന്യൂട്രോൺ എന്നിവക്ക് പകരം ആന്റി പ്രോട്ടോൺ, പോസിട്രോൺ, ആന്റിന്യൂട്രോൺ എന്നിവയാണ് പ്രതിദ്രവ്യത്തിന്റെ ഘടകങ്ങൾ. അമേരിക്കയിലെ നാസയുടെ കീഴിലുള്ള ക്രോംപ്ടൺ ഗാമാറെ ഓബ് സർമേറ്ററി(GRO) 1977ൽ നമ്മുടെ ഗാലക്സിയിൽ പ്രതിദ്രവ്യത്തിന്റെ ഒരു മേഘം (Antimatter Cloud) കണ്ടെത്തുകയുണ്ടായി. പ്രതിദ്രവ്യം നമ്മുടെ ദ്രവ്യവുമായി കൂട്ടിമുട്ടുകയാണെങ്കിൽ ഗാമാരശ്മികൾ ഉൽസർജിച്ച് കൊണ്ട് അവ രണ്ടും അപ്രത്യക്ഷമാവും. അത്തരത്തിലുള്ള ഗാമാരശ്മികളായിരുന്നു GRO കണ്ടെത്തിയത് (വിവ:)

ശ്വരത തുടങ്ങിയ സാങ്കൽപികവും അതിഭൗതികവുമായ കാര്യങ്ങളെക്കുറിച്ചും ചിന്തിക്കുവാനുള്ള കഴിവുണ്ട്. അറ്റമില്ലാതെ നീണ്ടുപോകുന്ന കാര്യകാരണ പരമ്പരകളുടെ ദുർജ്ഞേയത പരിഹരിക്കാൻ മനസ്സ് ശ്രമിക്കുന്നു. ഒരു പ്രത്യേക വസ്തു എവിടെ നിന്നാരംഭിച്ചു? എല്ലാ തുടക്കങ്ങൾക്കുമപ്പുറത്തെന്ത്? സകല കാരണങ്ങൾക്കും മുമ്പേ ഒരു ആദികാരണമുണ്ടായിരുന്നുവോ? ഉണ്ടായിരുന്നെങ്കിൽ ആ ആദികാരണം സജീവവും സചേതനവുമായിരുന്നുവോ? അതല്ല അത് നിർജീവവും ബോധശൂന്യവുമായിരുന്നോ? ആദികാരണം ബോധശൂന്യവും നിർജ്ജീവവുമായിരിക്കാൻ സാധ്യതയില്ലെന്ന യുക്തിസഹമായ തീരുമാനത്തിലാണ് മനസ്സ് ചെന്നെത്തുന്നത്.

വീണ്ടുമുണ്ടാകുന്ന ചോദ്യങ്ങൾ ഇവയൊക്കെയാണ്. അതായത് മരണത്തിന് ജീവൻ സംജാതമാക്കുവാൻ സാധിക്കുമോ? അബോധാവസ്ഥ സുബോധാവസ്ഥക്ക് ജന്മം നൽകുകയും ചെയ്യുമോ? കേവല മസ്തിഷ്ക്ക പിണ്ഡം കൊണ്ടല്ലാതെ മനസ്സ് കൊണ്ട് മാത്രം ഉത്തരം കണ്ടെത്തേണ്ട വിഷയങ്ങളാണിവ. മനസ്സ് ചിലപ്പോൾ സൈദ്ധാന്തികാഭ്യാസങ്ങളിലൂടെയും മറ്റു ചിലപ്പോൾ വസ്തുതാപരമായ അടിസ്ഥാന വിവരങ്ങൾ സൂക്ഷ്മ പരിശോധന നടത്തിയും നെല്ലും പതിരും വേർതിരിച്ച് യുക്തിയുക്തമായ തീരുമാനം കൈക്കൊള്ളുന്നു. നമുക്ക് ചുറ്റുമുള്ള എല്ലാവിധ വികിരണ തരംഗങ്ങളും(Radiation) ദൃശ്യവത്ക്കരിക്കാൻ നമുക്ക് സാധിക്കും. പക്ഷേ, മനുഷ്യന് ആ വികിരണ തരംഗങ്ങളുടെ സാന്നിദ്ധ്യം അവന്റെ കാഴ്ച, കേൾവി, രുചി, ഗന്ധം അതുമല്ലെങ്കിൽ സ്പർശം എന്നീ ജ്ഞാനേന്ദ്രിയങ്ങളിലൂടെ മനസ്സിലാക്കുവാൻ ഒരിക്കലും സാധ്യമല്ല. അവയെ റേഡിയോവിലൂടെയും ടെലിവിഷനിലൂടെയും ദൃശ്യ ശ്രാവ്യ യോഗ്യമായ കമ്പന സിഗ്നലുകളാക്കി മാറ്റിയാൽ മാത്രമേ നമുക്കവയെ കാണുവാനും കേൾക്കുവാനും സാധിക്കുകയുള്ളൂ. എങ്കിൽ പോലും മനസ്സിന്റെ കഴിവുകൊണ്ടാണ് അന്തിമമായി ഈ വൈദ്യുത കമ്പനങ്ങൾ വിശകലനം ചെയ്ത് ശബ്ദങ്ങളും ചിത്രങ്ങളും ചലചിത്രങ്ങളുമാക്കി മാറ്റുന്നത്. ടെലിവിഷൻ സ്ക്രീനിലെ പരന്ന പ്രതലത്തിൽ നാം കണ്ണുകൊണ്ട് കാണുന്ന ചിത്രരൂപങ്ങൾ മാത്രമല്ല മനുഷ്യമനസ്സ് കാണുന്നത്. കണ്ണ് കാണുന്നതിനേക്കാൾ കൂടുതലായി മനസ്സ് കാണുന്നു. അദൃശ്യമായ പല അർത്ഥങ്ങളും ദൃശ്യരൂപത്തിലേക്ക് മനസ്സ് കൂട്ടിച്ചേർക്കുന്നു. ആ കാഴ്ച അർത്ഥപൂർണ്ണമായ ഒരു ദൃശ്യമായി ആവിഷ്ക്കരിക്കപ്പെടുന്നതിന് മുമ്പേതന്നെ മനസ്സാണ് അതിനെ അർത്ഥപൂർണ്ണമാക്കി മാറ്റുന്നത്.

ഇതുവരെ വിവരിക്കപ്പെട്ട ഉപാധികൾക്ക് പുറമെ അദൃശ്യ മണ്ഡലത്തിൽ ഒളിഞ്ഞ് കിടക്കുന്ന ജ്ഞാനങ്ങൾ വെളിപാട് മുഖേനയും പ്രാപ്യമാകുന്നതാണ്. സകല അറിവുകളുടേയും സ്വീകരണ തലമായ മനസ്സിലേക്ക് പഞ്ചേന്ദ്രിയങ്ങളിലൂടേയും വെളിപാടുകൾ എന്ന പ്രതിഭാസത്തിലൂടേയും വിവരങ്ങൾ വിനിമയം ചെയ്യപ്പെടാവുന്നതാണ്. ഇവ രണ്ടും സംയുക്തമായും സ്വതന്ത്രമായും ഒന്ന് മറ്റൊന്നിന് സഹായകമായും വർത്തിക്കുന്നു. ഉദാഹരണമായി നമുക്ക് പഞ്ചേന്ദ്രിയ ജ്ഞാനങ്ങളിലൂടെ ലഭിക്കുന്ന അറിവുകളെ കൂടുതൽ ഉന്നതമായ രീതിയിൽ ഗ്രഹിക്കാൻ വെളിപാടുകൾ സഹായിക്കുന്നു. മനുഷ്യന്റെ എല്ലാ കഴിവുകളേയും പ്രകാശിപ്പിച്ചു കൊണ്ട് കൂടുതൽ ഉന്നതവും സംസ്കൃതവുമായ ഒരു സംവേദനം വെളിപാടുകൾ സാധ്യമാക്കുന്നു. പഞ്ചേന്ദ്രിയങ്ങളിൽ നിന്ന് ലഭിക്കുന്ന സന്ദേശങ്ങളിലെ ദുരൂഹതകളുടെ കുരുക്കഴിക്കാൻ വെളിപാടുകൾക്ക് സാധ്യമാവുന്നു. അത്രയും വ്യക്തമായും സൂക്ഷ്മമായും മറ്റൊരുപാധിയിലൂടെയും അത്തരം സന്ദേശങ്ങളിലെ കുരുക്കഴിക്കാൻ സാധ്യമല്ല. അപ്രകാരം തന്നെ വെളിപാടുകൾ ലഭിക്കുന്ന വ്യക്തിയുടെ പഞ്ചേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന സന്ദേശങ്ങൾ നല്ല പോലെ ഗ്രഹിക്കാൻ വെളിപാടുകൾ സ്വീകർത്താവിനെ സഹായിക്കുന്നു. പഞ്ചേന്ദ്രിയങ്ങൾ തിരിച്ച് ഓർമ്മകളുടെ ശേഖരത്തിൽ നിന്ന് വിവരങ്ങൾ നൽകി വെളിപാടുകൾ മനസ്സിലാക്കാൻ അത് ലഭിക്കുന്നയാളെ സഹായിക്കുന്നു.പഞ്ചേന്ദ്രിയ ജ്ഞാനത്തെ ആശ്രയിക്കാതെ അർത്ഥപൂർണ്ണമായി വെളിപാടുകളെ മനസ്സിലാക്കാൻ സാധ്യമല്ല. എങ്കിലും വെളിപാടുകളിൽ നിന്ന് നേരിട്ടുള്ള സഹായമില്ലാതെ തന്റെ ഭൗതികമായ പരിമിതകൾക്കപ്പുറം പ്രാപിക്കുക എന്നത് മനുഷ്യനെ സംബന്ധിച്ചിടത്തോളം തീരെ അസാധ്യമോ അസംഭാവ്യമോ ആയ കാര്യമല്ല. പക്ഷേ, മനുഷ്യ മനസ്സിന് അതിന്റേതായ പരിമിതികളുണ്ട്. ദൈവിക ജ്ഞാനമണ്ഡലത്തിന് സ്ഥലകാലങ്ങളെ അതിജീവിക്കാനുള്ള കഴിവുണ്ട്. പക്ഷേ മനുഷ്യ ജ്ഞാനത്തിന് അതിന് സാധ്യമല്ല. അതിനാൽ മനുഷ്യശക്തിക്കതീതമായ അത്തരം ജ്ഞാനങ്ങൾ ദൈവമിച്ഛിക്കുന്നവരിൽ മാത്രം വർഷിക്കപ്പെടുന്ന ദിവ്യ വെളിപാടുകൾ മുഖേന മാത്രമേ ലഭ്യമാവുകയുള്ളൂ. ഖുർആൻ പറയുന്നു.

> അവന്റെ ഗോപ്യമായ അറിവ് ആർക്കും വെളിപ്പെടുത്തിക്കൊടുക്കുന്നതല്ല; അവൻ തൃപ്തിപ്പെടുന്ന ദൂതന്മാരൊഴികെ.

പ്രവാചകൻമാരല്ലാത്തവർക്ക് ദിവ്യ സ്വപ്നങ്ങളിലൂടെയും ദർശനരൂപേണയും ശബ്ദരൂപേണയുമുള്ള വെളിപാടുകളിലൂടെ അദൃശ്യ ജ്ഞാനം ലഭിക്കുവാനുള്ള സാധ്യത മേൽ വചനങ്ങളിലെ രണ്ടാം സൂക്തം ഒരിക്കലും തള്ളിക്കളയുന്നില്ല എന്ന് നാം മനസ്സിലാക്കണം. ദൈവദൂതൻമാരല്ലാത്ത ആളുകൾക്ക് ലഭിക്കുന്ന ദൈവജ്ഞാനം ദൈവദൂതൻമാർക്ക് ലഭിക്കുന്ന ജ്ഞാനത്തേക്കാൾ ഉന്നതമായിരി

ക്കാനുള്ള സാധ്യതയെ മാത്രമാണ് ഇവിടെ നിഷേധിക്കപ്പെട്ടിട്ടുള്ളത്. പ്രവാചകൻമാരല്ലാത്തവർക്ക് നൽകപ്പെടുന്ന ജ്ഞാനത്തിന് വെളിപാടുകളിലൂടെയുള്ളതാണെങ്കിൽ പോലും ദൈവദൂതൻമാർക്ക് നൽകപ്പെടുന്ന വെളിപാടുകളുടെയത്ര വ്യക്തതയും സുനിശ്ചിതത്വവും, പൂർണ്ണതയും ഉണ്ടാവില്ല.

പ്രവാചകൻമാർക്ക് നൽകപ്പെടുന്ന ഈ ദിവ്യജ്ഞാനം മിക്കവാറും ആത്മീയ ജ്ഞാനമായിരിക്കും. അതുപോലെ മരണാനന്തര ജീവിതത്തെക്കുറിച്ചുള്ളതുമായിരിക്കും. ദൈവിക വെളിപാടുകളിൽ ലൗകിക ജ്ഞാനപരമായ ധാരാളം വിഷയങ്ങളും അടങ്ങിയിരിക്കും. ഇത്തരം ഭൗതിക ജ്ഞാന പ്രതിപാദനങ്ങൾ പ്രവാചകൻമാരുടെ സത്യസാക്ഷ്യത്തിലും വിശ്വാസികൾക്കുള്ള വിശ്വാസം ദൃഢീകരിക്കുന്നതിന് വേണ്ടി മാത്രം സന്ദർഭവശാൽ ഉൾപ്പെടുത്തപ്പെടുന്നവയാണ്. ഭൗതിക ജ്ഞാന ഗവേഷണങ്ങളിൽ വെളിപാടുകളുടെ സഹായമില്ലാതെ തന്നെ അദൃശ്യകാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തുവാനുള്ള സ്വാതന്ത്ര്യം മനുഷ്യനുണ്ട്. ദൈവിക സഹായവും അനുമതിയും കൂടാതെ ദൈവിക ജ്ഞാനത്തിന്റെ ചെറിയൊരംശം പോലും പൂർണ്ണമായും ഗ്രഹിക്കാനുള്ള മനുഷ്യന്റെ കഴിവിനെയാണ് ഖുർആൻ സംശയാതീതമായി നിരാകരിക്കുന്നത്.

> അവന്റെ അറിവിൽ നിന്ന് അവൻ ഉദ്ദേശിച്ചതല്ലാതെ യാതൊന്നും അവർ പ്രാപിക്കുന്നില്ല. (2:256)

സന്ദേശം വളരെ വ്യക്തമാണ്. അജ്ഞേയമായ മേഖലയിലെ ജ്ഞാനങ്ങൾ അല്ലാഹു അനുവദിക്കുന്ന അളവിൽ മാത്രമേ മനുഷ്യന് പ്രാപിക്കാൻ സാധ്യമാവൂ. ഭൗതികമാണന്ന് പറയപ്പെടുന്ന ഗവേഷണങ്ങളും പര്യവേക്ഷണങ്ങളും പൂർണ്ണമായും ഭൗതികമല്ല എന്ന സൂചനയും ഇതിലടങ്ങിയിരിക്കുന്നു.

ഓരോ കാലഘട്ടത്തിലും ഓരോ വിജ്ഞാന മേഖലകൾ തുറക്കപ്പെടുന്നു. അത് ദൈവികമായ ആസൂത്രണത്തിന്റെയും പരികൽപനയുടെയും ഫലമായിട്ടാണ്. ഈ വ്യാഖ്യാനത്തിനുപോൽബലകമായ മറ്റൊരു ഖുർആൻ സൂക്തം കൂടിയുണ്ട്.

> ഒരു വസ്തുവിന്റെയും ഖജനാവ് നമ്മുടെ പക്കൽ അല്ലാതില്ല. നിശ്ചിത അളവിലല്ലാതെ നാം അത് ഇറക്കാറുമില്ല. (15:22)

വചനത്തിലടങ്ങിയിരിക്കുന്ന അത്ഭുതകരമായ സന്ദേശം വ്യക്തമാണ്. അതായത് അദൃശ്യമണ്ഡലം അതിരുകളില്ലാത്തതും അളവില്ലാത്തതുമാണ്. ആ മണ്ഡലത്തിൽ നിന്നുള്ള ജ്ഞാനങ്ങളിൽ നിന്ന് കാലത്തിന്റെ ആവശ്യമനുസരിച്ച് ദൈവം നിശ്ചയിച്ചു കണക്കാക്കപ്പെടുന്ന അളവിൽ മനുഷ്യന് അനുവദിക്കപ്പെടുന്നു. അതിനാൽ ഖുർആനിക പ്രയോഗങ്ങളായ ആജ്ഞേയം അദൃശ്യം എന്നിവ അന്ധവിശ്വാസത്തേയും അജ്ഞതയേയും പ്രോത്സാഹിപ്പിക്കുന്നവയല്ല. നേരെ മറിച്ച് മനുഷ്യന് നിരന്തരമായി കൂടുതൽ അന്വേഷണങ്ങൾ നടത്താൻ ഈ വചനം പ്രേരിപ്പിക്കുന്നു. മനുഷ്യൻ മനസ്സിലാക്കിയതും നിരീക്ഷിച്ചറിഞ്ഞതുമായ വസ്തുതകൾ അദൃശ്യ മണ്ഡലത്തിലെ വെറുമൊരല്പഭാഗം മാത്രമാണെന്ന യാഥാ ർത്ഥ്യം മനുഷ്യന് മനസ്സിലാക്കി കൊടുത്തുകൊണ്ട് അവനെ ജ്ഞാനാന്വേഷണത്തിന് പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്. പ്രകൃതിയുടെ രഹസ്യങ്ങൾ ഒരിക്കലും തീർന്നു പോകാത്തതാണ്. അതുകൊണ്ട് ജ്ഞാനത്തിനുള്ള അന്വേഷണം മനുഷ്യൻ അനവരതം തുടരേണ്ടിയിരിക്കുന്നു.

ആത്മനിഷ്ഠാപരവും വസ്തുനിഷ്ഠാപരവുമായ അനുഭവങ്ങൾ മാത്രമാണ് യുക്തിസഹമായ തീരുമാനങ്ങളെടുക്കാനുള്ള മനുഷ്യധിഷണയുടെ ഉപകരണങ്ങൾ . തീരുമാനങ്ങളെടുക്കുന്നയാളുടെ സത്യസന്ധത സംശയങ്ങൾക്കതീതമാണെങ്കിൽ പോലും തീരുമാനങ്ങളെടുക്കാൻ ആധാരമാക്കുന്ന വസ്തുതകൾ അയാളുടെ നിയന്ത്രണ പരിധിയിലുള്ളതല്ല എന്ന കാരണത്താൽ അയാളുടെ തീരുമാനങ്ങൾക്ക് തെറ്റു പറ്റാവുന്നതാണ്. തെറ്റായ വിവരങ്ങൾ, തെറ്റുധാരണകൾ, കൃത്രിമത്വം, മാനസികമായ കഴിവുകളുടെ അപര്യാപ്തത ഈ ഘടകങ്ങളെല്ലാം ഒരാളുടെ അഭിപ്രായ രൂപീകരണത്തിന്റെ ഗുണനിലവാരത്തെ ബാധിക്കുന്ന ഘടകങ്ങളാണ്. ഓരോ നിരീക്ഷകരുടേയും വീക്ഷണ കോണുകൾ വ്യത്യസ് തമായിരിക്കുന്നത് പോലെ തന്നെ അവരുടെ നിരീക്ഷണ ഫലങ്ങളും വ്യത്യസ്തങ്ങളായിരിക്കും. ഇത്തരം സഹജമായ വൈകല്യങ്ങളും തെറ്റുകൾ പിണയാനുള്ള സാധ്യതകളും ഉണ്ടായിരുന്നിട്ടും, മനുഷ്യന്റെ മുമ്പോട്ടുള്ള ഗതിയെ തമസ്സിൽ നിന്ന് താരതമേന്യ വെളിച്ചത്തിലേക്ക് നയിക്കുന്നതിന് മനുഷ്യന്റെ യുക്തിവിചാരശേഷി വളരെയേറെ കാരണമായിട്ടുണ്ട് എന്ന യാഥാർത്ഥ്യം ഒരിക്കലും നിഷേധിക്കാൻ സാധ്യമല്ല.

അല്ലാഹു ഇച്ഛിക്കുന്നവർക്കും അവൻ തിരഞ്ഞെടുക്കുന്നവർക്കും അദൃശ്യമണ്ഡലത്തിൽ നിന്ന് ചില കാര്യങ്ങൾ അവൻ വെളിപ്പെടുത്തി കൊടുക്കും എന്ന വിശുദ്ധ ഖുർആന്റെ അവകാശവാദത്തിന്റെ യാഥാർത്ഥ്യം സംശയാതീതമായി തെളിയിക്കുവാൻ സാധിക്കുമോ? അദൃശ്യ കാര്യങ്ങളിലുള്ള വിശ്വാസം വെറുമൊരു മിഥ്യാബോധമോ വ്യാമോഹമോ അല്ലെന്നും മറിച്ച് അത് യാഥാർത്ഥ്യാധിഷ്ഠിതമാണെന്നും സംശയാലുക്കൾക്ക് യുക്തിപൂർവ്വം സമർത്ഥിച്ചു കൊടുക്കുവാൻ സാധിക്കുമോ? ഇത്തരം ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ സത്യസന്ധവും ശാസ്ത്രീയവുമായ തെളിവുകൾ കൊണ്ട് ദൃഢപ്പെടുത്തേണ്ടതുണ്ട്. ഈ പ്രബന്ധത്തിന്റെ ഉദ്ദേശം തന്നെ ഇതാണ്. വിജ്ഞാനങ്ങൾ വിനിമയം ചെയ്യപ്പെടുന്നതി

നുള്ള ഒരു വിശ്വസനീയ മാർഗ്ഗമാണ് വെളിപാടുകൾ എന്നതിന്റെ പ്രാമാണ്യത തെളിയിക്കുന്ന ധാരാളം തെളിവുകൾ തുടർന്നുള്ള അദ്ധ്യായങ്ങളിൽ വായനക്കാരനു കാണാവുന്നതാണ്.

അജ്ഞേയങ്ങളായ കാര്യങ്ങൾ നിരന്തരമായി ജ്ഞാന മേഖലയിലേക്ക് മാറ്റപ്പെട്ടുകൊണ്ടിരിക്കുകയും മനുഷ്യന്റെ ജ്ഞാനചക്രവാളം നിരന്തരമായി വികസിച്ചു കൊണ്ടിരിക്കുകയുമാണെന്ന് സൂറഃഅൽഹിജ്റിലെ 15-ാം സൂക്തത്തിൽ അടങ്ങിയിരിക്കുന്ന സന്ദേശം വെളിപ്പെടുത്തിത്തരുന്നു. ഈ തിരിച്ചറിവ് വിജ്ഞാനാന്വേഷണത്തിന് അടങ്ങാത്ത ദാഹം ഉണ്ടാക്കിത്തീർക്കുന്നു. പ്രതീക്ഷാ നിർഭരവും അഭിമാനാർഹവുമായ ഒരു സന്ദേശമാണിത്. അതുപോലെ വിനയം കൈക്കൊള്ളാനുള്ള ഒരു പാഠവും ഇത് ഉൾക്കൊള്ളുന്നു.

ഇതുവരെ മനുഷ്യൻ ആർജ്ജിച്ച ജ്ഞാനം തനിക്കറിഞ്ഞു കൂടാത്തതുമായി താരതമ്യം ചെയ്യുമ്പോൾ അനന്തതയുടെ അറ്റമില്ലാത്ത വിസ്തൃതിയുള്ള ക്യാൻവാസിലെ ഒരു ബിന്ദുവോ അല്ലെങ്കിൽ അതിനേക്കാളും സൂക്ഷ്മമായ കണമോ മാത്രമായ ഒന്നാണെന്ന അവബോധം അവനിൽ ജനിപ്പിക്കുന്നു. മനുഷ്യൻ നേടിയ വിജ്ഞാനങ്ങളെല്ലാം നന്നേ ചെറുതാണെന്ന അവബോധം അവനിൽ വിനയം അങ്കുരിപ്പിക്കുവാൻ കാരണമാകുകയും ചെയ്യുന്നു. ഇന്നത്തെ നമ്മുടെ ജ്ഞാനം ആയിരം വർഷങ്ങൾക്ക് മുമ്പേ ഉണ്ടായിരുന്നതിനേക്കാൾ ശതകോടിക്കണക്കിന് മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. ഇനിയുമൊരായിരം വർഷങ്ങൾക്ക് ശേഷമുണ്ടാകുന്ന നമ്മുടെ ജ്ഞാനത്തിന്റെ അളവ് ഇന്നുള്ളതിനേക്കാൾ ശതകോടി മടങ്ങ് വർദ്ധിതമായിരിക്കും. എങ്കിലും അല്ലാഹുവിന്റെ അദൃശ്യ ജ്ഞാന ഭണ്ഡാരവുമായി താരതമ്യം ചെയ്യുമ്പോൾ അത് തുലോം തുച്ഛമായിരിക്കും.

കണ്ടുപിടിത്തങ്ങളുടെ പ്രയാണം ത്വരിതപ്പെടുന്തോറും പഞ്ചേന്ദ്രിയങ്ങളുടെ പരിമിതികൾ കൂടുതൽ പ്രകടമായിത്തീരുന്നു. നമ്മുടെ സംവേദന പരിധിക്കപ്പുറത്ത് അതിവിപുലമായ ജീവരാശികളും ശബ്ദവീചികളുമുണ്ട്. അവ ഗ്രഹിക്കാനുള്ള നമ്മുടെ കഴിവുകൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ നമുക്ക് പല പുതിയ നിറങ്ങൾ കാണാനും പുതിയ ശബ്ദങ്ങൾ കേൾക്കാനും സാധിക്കും. നാം കാണുന്ന നിറങ്ങളും രൂപങ്ങളും വളരെ വ്യത്യസ്തമായിട്ടാണ് മറ്റു മൃഗങ്ങൾ കാണുന്നത്. വർഗ്ഗഭേദങ്ങളും വ്യത്യാസവുമനുസരിച്ച്, മറ്റ് ജീവി കൾക്ക് ഭൗതിക ലോകത്തെക്കുറിച്ചും അനുഭവപ്പെടുന്ന നിറം, ഗന്ധം, രുചി എന്നിവയെല്ലാം വ്യത്യസ്തങ്ങളായിരിക്കും. അങ്ങനെ ഓരോ യാഥാർത്ഥ്യങ്ങളും ആപേക്ഷിക സത്യങ്ങളായി മാറുന്നു. എന്തുതന്നെയായാലും ജീവിലോകത്ത് ഇത്ത രം വ്യത്യസ്തമായ അനുഭവങ്ങൾ പ്രവർത്തന സ്തംഭനം ഉണ്ടാക്കുന്നില്ല. അനുഭവങ്ങളിലെ ഈ വ്യത്യാസങ്ങൾ ജീവിതത്തിലും അതിന്റെ പ്രവർത്തനത്തിലും തടസ്സം സൃഷ്ടിക്കുന്നതിന് പകരം അതിനെ മുന്നോട്ടു നയിക്കുകയാണ് ചെയ്യുന്നത്. കഴുകന്റേയും, തേനീച്ചയുടേയും കൂന്തളി(ട്രൗശറ)ന്റെയും കാഴ്ചശക്തിയിലുള്ള അന്തരങ്ങൾ അവയുടെ ജീവിതാവശ്യങ്ങൾക്ക് തികച്ചും അനുയോജ്യമാണ്. മനുഷ്യനുമായി താരതമ്യപ്പെടുത്തുമ്പോൾ കൂന്തളും ഷഡ്പദങ്ങളും ഓരോ വസ്തുവിനേയും വ്യത്യസ്ത രൂപങ്ങളിലാണ് ദർശിക്കുന്നത്. കാരണം ഓരോ വസ്തുവിന്റെയും അതിന്റെ യഥാ ർത്ഥ വലുപ്പത്തേക്കാൾ കൂടുതലായോ കുറവായോ കാണേണ്ടത് അവയുടെ അതിജീവനത്തിന് അത്യന്താപേക്ഷിതമാണ്. വർഗ്ഗവ്യത്യാസമനുസരിച്ച് ഗ്രഹണശേഷിയും വ്യത്യാസപ്പെടുന്നു. മനുഷ്യനേത്രം അതിന്റെ കഴിവുകളിൽ മാത്രം ങ്ങൾ സത്യസന്ധവും ശാസ്ത്രീയവുമായ തെളിവുകൾ കൊണ്ട് ദൃഢപ്പെടുത്തേണ്ടതുണ്ട്. ഈ പ്രബന്ധത്തിന്റെ ഉദ്ദേശം തന്നെ ഇതാണ്. വിജ്ഞാനങ്ങൾ വിനിമയം ചെയ്യപ്പെടുന്നതിനുള്ള ഒരു വിശ്വസനീയ മാർഗ്ഗമാണ് വെളിപാടുകൾ എന്നതിന്റെ പ്രാമാണ്യത തെളിയിക്കുന്ന ധാരാളം തെളിവുകൾ തുടർന്നുള്ള അദ്ധ്യായങ്ങളിൽ വായനക്കാരനു കാണാവുന്നതാണ്.

അജ്ഞേയങ്ങളായ കാര്യങ്ങൾ നിരന്തരമായി ജ്ഞാന മേഖലയിലേക്ക് മാറ്റപ്പെട്ടുകൊണ്ടിരിക്കുകയും മനുഷ്യന്റെ ജ്ഞാനചക്രവാളം നിരന്തരമായി വികസിച്ചു കൊണ്ടിരിക്കുകയുമാണെന്ന് സൂറഃഅൽഹിജ്റിലെ 15-ാം സൂക്തത്തിൽ* അടങ്ങിയിരിക്കുന്ന സന്ദേശം വെളിപ്പെടുത്തിത്തരുന്നു. ഈ തിരിച്ചറിവ് വിജ്ഞാനാന്വേഷണത്തിന് അടങ്ങാത്ത ദാഹം ഉണ്ടാക്കിത്തീർക്കുന്നു. പ്രതീക്ഷാ നിർഭരവും അഭിമാനാർഹവുമായ ഒരു സന്ദേശമാണിത്. അതുപോലെ വിനയം കൈക്കൊള്ളാനുള്ള ഒരു പാഠവും ഇത് ഉൾക്കൊള്ളുന്നു.

ഇതുവരെ മനുഷ്യൻ ആർജ്ജിച്ച ജ്ഞാനം തനിക്കറിഞ്ഞു കൂടാത്തതുമായി താരതമ്യം ചെയ്യുമ്പോൾ അനന്തതയുടെ അറ്റമില്ലാത്ത വിസ്തൃതിയുള്ള ക്യാൻവാസിലെ ഒരു ബിന്ദുവോ അല്ലെങ്കിൽ അതിനേക്കാളും സൂക്ഷ്മമായ കണമോ മാത്രമായ ഒന്നാണെന്ന അവബോധം അവനിൽ ജനിപ്പിക്കുന്നു. മനുഷ്യൻ നേടിയ വിജ്ഞാനങ്ങളെല്ലാം നന്നേ ചെറുതാണെന്ന അവബോധം അവനിൽ വിനയം അങ്കുരിപ്പിക്കുവാൻ കാരണമാകുകയും ചെയ്യുന്നു. ഇന്നത്തെ നമ്മുടെ ജ്ഞാനം ആയിരം വർഷങ്ങൾക്ക് മുമ്പേ ഉണ്ടായിരുന്നതിനേക്കാൾ ശതകോടിക്കണക്കിന് മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. ഇനിയുമൊരായിരം വർഷങ്ങൾക്ക് ശേഷമുണ്ടാകുന്ന നമ്മുടെ ജ്ഞാനത്തിന്റെ അളവ് ഇന്നുള്ളതിനേക്കാൾ ശതകോടി മടങ്ങ് വർദ്ധിതമായിരിക്കും.

* ഒരു വസ്തുവിന്റേയും ഖജനാവ് നമ്മുടെ പക്കൽ അല്ലാതില്ല. നിശ്ചി ത അളവിലല്ലാതെ നാം അത് ഇറക്കാറില്ല (അൽ ഹിജ്ർ 15:22)

എങ്കിലും അല്ലാഹുവിന്റെ അദൃശ്യ ജ്ഞാന ഭണ്ഡാരവുമായി താരതമ്യം ചെയ്യുമ്പോൾ അത് തുലോം തുച്ഛമായിരിക്കും.

കണ്ടുപിടിത്തങ്ങളുടെ പ്രയാണം ത്വരിതപ്പെടുന്തോറും പഞ്ചേന്ദ്രിയങ്ങളുടെ പരിമിതികൾ കൂടുതൽ പ്രകടമായിത്തീരുന്നു. നമ്മുടെ സംവേദന പരിധിക്കപ്പുറത്ത് അതിവിപുലമായ ജീവരാശികളും ശബ്ദവീചികളുമുണ്ട്. അവ ഗ്രഹിക്കാനുള്ള നമ്മുടെ കഴിവുകൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ നമുക്ക് പല പുതിയ നിറങ്ങൾ കാണാനും പുതിയ ശബ്ദങ്ങൾ കേൾക്കാനും സാധിക്കും. നാം കാണുന്ന നിറങ്ങളും രൂപങ്ങളും വളരെ വ്യത്യസ്തമായിട്ടാണ് മറ്റു മൃഗങ്ങൾ കാണുന്നത്. വർഗ്ഗഭേദങ്ങളും വ്യത്യാസവുമനുസരിച്ച്, മറ്റ് ജീവി കൾക്ക് ഭൗതിക ലോകത്തെക്കുറിച്ചും അനുഭവപ്പെടുന്ന നിറം, ഗന്ധം, രുചി എന്നിവയെല്ലാം വ്യത്യസ്തങ്ങളായിരിക്കും. അങ്ങനെ ഓരോ യാഥാർത്ഥ്യങ്ങളും ആപേക്ഷിക സത്യങ്ങളായി മാറുന്നു. എന്തുതന്നെയായാലും ജീവിലോകത്ത് ഇത്ത രം വ്യത്യസ്തമായ അനുഭവങ്ങൾ പ്രവർത്തന സ്തംഭനം ഉണ്ടാക്കുന്നില്ല. അനുഭവങ്ങളിലെ ഈ വ്യത്യാസങ്ങൾ ജീവിതത്തിലും അതിന്റെ പ്രവർത്തനത്തിലും തടസ്സം സൃഷ്ടിക്കുന്നതിന് പകരം അതിനെ മുന്നോട്ടു നയിക്കുകയാണ് ചെയ്യുന്നത്. കഴുകന്റേയും, തേനീച്ചയുടേയും കൂന്തളി(ട്രൗശറ)ന്റെയും കാഴ്ചശക്തിയിലുള്ള അന്തരങ്ങൾ അവയുടെ ജീവിതാവശ്യങ്ങൾക്ക് തികച്ചും അനുയോജ്യമാണ്. മനുഷ്യനുമായി താരതമ്യപ്പെടുത്തുമ്പോൾ കൂന്തളും ഷഡ്പദങ്ങളും ഓരോ വസ്തുവിനേയും വ്യത്യസ്ത രൂപങ്ങളിലാണ് ദർശിക്കുന്നത്. കാരണം ഓരോ വസ്തുവിന്റെയും അതിന്റെ യഥാ ർത്ഥ വലുപ്പത്തേക്കാൾ കൂടുതലായോ കുറവായോ കാണേണ്ടത് അവയുടെ അതിജീവനത്തിന് അത്യന്താപേക്ഷിതമാണ്. വർഗ്ഗവ്യത്യാസമനുസരിച്ച് ഗ്രഹണശേഷിയും വ്യത്യാസപ്പെടുന്നു. മനുഷ്യനേത്രം അതിന്റെ കഴിവുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. ആധുനിക ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ സഹായത്തോടെ മനുഷ്യന്റെ ഗ്രാഹ്യത ഖഗോളമാനങ്ങളിൽ വികസിച്ചിരിക്കുന്നു.

ഗലീലിയോ (ക്രി.വ 1600) *തന്റെ ആരംഭകാലത്ത് താൻ കണ്ടുപിടിച്ച ദൂരദർശിനിയിലൂടെ ആകാശനിരീക്ഷണം നടത്തിയപ്പോൾ തന്റെ കണ്ടുപിടിത്തത്തിൽ അദ്ദേഹം വളരെയേറെ സന്തുഷ്ടനായിരുന്നു. മനുഷ്യന്റെ ദർശന ചക്രവാളം താൻ നൂറിരട്ടി വികസിപ്പിച്ചുവെന്ന് അദ്ദേഹം അഭിമാനത്തോടെ പറഞ്ഞു. എന്നാൽ, അതിവിദൂരമല്ലാത്ത ഭാവിയിൽ താൻ ദർശിച്ചതിനേക്കാൾ ഒരു ലക്ഷം ഇരട്ടി വലുപ്പത്തിൽ, അല്ല നൂറ്കോടി ഇരട്ടി വലുപ്പത്തിലെങ്കിലും മനുഷ്യൻ പ്രപഞ്ചം ദർശിച്ചറിയുന്ന ഒരു ദിനം ഉദയം ചെയ്യുമെന്ന് അദ്ദേഹം അറിഞ്ഞിരുന്നില്ല. തന്റെ കണ്ടുപിടുത്തവും നിർമ്മിതിയും ഭൂതകാലവുമായി താരതമ്യപ്പെടുത്തിതന്റെ വീക്ഷണകോണിൽ ചിന്തിക്കുവാൻ മാത്രമേ അദ്ദേഹത്തിന് കഴിഞ്ഞിരുന്നുള്ളൂ. നേട്ടങ്ങളിലുള്ള മനുഷ്യന്റെ വിജയാഹ്ലാദങ്ങൾ വളരെ നൈമിഷികമാണെന്നാണ് പലപ്പോഴും തെളിയിക്കപ്പെട്ടിട്ടുള്ളത്.

ജീവിതാവസാനം ഗലീലിയോവിന്റെ ജീവിതം ദുരന്തപൂർണ്ണമായിരുന്നു. അദ്ദേഹം ഒടുവിൽ അന്ധനായി. ശോകപൂർണ്ണമായ അദ്ദേഹത്തിന്റെ വിവരണം ഇത് തെളിയിക്കുന്നു. അദ്ദേഹം കരുതിയത് പോലെ പ്രപഞ്ചത്തിന്റെ ചക്രവാളം നൂറിരട്ടിയായി വികസിപ്പിച്ച പ്രഥമ ദൂരദർശിനിയുടെ ഉപജ്ഞാതാവായ ഗലീലിയോ തന്റെ ശരീരത്തിൽ മാത്രം പരിമിതനായിപ്പോയി എന്ന് വിലപിച്ചു കൊണ്ട് തന്റെ സുഹൃത്തിന് ഒരു കത്തെഴുതുകയുണ്ടായി.

ഈ കദനഭാരം അദ്ദേഹത്തിന്റെ ഹൃദയത്തിന് താങ്ങാവുന്നതിലേറെയായിരുന്നു. അത് ജീവിതത്തെ പരിപൂർണ്ണമായും അസഹനീയമാം വിധം ശോകപൂർണ്ണമാക്കി. ഗലീലിയോവിന്റെ ഈ തീക്ഷ്ണ നൈരാശ്യ പ്രകടനം അദൃശ്യതയുടെ മറ്റൊരു മണ്ഡലത്തിലേക്ക് നമ്മെ നയിക്കുന്നു. ഗലീലിയോവിന് അന്ധത ബാധിക്കുന്നതിന് മുമ്പേ കാഴ്ചക്കുള്ള കഴിവ് ലഭിച്ചിട്ടില്ലായിരുന്നുവെങ്കിൽ താൻ ചവിട്ടി നിന്ന നിലത്തിനപ്പുറത്തുള്ളതെന്താണെന്ന് ദർശിക്കാൻ അദ്ദേഹത്തിനാവുമായിരുന്നില്ല. ഇരുളും വെളിച്ചവും തിരിച്ചറിയാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. പ്രകാശമെന്ന യാഥാർത്ഥ്യത്തെക്കുറിച്ച് അദ്ദേഹം കേട്ടറിഞ്ഞതിൽ വിശ്വസിക്കാൻ മാത്രമേ അദ്ദേഹത്തിന് കഴിയുമായിരുന്നുള്ളൂ. അതും വളരെ അസ്പഷ്ടവും വിവരിച്ചു കൊടുക്കാൻ കഴിയാത്തതുമായ നിലയിൽ മാത്രമേ പ്രകാശത്തെക്കുറിച്ച് അദ്ദേഹത്തിന് മനസ്സിലാക്കാൻ സാധിക്കുമായിരുന്നുള്ളൂ. പ്രകാശത്തേയും നിറത്തേയും കുറിച്ചുള്ള തന്റെ വിശ്വാസത്തിന്റെ സത്യാവസ്ഥ നേരിട്ട് പരിശോധിച്ചറിയുവാൻ സാധിക്കുമായിരുന്നില്ല. എങ്കിലും വെറും കേട്ടുകേൾവി എന്ന കാരണത്താൽ മാത്രം അതിനെ അയ

ശേഷം പേജ് 28 ൽ

***ഗലീലിയോ** (Galileo Galilei 1564-1642): മഹാനായ ഇറ്റാലിയൻ ശാസ്ത്രജ്ഞൻ. ഭൗതിക ശാസ്ത്രരംഗത്ത് നിരവധി മുന്നേറ്റങ്ങൾക്ക് തുടക്കം കുറിച്ചു. ടെലസ്കോപ്പ് ആദ്യമായി ഉപയോഗിച്ചു ജ്യോതി ശാസ്ത്രരംഗത്ത് വിപ്ലവകരമായ പരിവർത്തനം സാധ്യമാക്കി. കോപ്പർനിക്കസിന്റെ സൗരകേന്ദ്ര സിദ്ധാന്തത്തിന്റെ പ്രചാരകനായിരുന്ന ഗലീലിയോവിന്റെ ഭൂമിചലിക്കുന്നു എന്ന സങ്കൽപം ക്രിസ്തു സഭയെ പ്രകോപിപ്പിക്കുകയുണ്ടായി. കോപ്പർ നിക്കൻ സങ്കൽപങ്ങൾ ഉപേക്ഷിക്കാൻ അദ്ദേഹത്തിൽ സമ്മർദ്ദമുണ്ടായി. അവസാനം 1633ൽ മഹാനായ ആ ശാസ്ത്ര പ്രതിഭയെ ക്രിസ്തീയ മതവിചാരണകോടതി ഇൻക്വിസിഷന് വിധേയനാക്കി ജയിലിലടച്ചു. ജയിലിൽ വെച്ച് അന്ധത ബാധിച്ചാണ് അദ്ദേഹം മരിച്ചത്(വിവ:)

വിശുദ്ധ ഖുർആനും സമുദ്ര ശാസ്ത്രവും 3

# സമുദ്രവും കാലാവസ്ഥയും

എ. എം. മുഹമ്മദ് സലീം

നമ്മുടെ ഭൂമിയുടെ 71 ശതമാനം സമുദ്രമാണല്ലോ. സമുദ്രങ്ങൾ ഒന്നിനോടൊന്ന് തൊട്ടു നിൽക്കുന്നുവെങ്കിലും വ്യത്യസ്തമായ അഞ്ചു സമുദ്രങ്ങളായി അതിനെ വേർതിരിച്ചിരിക്കുന്നു. പൊതുവേ കരയോട് ചേർന്ന സമുദ്ര ഭാഗങ്ങളെയാണ് കടൽ (Sea) എന്ന് പറയുന്നത്. സമുദ്രം എന്നത് വലിയ ജലഖണ്ഡങ്ങൾ ഉൾക്കൊള്ളുന്ന വളരെ വിശാലമായ ജലപ്രദേശങ്ങളാണ്. സമുദ്രങ്ങളെ മൊത്തം അഞ്ചായി തിരിച്ചിട്ടുണ്ട്. പസഫിക് സമുദ്രം, അത്‌ലാറ്റിക്ക് സമുദ്രം, ഇന്ത്യൻ മഹാ സമുദ്രം, ആർട്ടിക് സമുദ്രം, അന്റാർട്ടിക് സമുദ്രം എന്നിവയാണവ. ഈ സമുദ്രങ്ങളെല്ലാം അനേകം കടലുകളും കടലിടുക്കുകളും (Strait) ഉൾക്കടലുകളും (Bay) ചേർന്നതാണ്.

## വ്യത്യസ്ത സമുദ്രങ്ങൾ

സമുദ്രജലത്തിന്റെ ഭൗതികവും രാസികവുമായ ഗുണങ്ങൾ വ്യത്യസ്തമാണ്. മുഖ്യമായും താപവും ലവണത്തവുമാണ് ആ വ്യത്യാസങ്ങൾ നിർണ്ണയിക്കുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു:

**രണ്ട് സമുദ്രങ്ങൾ ഒരു പോലെയല്ല.(35:13)**

ഈ വ്യത്യാസങ്ങളാണ് സമുദ്രത്തെ ചനലാത്മകമാക്കുന്നത്. ഭൂമി ഒരു ചരിഞ്ഞ ഗോളമായതിനാൽ സൂര്യപ്രകാശം പല തോതുകളിലാണ് ഭൂമിയിൽ പതിക്കുന്നത്. ഭൂമദ്ധ്യരേഖാ പ്രദേശത്തെ സമുദ്രം സൂര്യന് അഭിമുഖമായതിനാൽ അവിടെ സൂര്യരശ്മികൾ കുത്തനെ പതിക്കുകയും ചൂട് കൂടുതൽ അനുഭവപ്പെടുകയും ചെയ്യുന്നു. ധ്യൂവപ്രദേശങ്ങളിൽ സൂര്യരശ്മികൾ ചരിഞ്ഞ് പതിക്കുന്നത് മൂലം അവിടുത്തെ സമുദ്രങ്ങളിൽ താപം കുറയുന്നു. താപം കുറയുന്നതിനാൽ രണ്ടു ധ്യൂവങ്ങളിലും സമുദ്രജലം ഖരാവസ്ഥയിൽ ഐസായി നിൽക്കുന്നു. സമുദ്രജലത്തിലെ ഈ താപവ്യത്യാസം കാരണം താപം അത് കൂടിയ സ്ഥലത്ത് നിന്നും താപം കുറഞ്ഞ സ്ഥലത്തേക്ക് ചലിക്കുന്നു. താപത്തിന്റെ ഈ ചലനത്തെയാണ് തെർമോ ഡയനാമിക്സ് (Thermo Dymanics) അഥവാ താപഗതികം എന്ന് പറയുന്നത്. സമുദ്രത്തിൽ ഇങ്ങനെ താപം കൊടുത്തും വാങ്ങിയും വിനിമയം ചെയ്യുന്ന പ്രതിഭാസത്തിന്നാണ് താപ ബഡ്ജറ്റിംങ്ങ് (Heat Budgeting) എന്ന് പറയുന്നത്. ഇതിൽ ഉപ്പ് വഹിക്കുന്ന പങ്ക് നിർണ്ണായകമാണ്.

## ഇളകി മറിയുന്ന സമുദ്രം

തിരമാലകൾ (Waves) ജലപ്രവാഹങ്ങൾ (Ocean Currents) വേലിയേറ്റങ്ങൾ (Tides) ഭൂമിയുടെ ഭ്രമണഫലമായുണ്ടാവുന്ന കോരിയോലിസ് പ്രഭാവം (Coriolis Effect) എന്നീ ബലങ്ങളാണ് സമുദ്രത്തെ ചലനാത്മകമാക്കുന്നത്. നിശ്ചലവും നിശബ്ദവുമായി നിൽക്കുന്ന കരകാണാകടലിലേക്ക് കണ്ണും നട്ടിരുന്നാൽ കടൽ നിശബ്ദമാണെന്ന് തോന്നും. പക്ഷേ അത് ചലനാത്മകമാണ്. സമുദ്രജലത്തിന്റെ ഉപ്പും ചൂടും സാന്ദ്രതയുമാണ് കടലിനെ ചലനാത്മകമാക്കുന്നതിന്റെ ഒരു മുഖ്യ ഘടകം.

സമുദ്രത്തിന്റെ ലവണത്തവും വിവിധ സമുദ്രങ്ങളിൽ വ്യത്യസ്തമാണ്. സമുദ്ര ജലത്തിൽ 3.5 ശതമാനം മാത്രമാണ് ഉപ്പ്. കടൽ ജലത്തിൽ വളരെ നേരിയ അളവ് ലവണാംശമുള്ളത്. അത്കൊണ്ട് ശതമാനത്തിന്ന് പകരം സഹസ്രമാനത്തിലാണ് ലവണാംശം പറയുന്നത്. അതായത് സമുദ്രജലത്തിൽ ശരാശരി ഉപ്പിന്റെ അളവ് 35.7 0/00 (സഹസ്രമാനം) മാണ്. ചാവുകടലിൽ ലവണാംശം 245 0/00. ചെങ്കടലിൽ 41. 0/00 മാണ്. ഭൂമദ്ധ്യരേഖാ പ്രദേശങ്ങളിൽ ലവണത്വം കുറവാണ്. അതിന് കാരണം ഉയർന്ന വർഷപാതനിരക്കും കരയിൽ നിന്ന് നദികൾ ശുദ്ധജലം വഹിച്ച് കടലിൽ തള്ളുന്നത് കൊണ്ടുമാണ്. അതുപോലെ ധ്യൂവപ്രദേശങ്ങളിലും ലവണത്തം കുറവാണ്. അവിടെ വമ്പിച്ച തോതിൽ ഖരാവസ്ഥയിൽ ഹിമരൂപത്തിൽ ശേഖരിക്കപ്പെട്ടിരിക്കുന്ന ശുദ്ധജലം ഉരുകി കടലിൽ ചേരുന്നത് കൊണ്ടാണ് ലവണത്വം കടലിന്റെ ഉപരിതലത്തിൽ കുറയുന്നത്. ഭൂമിയുടെ മിതശീതോഷ്ണ മേഖലയിലാണ് ലവണത്വം കൂടുതലുള്ളത്. ചുരുക്കത്തിൽ സമുദ്രം പരസ്പരം ബന്ധിതമാണെങ്കിലും ഖുർആൻ പറഞ്ഞത് പോലെ രണ്ട് സമുദ്രങ്ങൾ ഒരു പോലെയല്ല. സമുദ്രത്തെ ചലനാത്മകമാക്കുന്ന ഉപ്പിനെയും ചൂടിനെയും സംബ

ന്ധിച്ച് ഖുർആൻ പറയുന്നു.

**ഇളകി മറിയുന്ന (വൽ ബഹറിൽ മസ്ജൂറി) സമുദ്രത്തെ കൊണ്ട് സത്യം. (52:7) അവനത്രെ രണ്ട് ജലഖണ്ഡങ്ങളെ (ബഹറൈൻ) ഒഴുക്കി അയച്ചവൻ ഒന്ന് കുടിക്കുവാൻ സുഖമുള്ള (അദ്ബുൻ ഫുറാത്താ)ശുദ്ധജലമത്രേ മറ്റേത് തീഷ്ണമായ ഉപ്പുവെള്ളവും (മിൽഹും ഉജാജുൻ). (25 55)** മേൽ ഖുർആൻ വചനത്തിൽ നദികളെ പോലെ ഒഴുകുന്ന ജലപ്രവാഹങ്ങളെ പറ്റിയാണെന്നാണ് പറയുന്നത്. അതായത് ഒഴുകുന്ന ശുദ്ധലജവും ഒഴുകുന്ന ഉപ്പ് വെള്ളവും. **കുടിക്കുവാൻ സുഖമുള്ള (അദ്ബുൻ ഫുറാത്താ)** എന്നത് പർവ്വതങ്ങളിൽ നിന്നും പുറപ്പെടുകയും അവസാനം സമുദ്രത്തിൽ ചെന്നു ചേരുകയും ചെയ്യുന്ന ശുദ്ധജല വാഹികളായ നദികളാണെന്ന് ഖുർആൻ മറ്റൊരു വചനത്തിൽ സൂചിപ്പിക്കുന്നു.

**അതിൽ (ഭൂമിയിൽ) ഉയരമുള്ള പർവ്വതങ്ങളെ നാം സ്ഥാപിക്കുകയും നിങ്ങളെ സ്വച്ഛമായ ശുദ്ധജലം (മാഅൻ ഫുറാത്താ) കുടിപ്പിക്കുകയും ചെയ്തു.(77:28)**

**'മിൽഹും ഉജാജ്'** എന്നതിന്ന് തീഷ്ണമായ ഉപ്പ്വെള്ളം എന്നതിന്ന് പുറമെ 'ചൂട് വഹിക്കുന്ന ഉപ്പുവെള്ളം' എന്ന അർത്ഥവുമുണ്ട്. 'അജ്'എന്ന ധാതുവിന്ന് കത്തുക ആളികത്തുക എന്നീ അർത്ഥങ്ങളുണ്ട്. അജത്തുന്നാർ (തീ കത്തിക്കുക) 'അജൽ മാഅ്' വെള്ളം അതിന്റെ ലവണത്വം കൊണ്ട് ചൂടാവുന്നു. എന്നാണർത്ഥം വാസ്തവത്തിൽ ജലത്തിലെ ലവണത്വവും താപവുമാണ് സമുദ്രങ്ങളെ അത്ഭുതകരമായ രീതിയിൽ ഒഴുക്കിവിടുന്നത്. സമുദ്രത്തെ സജീവമായി നിലനിർത്തുകയും ചെയ്യുന്നത്. ഇവ രണ്ടും മൂലം ലംബമായും (Vertical) തിരശ്ചീനമായും (Horizontal) സംഭവിക്കുന്ന ജലചലനങ്ങളാണ് സമുദ്രത്തെ ചലനനാത്മകമാക്കുന്നത്. ഉപ്പിന്റെയും ചൂടിന്റെയും സഹായത്താൽ ഈ പ്രതിഭാസം എങ്ങനെ സംഭവിക്കുന്നുവെന്ന് നോക്കാം.

ജലഖണ്ഡങ്ങളുടെ ലംബമായ മാറ്റത്തിന് ഉദാഹരണമാണ് ഭൂമദ്ധ്യരേഖാ പ്രദേശത്തെ ജലചലനങ്ങൾ. ഭൂമദ്ധ്യരേഖാ പ്രദേശത്ത് സൂര്യനുമായുള്ള അഭിമുഖീകരണം കാരണം ധ്രുവ പ്രദേശങ്ങളെ അപേക്ഷിച്ച് സമുദ്ര ജലത്തിന് ചൂടു കൂടുതലാണെന്ന് പറഞ്ഞുവല്ലോ. കൂടുതൽ ചൂടേൽക്കുമ്പോൾ സമുദ്രജലം ബാഷ്പീകരിക്കപ്പെടുന്നു. ലവണജലത്തിലെ ശുദ്ധജലം ഇങ്ങനെ ചൂടുകാരണം ജലബാഷ്പമായി മേലോട്ട് ഉയർന്ന് പോകും. ഭൂമദ്ധ്യരേഖാ പ്രദേശത്തുള്ള ജലമാകട്ടെ കുറുകി സാന്ദ്രത കൂടിയതായി മാറുന്നു. നാം ഉപ്പുവെള്ളം അടുപ്പിൽ വെച്ച് ചൂടാക്കുമ്പോൾ ഉപ്പ് കുറുകി വരുന്നത്പോലെ ലവണാംശം കൂടിയ സമുദ്രജലത്തിന്ന് കട്ടികൂടുന്നു. ഇങ്ങനെ സ്യൂര്യതാപം വഹിച്ച് കട്ടികൂടിയ സമുദ്രജലം ഗുരുത്ത്വാകർഷണത്തിന് വിധേയമായി സമുദ്രത്തിന്റെ തണുത്തുറഞ്ഞ അത്യാഗാതങ്ങളിലേക്ക് മുങ്ങുകയും ചെയ്യുന്നു. ചൂടുള്ള സമുദ്ര ജലം മുകൾ പരപ്പിൽ നിന്നും സമുദ്രത്തിന്റെ അടിയിലേക്ക് താഴ്ന്നുപോകുന്ന ഈ പ്രകിയയയെ സംവഹനം (Convection) എന്നാണ് പറയുന്നത്. ഇങ്ങനെയാണ് തണുത്ത സമുദ്രത്തിന്റെ അടിത്തട്ട് ചൂടാകുന്നത്. ഇതത്രയും സംഭവിക്കുന്നത് കടൽ ജലത്തിൽ അൽപ്പം ഉപ്പ് ഉള്ളത് കൊണ്ടാണെന്ന് നാം ഓർക്കണം. ശുദ്ധജലമായിരുന്നുവെങ്കിൽ ഈ പ്രതിഭാസം സംഭവിക്കില്ലായിരുന്നു. ഒരു അടുപ്പിന്റെ അടിഭാഗം പോലെ സമുദ്രത്തിന്റെ അടിത്തട്ട് ചൂടാക്കുന്ന ഈ പ്രക്രിയയെ സംബന്ധിച്ച വിശുദ്ധ ഖുർആനിലെ പരാമർശം ശ്രദ്ധേയമാണ്.

**സമുദ്രങ്ങൾ കത്തിക്കപ്പെടുമ്പോൾ (വഇദൻ ബിഹാറു സുജ്ജിറത്ത്) (81: 7)**

ഇവിടെ ഉപയോഗിച്ച 'സുജ്ജിറത്ത്'കത്തിക്കപ്പെടുക എന്ന പദം 'സജറ' എന്ന വാക്കിൽ നിന്നും നിഷ്പന്നമായതാണ്. വിറക് നിറച്ച് കത്തിച്ച് ചൂടാക്കുന്നത് (അടുപ്പ്) എന്നാണതിനർത്ഥം. പരസ്പരം ഒഴുക്കപ്പെടുക എന്നും ഇതിന്നർത്ഥമുണ്ട്. സമുദ്രത്തിന്റെ സൂര്യപ്രകാശത്താൽ ചൂടാകുന്ന സമുദ്രജലത്തിലെ മുകൾപരപ്പ് താഴോട്ട് പോയി അടിത്തട്ട് ചൂടാകുമ്പോൾ സമുദ്രമാകെ അടിമേൽ മറിഞ്ഞ് ചലനാത്മകമാകുന്നു. ചൂടുള്ള സാന്ദ്രതയേറിയ ജലം കടലിന്നടിയിലേക്ക് പോകുന്നത് കൊണ്ട് വെറും ഒരു പ്രവാഹം മായിട്ടല്ല പതിനായിരക്കണക്കിന്ന് കിലോമീറ്ററുകളിൽ വിന്യസിക്കപ്പെട്ട ഭൂമദ്ധ്യരേഖാ പ്രദേശത്തെ വമ്പിച്ച സമുദ്രജല ഖണ്ഡങ്ങൾ ലംബമായി താഴോട്ട് നീങ്ങുമ്പോൾ അതിന്ന് പകരമായി സമുദ്രത്തിന്റെ അടിത്തട്ടിലെ തണുത്ത ജലം മുകളിലേക്കും വരുന്നു. Upwelling and Downwelling എന്നാണ് നേരത്തെ പറഞ്ഞ ഈ പ്രതിഭാസം അറിയപ്പെടുന്നത്. അടിഭാഗത്തെ ജലം മുകളിലേക്ക് വരുന്നതിനൊപ്പം സമുദ്രത്തിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയ പോഷക പദാർത്ഥങ്ങളെല്ലാം മുകളിലേക്ക് കൊണ്ട് വരുകയും മത്സ്യങ്ങൾക്ക് അത് ഭക്ഷണമായിത്തീരുകയും ചെയ്യുന്നു. ഇങ്ങനെ കടലിനെ അല്ലാഹു ഇളക്കി മറിച്ചുകൊണ്ടാണ് അതിലെ ജൈവ വ്യവസ്ഥയും മറ്റു ഭൗതിക പ്രതിഭാസങ്ങളും കാലാവസ്ഥാ ചലനങ്ങളും സംഭവിക്കുന്നത്. കൂടാതെ കടലിൽ സമൃദ്ധമായി കാണപ്പെടുന്ന പ്ലവ സസ്യങ്ങൾ (Plankton) മത്സ്യങ്ങളുടെ പ്രധാനാഹാരമാണ്. കടലിലെ ഭക്ഷ്യയോഗ്യമായ വിഭവങ്ങളെ പറ്റി പിന്നീട് പ്രതിപാദിക്കാം. എല്ലാ ജീവികൾക്കും അല്ലാഹു ഭക്ഷണ വിഭവങ്ങൾ എത്തിക്കുന്നു എന്ന വാഗ്ദാനം ഇതോടൊപ്പം ഇവിടെ നിറവേറ്റപ്പെടുകയാണ്.


**ഭൂമിയിൽ ജീവിക്കുന്ന ഒരു**

**ജീവിക്കും, അതിന്ന് ആഹാരം നൽകി പരിപാലിക്കുന്നതിന്നുള്ള ബാദ്ധ്യത അല്ലാഹുവിലായിട്ടല്ലാതെയില്ല. (11:7) നിങ്ങൾക്കും നിങ്ങൾ ഭക്ഷണം നൽകാത്ത ഇതര ജീവികൾക്കും നാം ഉപജീവന മാർഗ്ഗങ്ങൾ അതിൽ ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. (15:21)**

ലംബമായി നടക്കുന്ന ഈ ജലവിസ്ഥാപനം പോലെതന്നെ തന്നെ തിരശ്ചീനമായി സംഭവിക്കുന്ന ജലചലനമാണ് സമുദ്ര ജലപ്രവാഹങ്ങൾ (Ocean currents) ഈ ജലപ്രവാഹങ്ങൾ സമുദ്രത്തെ ചലനാത്മകമാക്കുന്നു. ശീതജല പ്രവാഹമെന്നും ഉഷ്ണജല പ്രവാഹമെന്നും തരംതിരിച്ചിട്ടുള്ള ഈ ജലപ്രവാഹങ്ങൾ ലോക കാലാവസ്ഥയെ വമ്പിച്ചതോതിൽ സ്വാധീനിക്കുന്നു. അതിനെ പറ്റി താഴെ വിവരിക്കാം

## സമുദ്രത്തിലെ ജലപ്രവാഹങ്ങളും കാലവസ്ഥയും

സമുദ്ര ജല പ്രവാഹങ്ങൾ എന്നാൽ കരയിലൂടെ നദികൾ ഒഴുകുന്നത് പോലെ കടലിലൂടെ നിശ്ചിതമായ ദിശയിലും വേഗത്തിലും നിരന്തരമായും കൃത്യമായും സമയം പാലിച്ചും സമുദ്രത്തിലൂടെ ഒഴുകുന്ന ജല പ്രവാഹങ്ങളാണ്. അതിന് കാരണം ഭൂമിയിലെ അഭ്യന്തരവും ബാഹ്യവുമായ പല കാരണങ്ങൾകൊണ്ടാണ്. ഭൂമി ഒരു ഗോളമാണല്ലോ മാത്രമല്ല ഭൂമിയുടെ അച്ചുതണ്ട് 23.5 ഡിഗ്രി ചരിഞ്ഞാണ് ഉള്ളത്. അതുകൊണ്ട് സൂര്യനിൽ നിന്നുള്ള ചൂടും പ്രകാശവും ഭൂമിയിൽ എല്ലായിടത്തും ഒരു പോലെയല്ല ലഭിക്കുന്നത്. ഭൂമിയുടെ ഉപരിതലത്തിൽ അനുഭവപ്പെടുന്ന താപവ്യത്യാസം അന്തരീക്ഷത്തിലെ കാറ്റും സമുദ്രജല പ്രവാഹങ്ങളുമാണ് ക്രമീകരിക്കുന്നത്. ഒരു കൺവെയർ ബെൽട്ടിലെന്നപോലെ സമുദ്രജല പ്രവാഹങ്ങൾ ആ ചൂട് സമുദ്രജല പ്രവാഹങ്ങളിലൂടെ ഭൂമിയുടെ നാനാ ഭാഗത്തേക്കും




വിതണവും ചെയ്യപ്പെടുകയും ക്രമീകരിക്കുകയും ചെയ്യുന്നു. സമുദ്രത്തിന് മുകളിലൂടെ വീശിയടിക്കുന്ന കാറ്റുകൾ ഭൂമിയുടെ ഭ്രമണവും വേലിയേറ്റങ്ങളും സമുദ്രത്തിന്റെ ഈ താപവിതരണത്തെ സഹായിക്കുന്നു.

ഭൂമധ്യരേഖാ പ്രദേശത്ത് നിന്നും ഉഷ്ണജല പ്രവാഹം ധ്രുവങ്ങളിലേക്കും തണുത്ത ധ്രുവ പ്രദേശത്ത് നിന്ന് തണുത്ത ജലപ്രവാഹം ചൂടുള്ള ഭൂമദ്ധ്യരേഖാ പ്രദേശങ്ങളിലേക്കും പ്രവഹിച്ചുകൊണ്ടാണ് ലോക കാലാവസ്ഥയെ ജല പ്രവാഹങ്ങൾ സ്വാധീനിക്കുന്നത്. ഇത് തന്നെ രണ്ട് വിധത്തിലുണ്ട്. കാറ്റിനാൽ ഉണ്ടാവുന്ന സമുദ്ര ഉപരിതലത്തിലെ പ്രവാഹങ്ങളും താപവ്യത്യാസവും സാന്ദ്രതാവ്യത്യാസവും മൂലമുണ്ടാകുന്ന ആഴക്കടലിലെ പ്രവാഹങ്ങളുമാണവ. ആഴക്കടൽ പ്രവാഹങ്ങളാണ് 90 ശതമാനവും സമുദ്രത്തിലുണ്ടാവുന്നത്.

സൂര്യനിൽ നിന്നും രശ്മികൾ കുത്തനെ പതിക്കുന്നതിനാൽ ഭൂമിയിൽ ഏറ്റവും ചൂടുകൂടിയത് ഭൂമദ്ധ്യരേഖാപ്രദേശമാണ്. അതായത് ഭൂമദ്ധ്യരേഖയുടെ ഇരു വശങ്ങളിലും 10 ഡിഗ്രി വരെ അക്ഷാംശ രേഖയിലാണ് ശരാശരി 27 ഡിഗ്രിചൂട് അനുഭവപ്പെടുന്നത്. അവിടെ നിന്നും ധ്രുവങ്ങളിലേക്ക് പോകുന്തോറും ചൂട് കുറഞ്ഞു വരുന്നു. ഈ അസന്തുലിതാവസ്ഥ പരിഹരിക്കാൻ ഭൂമദ്ധ്യരേഖാ പ്രദേശത്ത് നിന്നും താപം സ്വീകരിക്കുന്ന സമുദ്രത്തിലെ ഉഷ്ണജലം ഒരു പ്രവാഹമായി ഭൂമിയുടെ തെക്കും വടക്കുമുള്ള ധ്രുവ പ്രദേശങ്ങളിലേക്ക് സഞ്ചരിക്കുകയും ധ്രുവപ്രദേശങ്ങളിൽ നിന്നുമുള്ള ശീതജല പ്രവാഹം ഉഷ്ണ ഭൂമദ്ധ്യരേഖാ പ്രദേശത്തുള്ള ഉഷ്ണമേഖലയിലേക്ക് സഞ്ചരിക്കുകയും ചെയ്യുന്നു. പസിഫിക്ക്, അത്‌ലാറ്റിക്ക്, ഇന്ത്യൻ സമുദ്രങ്ങളിലെല്ലം ഇത്തരം പ്രവാഹങ്ങളുണ്ട്. ഉഷ്ണജല പ്രവാഹങ്ങളോടുകൂടിയ ഭൂമിയുടെ ധ്രുവ പ്രദേശങ്ങളിലേക്ക് താപഗതിക നിയമമനുസരിച്ച് ജല പ്രവാഹങ്ങളായി സഞ്ചരിക്കുന്നു. തിരിച്ച് ധ്രുവ പ്രദേശങ്ങളിലെ തണുത്ത ജലം ചൂടുകൂടിയ ഭൂമദ്ധ്യരേഖാ പ്രദേശത്തേക്കും കൊണ്ടുവരുന്നു. ഭൂമിയിലെ കാലാവസ്ഥയെ നിയന്ത്രിക്കുന്നതിൽ ഈ ശീത-ഉഷ്ണജല പ്രവാഹങ്ങൾ ഗണ്യമായ പങ്കാണ് വഹിക്കുന്നത്.

പസഫിക് സമുദ്രത്തിലെ കുറോഷിയോ, ഉത്തര പസഫിക് പ്രവാഹം എന്നിവ ഉഷ്ണ ജലപ്രാവാഹങ്ങളും കാലിഫോർണിയാ പ്രവാഹവും പെറു പ്രവാഹവും ശീതജല പ്രവാഹമാണ്. അത്‌ലാ

റ്റിക്ക് സമുദ്രത്തിലെ ഗൾഫ് സ്ട്രീം പ്രവാഹം ബ്രസീൽ പ്രവാഹം എന്നിവ ഉഷ്ണജലവും ഉത്തര അത്‌ലാറ്റിക്ക് പ്രവാഹവും കാനറീസ് പ്രവാഹവും ശീതജല പ്രവാഹങ്ങളാണ്. ഇന്ത്യ സമുദ്രത്തിലെ തെക്ക് പടിഞ്ഞാറൻ മൺസൂൺ പ്രവാഹവും അഗുൽഹാസ് പ്രവാഹവും ഉഷ്ണജലവും പശ്ചിമ ആസ്ട്രേലിയാ പ്രവാഹം ശീതജല പ്രവാഹവുമാണ്.

ഭൂമിയുടെ ഉഷ്ണ മേഖലയിൽ നിന്നും ശീതമേഖലയിലേക്കും തിരിച്ച് ശീതമേഖലയിൽ നിന്ന് ഉഷ്ണമേഖലയിലേക്കും സമുദ്രത്തിന്റെ ഉപരിതലത്തിലൂടെ ഒഴുകുന്ന ജലപ്രവാഹത്തിലെ നീരാവി സമുദ്രവിതാനത്തിന്ന് മുകളിൽ സമാന്തരമായൊഴുകുന്ന വായുവിലേക്ക് പകരുകയും അത് കരയുടെ കൂടുതൽ ഉൾപ്രദേശങ്ങളിലേക്ക് കൊണ്ടു പോയി മഴപെയ്യിച്ച് താപം ക്രമീകരിച്ച് കാലവസ്ഥ ക്രമപ്പെടുത്തുകയും ചെയ്യുന്നു. ഇതിൽ നമുക്ക് കേരളമടക്കം ഇന്ത്യയിൽ അനുഭവപ്പെടുന്നതും നമ്മുടെ കാർഷിക-ജീവിത വ്യവസ്ഥക്ക് അടിസ്ഥാനവുമായ കൃത്യമായി ആവർത്തിച്ചടിക്കുന്ന മൺസൂൺ കാറ്റുകളെകുറിച്ചും അതിന് സഹായകരമായ മൺസൂൺ സമുദ്ര ജലപ്രവാഹത്തെ കുറിച്ചും മാത്രം പറയാം.

ഗോളാന്തരീയവും ഭൂമിശാസ്ത്രപരവുമായ അതിസങ്കീർണ്ണവും ലോലമായതുമായ ഒരു ക്രമീകരണത്തിലാണ് മൺസൂൺ കാലവർഷക്കാറ്റുകൾ സമയം തെറ്റാതെ (ആവർത്തിക്കപ്പെടുന്ന) കാലവർഷക്കാറ്റുകളായി കേരളത്തിലേക്കും ഇന്ത്യയിലേക്കും കടന്നു വരുന്നത്. ഋതുക്കൾ എന്ന് അർത്ഥം വരുന്ന **'മൗസം'** എന്ന അറബി വാക്കിൽ നിന്നാണ് കൃത്യമായി വീശുന്ന മൺസൂൺ എന്ന വാക്ക് നിഷ്പന്നമായത്. ലോകവ്യാപകമായി നാം പറയുന്ന നാല് ഋതുക്കൾ സാധാരണ ഭൂമിയുടെ ധ്രുവീയ മേഖലകളിലും ഉപധ്രുവീയ മേഖലകളിലുമാണ് കാണപ്പെടുന്നത്. ശിശിരം(Winter), വസന്തം(Spring), ഗ്രീഷ്മം (Summer), ഹേമന്തം (Autumn) എന്നിങ്ങനെ. എന്നാൽ ഇന്ത്യയിൽ ഇത് അനുഭവപ്പെടുന്നത് വർഷകാലവും കൂടിചേർത്തുകൊണ്ടാണ് ഏകദേശം ഈങ്ങനെയാണ്. ശിശിരം (ജനു - ഫെബ്രു), വസന്തം (മാർച്ച് - ഏപ്രിൽ), ഗ്രീഷ്മം (മെയ്-ജൂൺ), വർഷംകാലം അഥവാ മൺസൂൺ (ജൂലായ് - ആഗസ്റ്റ്). കേരളത്തിൽ തെക്ക് പടിഞ്ഞാറൻ മൺസൂൺ നേരത്തെ ജൂണിൽ ആരംഭിക്കും. വസന്തം (സെപ്തംബർ - ഒക്ടോബർ), ഹേമന്തം (നവംബർ - ഡിസംബർ).

സൂര്യൻ ഭൂമദ്ധ്യരേഖയിൽ നിന്ന് ആറുമാസം (മാർച്ച് മുതൽ സെപ്തംമ്പർ വരെ) വടക്ക് ഉത്തരാർദ്ധ ഗോളത്തിലും ബാക്കി ആറുമാസം തെക്ക് ദക്ഷിണാർദ്ധ ഗോളത്തിലുമാണ് ഉണ്ടാവുക. സൂര്യന്റെ ഈ അയന ചലനമാണ് കൃത്യതയാർന്ന മൺസൂൺ മഴ പ്രതിഭാസത്തിന്ന് കാരണം. അതായത് സൂര്യന്റെ ഈ വാർഷിക അയന ചലനത്തിനിടക്ക് സൂര്യന്റെ അകലവും ഭൂമിയുടെ പല ഭാഗങ്ങളിലും സൂര്യരശ്മികളുടെ കുത്തനെയും ചരിഞ്ഞുമുള്ള പതനവുമാണ് ഭൂമിലെ കൃത്യതയോടെയുള്ള കാലാവസ്ഥാ മാറ്റങ്ങൾക്കും ഋതു പരിവർത്തനങ്ങൾക്കും കാരണമായി തീരുന്നത്. സൂര്യൻ ഭൂമിയിൽ വ്യത്യസ്തമായി പലകാലങ്ങളിൽ ഏൽപ്പിക്കുന്ന ചൂട് മൂലം കുറഞ്ഞ മർദ്ദ മേഖലയിൽ നിന്നും കൂടുതൽ മർദ്ദമുള്ള അന്തരീക്ഷ മേഖലയിലേക്ക് സമുദ്രത്തിൽ നിന്നും ലഭിക്കുന്ന നീരാവി നിറഞ്ഞ മഴമേഘകാറ്റിന്റെ സഹായത്താൽ ജൂൺ മുതൽ സെപ്തംബർ വരെ തെക്കു പടിഞ്ഞാറുഭാഗത്ത് നിന്നും വീശിയടിക്കുന്ന കാലവർഷക്കാറ്റാണ് മൺസൂൺ. മലയാള മാസം ഇടവം പാതിയിൽ ആരംഭിക്കുന്നത് കൊണ്ട് ഇടവപ്പാതി എന്നാണ് ഇത് കേരളത്തിൽ അറിയപ്പെടുന്നത്. മൺസൂണിന്ന് പലപ്പോഴും കാലം പിഴച്ച് വരുന്നതിന്ന് കാരണം മനുഷ്യന്റെ ഇടപെടൽ കൊണ്ടാണ്. അത് മറ്റൊരു വിഷയമാണ്. കേരളത്തിലും ഇന്ത്യയിലും കൃത്യമായി ആവർത്തിച്ച് മഴകൊണ്ടു വരുന്ന മൺസൂൺ പ്രതിഭാസത്തിന്നടിസ്ഥാനം. ഖുർആനിൽ പറയുന്നു:

***'ആവർത്തിച്ചാവർത്തിച്ച് മഴ വർഷിക്കുന്ന മേഘങ്ങളെ കൊണ്ടും' (86:12)***

കൃത്യമായി വീശുന്ന മൺസൂൺ ഒരു ആഗോള പ്രതിഭാസമാണ്. ഇന്ത്യയിൽ മാത്രമല്ല തെക്കെ അമേരിക്ക, ആഫ്രിക്ക മുതലായ വൻകരകളിലും മഴക്ക് കാരണം മൺസൂൺ ആണ്.

## മഴ എന്ന അത്ഭുത പ്രതിഭാസം

സാധാരണ സ്വഭാവികമായി വേനൽകാലത്ത് ഭൂമിയുടെ അന്തരീക്ഷം പെട്ടെന്ന് ചൂടുപിടിക്കുകയും ഈർപം നിറഞ്ഞ അന്തരീക്ഷ വായു മേലോട്ടുയരുകയും ചെയ്യുന്നു. ഉയരുന്ന വായു മുകളിൽ മർദ്ദം കുറവായതിനാൽ വികസിക്കുന്നു. ഇങ്ങനെ വികസിക്കുന്നതിന് ആ വായുപടലത്തിലെ ആന്തരികമായ ഊർജ്ജമാണ് ഉപയോഗിക്കുന്നത്. വികസിക്കുന്ന വായുപിണ്ഡം തണുക്കുകയും അതിലെ നീരാവി ഘനീഭവിക്കുകയും ചെയ്യുന്നു. ഘനീഭവിച്ച നീരാവി മഴത്തുള്ളിയായി മാറണമെങ്കിൽ ഏതാണ്ട് ഒരു മൈക്രോ മീറ്ററോളം മാത്രം വലിപ്പമുള്ള അനേകം തുള്ളികൾ ചേർന്ന് ഒരു വലിയ തുള്ളിയാവണം. ഇത് സംഭവിക്കണമെങ്കിൽ അതായത് അന്തരീക്ഷത്തിലെ ജലാംശം സാന്ദ്രീകരിച്ച് ഒരു ജലകണമായി മാറണമെങ്കിൽ അതിന് നടുവിൽ തങ്ങിനിൽക്കുന്ന ഒരു ധൂളി (പൊടി) വേണം. ആ പൊടി അഥവാ കണം ജലത്തെ ആഗിരണം ചെയ്ത് തുള്ളികളാക്കി മാറ്റുന്നു. ഈ അതിസൂക്ഷ്മ ധൂളികളെയാണ് അഥവാ കണങ്ങളെയാണ് മേഘ

**ശേഷം പേജ് 30 ൽ**

# പാകിസ്താനെ തകർക്കുന്ന മുല്ലായിസം

നാനാ വിധത്തിലും പാകിസ്താനെ ദുർബലമാക്കുകയും ഇസ്‌ലാം മതത്തിന്റെ പേരിൽ ആ നാടിനെ നരകമാക്കികൊണ്ടിരിക്കുകയും ചെയ്യുന്ന മുല്ലായിസത്തെ പറ്റിയുള്ള ലേഖനം. ലേഖകൻ ലണ്ടനിലെ Ahmadiyya Modern Institute of Langauges and Theology നിന്നും ബിരുദധമെടുത്ത ലേഖകൻ യു. കെ യിൽ മസ്ജിദ് ഇമാമാണ്. വിവ: താരീഖ് അലനല്ലൂർ.

**ആദിൽ ഷാ, യുകെ**

മുല്ലായിസത്തിന്റെ കൈയൊപ്പുകൾ പള്ളി മിമ്പറുകളിലും, തെരുവുകളിലും, സകല പ്രകടനങ്ങളിലും റാലികളിലുമെല്ലാം വ്യാപിച്ചു കിടക്കുന്ന ഒരു രാജ്യത്തിന് 'ഇസ്ലാമിക റിപ്പബ്ലിക്' എന്ന നാമം ഉചിതമാണോ? വിദ്വേഷം വിതക്കുന്നവന്റെയും അത് അനുഭവിക്കുന്നവന്റെയും ജീവിതത്തിൽ ഏതെങ്കിലും രീതിയിൽ ഇടപെടലുകൾ നടത്താൻ തക്ക വണ്ണം വളർച്ച പ്രാപിച്ച ഒരു പ്രത്യയശാസ്ത്രമാണ് മുല്ലായിസം. ഇരയുടെ മനസിൽ പ്പോലും വിദ്വേഷം നിറയ്ക്കുന്ന വിഷമാണത്. അതിനാൽ തന്നെ, അങ്ങനെയുള്ള മനുഷ്യരെ രക്ഷിക്കാനും, ആ റിപ്പബ്ലിക്കിനെ ഇസ്ലാമിക മൂല്യങ്ങളിലേക്കു മടക്കി കൊണ്ടുവരാനുമുള്ള ഏതെങ്കിലും സാദ്ധ്യതകൾ അവശേഷിക്കുന്നുണ്ടോ?

ഇസ്ലാമിന്റെ കാതലായ സന്ദേശങ്ങളെ പുനഃസ്ഥാപിക്കേണ്ട ആവശ്യകത വരുന്നത് തന്നെ, മുല്ലായിസം എന്ന പ്രത്യയശാസ്ത്രത്തിനു ലഭിച്ച പിന്തുണ കാരണമാണ്. വ്യക്തമായി കാര്യങ്ങൾ മനസിലാക്കാനായി ചില കാര്യങ്ങൾ നമുക്ക് പരിശോധിക്കാം. പ്രവാചക പ്രഭു ഹസ്രത്ത് മുഹമ്മദ് മുസ്തഫ (സ) യുടെ യാഥാർത്ഥ അധ്യാപനങ്ങൾക്ക് ക്ഷതമേല്പിക്കാൻ എങ്ങനെ മുല്ലയിസത്തിന് സാധിക്കുന്നു എന്നതിലേക്ക് വിരൽ ചൂണ്ടുന്നതാണ് ഓരോ പ്രശ്നങ്ങളും. തെറ്റായ കൈകളിൽ എത്തിച്ചേരുമ്പോൾ വളച്ചൊടിക്കപ്പെടുന്ന മതത്തിന്, വെറുപ്പ് പരത്താൻ കഴിവുറ്റവൻ ആരാണെന്ന് നോക്കി നിൽക്കേണ്ട ഗതി കൈവരുന്നു. അതേസമയം, ആദരവിന്റെയും നീതിയുടെയും സാഹോദര്യത്തിന്റെയും ഒരുമയുടെയും മനോഹരമായ അധ്യാപനങ്ങൾ പകർന്നു നൽകുന്ന ഇസ്ലാം അവഗണിക്കപ്പെടുകയും ചെയ്യുന്നു.

### ആദ്യത്തെ പ്രശ്നം

പാകിസ്ഥാനിൽ ഉടനീളം നടക്കുന്ന റാലികളിൽ ഏറ്റുചൊല്ലുന്ന ആചാരമന്ത്രങ്ങളാണ് ആ രാജ്യം നേരിടുന്ന ആദ്യ പ്രശ്നം. പരിശുദ്ധ പ്രവാചകന്റെ 'മാഹാത്മ്യം' സംരക്ഷിക്കാനെന്ന പേരിൽ നടത്തപ്പെടുന്ന റാലികളിൽ ഏറ്റുപാടുന്ന 'നിന്ദിക്കുന്നവന്റെ തലയെടുക്കുമെ'ന്ന മുദ്രാവാക്യം, പ്രവാചക ജീവിതത്തെ പറ്റി അവർക്കുള്ള അജ്ഞതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഇന്ന് പ്രചരിപ്പിക്കപ്പെടുന്നതിൽ നിന്ന് വളരെ വ്യത്യസ്തമായ ജീവിതരീതിയായിരുന്നു നബി (സ) തിരുമേനി പിന്തുടർന്നിരുന്നത്. മദീനയിലെ ഗോത്ര വിഭാഗങ്ങളുമായും ജൂത സമൂഹങ്ങളുമായും വളരെ രമ്യതയിൽ കഴിഞ്ഞിരുന്ന പ്രവാചകൻ, മദീനയിൽ എത്തിയപ്പോൾ തന്നെ ഒരു പ്രധാനപ്പെട്ട സന്ധി പ്രഖ്യാപിക്കുകയുണ്ടായി. മദീനയെ ഭരിക്കാനും, മുസ്ലിങ്ങൾക്ക് അവിടുത്തെ ജൂതരോടും ഗോത്ര വർഗ്ഗക്കാരോടും സഖ്യം സൃഷ്ടിക്കാനുമുള്ള ഒരു ഭരണഘടനയായാണ് ആ സന്ധി പ്രവർത്തിച്ചത്. ജൂത ജനതയുടെ പ്രാതിനിധ്യത്തോടു കൂടിയാണ് അത് നടപ്പാക്കിയതും. മുസൈലിമ കസബ്, അസ്വാദ് അൻസി, തുലയ്ഹ ബിൻ ഖാലിദ് എന്നിവർ ഹസ്രത്ത് മുഹമ്മദ് നബി(സ) യെ നിന്ദിക്കുന്നതിൽ പ്രധാനികളായിരുന്നു. ലോകത്തെ ആകമാനം കീഴടക്കിയ ആ അനാഥനായ മനുഷ്യൻ, തന്റെ സ്നേഹത്താലും ക്ഷമയാലും തന്നെ

നിന്ദിച്ചവരെ പോലും കീഴടക്കുകയുണ്ടായി.

'യഥാർത്ഥ വിശ്വാസി' എന്ന പട്ടം നേടാനായി തെറ്റായ വഴി സ്വീകരിക്കുന്നവർ, നിന്ദയുടെ അതിരു കടന്നു വളരെ പെട്ടെന്ന് തന്നെ വമ്പിച്ച വിദ്വേഷം പരത്തുന്ന വിഷസർപ്പങ്ങളായി മാറുന്നു. പാരമ്പര്യമായി പിന്തുടർന്ന് പോരുന്ന ഇത്തരം വിദ്വേഷരീതികളാണ് വിശ്വാസത്തിലെ തങ്ങളുടെ സ്വസഹോദരങ്ങളായ അഹ്മദികളെ അംഗീകരിക്കുന്നതിൽ അവർക്ക് തടസം സൃഷ്ടിക്കുന്നത്. ധർമത്തിന്റെ ഏറ്റവും ഉയർന്ന തത്വങ്ങൾ പിന്തുടർന്നുകൊണ്ട് തങ്ങളുടെ രാജ്യത്തെ സേവിക്കുന്ന അഹ്മദികൾക്ക്, ഈ സ്നേഹത്തിനു പകരമായി തങ്ങളുടെ ജീവനുകൾ പണയം വെക്കേണ്ടി വരുന്നു. ഭരണകൂടത്തിന്റെ സമ്മതത്തോടെ മേല്പറഞ്ഞ യഥാർത്ഥ വിശ്വാസികൾ അഹ്മദികൾക്കെതിരിൽ വെറുപ്പ് ഇളക്കിവിടുകയും അവരെ കൊന്നൊടുക്കുകയും ചെയ്യുന്നു. ഈ വിഷയം ചർച്ച ചെയ്യുന്നതിന് പാകിസ്താനിൽ എത്രമാത്രം വിലക്കുണ്ടെന്നാൽ, അഹ്മദികൾക്ക് നേരെ നേരിയ സഹാനുഭൂതി പ്രകടിപ്പിക്കുന്നവർ പോലും അവിടെ മതവിരോധികളായിട്ടാണ് മുദ്രകുത്തപ്പെടുന്നത്. അങ്ങനെ, അഹ്മദികൾക്ക് മേൽ ചാർത്തപ്പെട്ട അപകീർത്തിപരമായ ശീർഷകങ്ങൾ അവർക്കും സൗജന്യമായി ലഭിക്കുന്നു.

### രണ്ടാമത്തെ പ്രശ്നം

ഇസ്ലാമിക് റിപ്പബ്ലിക്ക് ഓഫ് പാകിസ്താൻ നേരിടുന്ന രണ്ടാമത്തെ പ്രശ്നം ഒന്നാമത്തെ പ്രശ്നത്തിന്റെ കൂടെയുള്ളതാണ്. തങ്ങൾ അവിടെ നടത്തുന്നത് മൂർത്തിപൂജയാണെന്നു അറിയാത്തതാണ് അവർ നേരിടുന്ന മറ്റൊരു പ്രശ്നം. ഇതും വിരോധാഭാസമെന്നു പറയട്ടെ, ഏതു കാര്യം പിന്തുടരില്ല എന്ന് അവർ പ്രതിജ്ഞ ചെയ്തുവോ, അതെ കാര്യം തന്നെയാണ് അവർ കാലങ്ങളായി ശീലിച്ചു പോരുന്നത്. പാകിസ്താനിലെ ഭൂരിഭാഗം ജനങ്ങളും ഏതെങ്കിലുമൊരു മുല്ലയുടെയോ 'പണ്ഡിതന്റെ'യോ ഭക്തരാണ്. മന്ത്രത്തിലൂടെയും നൃത്തത്തിലൂടെയും ആലിംഗനത്തിലൂടെയുമെല്ലാം പ്രശ്നങ്ങൾ സുഖപ്പെടുത്തുന്ന വിരുതന്മാരെയാണ് മേൽപറഞ്ഞ 'പണ്ഡിത' വർഗം കൊണ്ട് അർത്ഥമാക്കുന്നത്. പ്രശ്നബാധിതനായ വ്യക്തിയുടെ സാമ്പത്തിക സ്ഥിതിയനുസരിച്ചു പ്രശ്നപരിഹാരത്തിന്റെ വേഗത കൂടുമെന്നതാണ് ഈ ചികിത്സാരീതിയുടെ സവിശേഷത. രാജ്യത്തുടനീളം നടക്കുന്ന ഈ ദൈവീകരണത്തെ മുല്ലകളും പണ്ഡിതരും ഇരു കയ്യും നീട്ടി സ്വാഗതം ചെയ്യുന്നു. പ്രശ്നങ്ങൾ ഇതിലൊന്നും ഒതുങ്ങുന്നില്ല. മുല്ലകൾ വീണ്ടും പ്രശ്നങ്ങൾ തുടർന്ന് കൊണ്ടേയിരിക്കുന്നു. ജിഹാദ് എന്നാൽ രക്തം ചിന്തലാണെന്നും, ഹസ്രത്ത് മുഹമ്മദ് നബി (സ) യെ അന്ത്യപ്രവാചകനായി അംഗീകരിക്കാത്തവരെല്ലാം അവിശ്വാസികളും കൊല്ലപ്പെടേണ്ടവരാണെന്നുമുള്ള അബദ്ധ ധാരണകളും മുല്ലകൾ പരത്തുന്നു. അവർ വിദ്വേഷ കൊതിയന്മാരെ സൃഷ്ടിക്കുകയും രാജ്യത്തുടനീളം വെറുപ്പിനെ ഒഴുക്കി വിടുകയും ചെയ്യുന്നു.

അതിനാൽ തന്നെ, ഭൂരിപക്ഷത്തിന്റെ വിശ്വാസാദർശങ്ങൾക്ക് വിരുദ്ധമായി നീങ്ങുന്നവർക്ക് വളരെ ഹീനമായ സാഹചര്യങ്ങൾ അവിടെ നേരിടേണ്ടി വരുന്നു.

ദൈവനിന്ദയുടെ പേരിൽ ക്രിസ്ത്യാനികൾ അവിടെ കൊല ചെയ്യപ്പെടുന്നു. ഹിന്ദുക്കളാകട്ടെ, ഭയന്നാണ് ജീവിക്കുന്നത്. പ്രശസ്തരായ മുല്ലമാരുടെ തീവ്ര ചിന്താഗതിയെയും വിശ്വാസങ്ങളെയും പിന്തുണച്ചില്ല എന്ന കാരണത്താൽ 2010 ൽ അഹ്മദികളുടെ രണ്ടു പള്ളികൾ ആക്രമിക്കപ്പെടുകയും 85 പേരെ ശഹീദാക്കുകയുമുണ്ടായി. മതവിശ്വാസങ്ങളിൽ നിന്ന് സ്വതന്ത്രമായ ഭരണകൂടങ്ങളുള്ള മറ്റു രാജ്യങ്ങളിൽ നിന്ന് വ്യത്യസ്തമായി പാകിസ്ഥാന്റെ രാഷ്ട്രതന്ത്രം ഇസ്ലാമിക മൂല്യങ്ങളെയാണ് അടിസ്ഥാനമാക്കുന്നത്. ഇസ്ലാം മുന്നോട്ട് വെക്കുന്ന ആശയങ്ങൾ തന്നെയാണോ ആ രാജ്യം പിന്തുടരുന്നത് എന്നത് സംശയനീയമാണ്. കാരണം, മുസ്ലിങ്ങൾ അല്ലാത്തവരും മുസ്ലിങ്ങൾ അല്ലായെന്ന് മുദ്ര കുത്തപ്പെട്ടവരും ആ രാജ്യത്തെ പരമാധികാരികൾക്ക് വഴങ്ങുകയും അവരുടെ അടിക്കടിയുള്ള ക്രോധത്തിനു പാത്രമായി തീരുകയും ചെയ്യേണ്ടി വരുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്.

ഈ ഭീഷണിയിൽ നിന്ന് തന്നെയാണ് ആ രാജ്യം സംരക്ഷിക്കപ്പെടേണ്ടത്. മുല്ലായിസം തങ്ങളുടെ താല്പര്യങ്ങൾക്കനുസരിച്ചു ഇസ്ലാമിന്റെ സുന്ദരമായ അധ്യാപനങ്ങളെയെല്ലാം വളച്ചൊടിക്കുകയാണ് ചെയ്യുന്നത്. വ്യക്തിതാല്പര്യങ്ങൾക്ക് അനുസരിച്ചു ഇസ്ലാമിന് രൂപാന്തരം വരുത്താൻ പാകിസ്താനിലെ രാഷ്ട്രീയക്കാരും മറ്റു ഉന്നതരും ശ്രമിക്കുന്നത് വളരെ വലിയ തെറ്റാണ്. പകരം, മുല്ലാക്കളുടെ മുൻപിൽ ഇസ്ലാമിനെ പണയം വെച്ചാൽ, പാകിസ്താൻ ഒരിക്കലും തന്നെ പുരോഗതി കൈവരിക്കുകയോ ഇസ്ലാമികമാവുകയോ ചെയ്യില്ലായെന്ന സത്യമാണ് അവർ മനസിലാക്കേണ്ടത്. തന്റെ ജീവൻ അപകടത്തിലാവുമ്പോൾ പോലും തന്റെ വിശ്വാസാദർശങ്ങളെ വിൽക്കാനോ ദുരുപയോഗം ചെയ്യാനോ പരിശുദ്ധ പ്രവാചകൻ (സ) മുതിർന്നിട്ടില്ല എന്ന വസ്തുതയും പ്രത്യേകം സ്മരിക്കേണ്ടതാണ്.

ഹസ്രത്ത് ഉമറി(റ)ന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ തങ്ങളുടെ സ്വത്തുക്കൾ സംരക്ഷിക്കാൻ ബുദ്ധിമുട്ടികൊണ്ടിരുന്ന ക്രൈസ്തവ ജനത, ഇസ്ലാമിക ഭരണം തിരിച്ചു വരാൻ വേണ്ടി മുസ്ലിങ്ങളോട് അപേക്ഷിച്ച സംഭവം, ഹസ്രത്ത് മുഹമ്മദ് നബി (സ) പകർന്നു നൽകിയ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം എത്രമാത്രം വലുതാണ് എന്ന്

നമുക്ക് കാണിച്ചുതരുന്നു.

നഗരത്തിന്റെ താക്കോൽ കൈപ്പറ്റാനായി ജെറുസലേമിലേക്ക് യാത്ര ചെയ്യുകയായിരുന്ന ഹസ്രത്ത് ഉമറിന് (റ) പ്രാർത്ഥിക്കാനായി തന്റെ ദേവാലയം തുറന്നു കൊടുത്ത ഒരു വൈദികനോട്, 'ഞാൻ ഇന്ന് ഇവിടെ പ്രാർത്ഥിച്ചാൽ, എന്റെ മാതൃക പിൻപറ്റുന്നതായി നടിച്ചു കൊണ്ട് ഭാവിയിൽ മുസ്ലിങ്ങൾ ഇത് അനുകരിക്കുകയും, നിങ്ങളുടെ അവകാശങ്ങൾ ധ്വംസിക്കുകയും ചെയ്തേക്കാം' എന്നാണ് അദ്ദേഹം പറഞ്ഞത്. സ്വന്തം സ്വത്തിനു മേൽ എല്ലാ വിധ സ്വാതന്ത്ര്യവും അവകാശവും അമുസ്ലിങ്ങൾ അനുഭവിച്ചു പോന്നിരുന്നു എന്ന് മാത്രമല്ല, മറ്റുള്ളവരുടെ അവകാശങ്ങൾ ധ്വംസിക്കാതിരിക്കാനായി മുസ്ലിങ്ങളുടെ മേൽ ഒരു നിയമവും കൊണ്ടുവന്നിരുന്നു. ഇത്തരം ഉദാഹരണങ്ങളുള്ള പരിശുദ്ധ പ്രവാചകന്റെ (സ) കാലഘട്ടത്തിലെ മദീനയുമായി ഇന്നത്തെ പാകിസ്താനെ ഉപമിക്കാൻ സാധിക്കുമോ? സങ്കടകരമെന്ന് പറയട്ടെ, ഒട്ടും തന്നെ സാധിക്കില്ല.

വിരോധാഭാസമെന്തെന്നാൽ, പാകിസ്താനിലെ ഭൂരിഭാഗം ആളുകളും അകറ്റി നിർത്തുന്ന അഹ്മദികളാണ് പരിശുദ്ധ പ്രവാചകന്റെ മാതൃക യഥാർത്ഥത്തിൽ പിൻപറ്റുന്നത്.

നഗരങ്ങളുടെ താക്കോലുകൾ അവരുടെ കയ്യിലാണെങ്കിലും അവർ അത് കൊട്ടിഘോഷിക്കുന്നില്ല. ലോക നേതാക്കളും മതാചാര്യന്മാരും മറ്റു ശ്രേഷ്ഠ വ്യക്തികളും അവരെ സ്വാഗതം ചെയ്യുന്നു. സമസൃഷ്ടികൾക്കിടയിൽ സാഹോദര്യം നിലനിർത്താനായി അവർ മതമൈത്രി സമ്മേളനങ്ങളും സമാധാന സിമ്പോസിയങ്ങളും സംഘടിപ്പിക്കുന്നു. ഇതെല്ലാം തന്നെ ഇസ്ലാമികാധ്യാപനങ്ങളുമായി ചേർന്ന് പോവാത്തക്ക രീതിയിലാണ് നടത്തപ്പെടാറുള്ളത്. അവരുടെ ഇപ്പോഴത്തെ നേതാവായ ഹസ്രത്ത് മിർസാ മസ്റൂർ അഹ്മദിന് (അയ്യദഹു..) ഇന്ന് ലോകത്താകമാനം കോടിക്കണക്കിനു അനുയായികളാണുള്ളത്. ഈ അനുയായികളെല്ലാം ഇസ്ലാമിന്റെ പ്രമാണങ്ങൾ പിന്തുടരുന്നുണ്ടോ എന്നും തങ്ങളുടെ നാടുകൾക്ക് വേണ്ടി വ്യക്തമായ സംഭാവനകൾ നൽകുന്നുണ്ടോ എന്നും ഉറപ്പാക്കാനായി അദ്ദേഹം വെള്ളിയാഴ്ച പ്രഭാഷണങ്ങളിലൂടെയും, കൂടിക്കാഴ്ചകളിലൂടെയും അനുദിനം ഉപദേശങ്ങൾ നൽകുന്നു. അവർ രക്തദാന ക്യാമ്പുകൾ നടത്തുന്നു, മരങ്ങൾ നടുന്നു, തെരുവുകൾ വൃത്തിയാക്കുന്നു. കാരുണ്യ പ്രവർത്തനങ്ങൾക്കായി പണം സ്വരൂപിക്കുന്ന അവർ ഭവന രഹിതർക്ക് ഭക്ഷണം നൽകുന്നു. അവികസിത രാജ്യങ്ങളിൽ സ്കൂളുകളും വീടുകൾ നിർമിക്കുന്ന അവർ, വർണമോ മതമോ രാഷ്ട്രീയമോ നോക്കാതെ ആവശ്യക്കാർക്ക് വേണ്ട എല്ലാ തരാം സഹായങ്ങളും നൽകുന്നു.

ഇതിനെല്ലാം മറുപടിയായി പാകിസ്താനിൽ അവരുടെ പള്ളികൾ തകർക്കപ്പെടുന്നു, ഖുർആനിക വചനങ്ങൾ എഴുതിയതിന്റെ പേരിൽ ഖബറുകൾ നശിപ്പിക്കുന്നു, കടകൾ കൊള്ളയടിക്കുന്നു. മാസങ്ങൾ മാത്രം പ്രായമുള്ള പിഞ്ചു കുഞ്ഞുങ്ങളെ ഉൾപ്പടെ നിരവധി അഹ്മദികളെ നിഷ്ഠൂരമായ രീതിയിൽ കൊന്നു തള്ളുന്നു. ഭാവിയിൽ ആകാശത്തിനു കീഴിൽ ഏറ്റവും നികൃഷ്ടരായ ജീവികൾ (നാമമാത്രമായ) മതപണ്ഡിതന്മാർ ആയിരിക്കുമെന്ന് നബി (സ) പ്രവചിച്ചതിന്റെ പുലർച്ചയായി മേൽ സംഭവങ്ങളെ പരിഗണിച്ചാൽ തെറ്റ് പറയാനാവില്ല.

## മൂന്നാമത്തെ പ്രശ്നം

മുല്ലാക്കൾ മൂലം ഉണ്ടാവുന്ന മറ്റൊരു പ്രശ്നമാണ് പഠനത്തിനുള്ള പരിധി. മുല്ലാക്കൾക്ക് ഇഷ്ടമുള്ള കാര്യങ്ങൾ മാത്രമാണ് വിദ്യാർത്ഥികൾ പഠിക്കുന്നത് എന്നു ഉറപ്പുവരുത്തുന്ന രീതിയിലുള്ള പാഠ്യപദ്ധതിയാണ് അവിടെ തയ്യാറാക്കപ്പെട്ടിട്ടുള്ളത്. അതിനാൽ തന്നെ, 'വിശ്വാസ സംരക്ഷകരെ' സൃഷ്ടിക്കുന്നത് അവർക്ക് ഒരു ബുദ്ധിമുട്ടുള്ള കാര്യമല്ല. തങ്ങളുടെ നേതാക്കളെ ആത്മാർഥമായി കണ്ണടച്ച് വിശ്വസിക്കുന്ന മേൽപ്പറഞ്ഞ 'സൃഷ്ടികൾ', തങ്ങൾക്ക് നീതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജീവൻ നൽകേണ്ടി വന്നാൽ പോലും തങ്ങളുടെ സഹോദരങ്ങൾ സഞ്ചരിച്ച പാതയെ പിന്തുടരാനാണ് അവരോട് കല്പിക്കപ്പെട്ടിരിക്കുന്നത്. ഈ ആചാരത്തിന്റെ പിടിയിൽ നിന്ന് ഉന്നതർ രക്ഷപ്പെടുമ്പോൾ, ദാരിദ്ര്യം ബാധിച്ച പാകിസ്താന്റെ ഭൂരിഭാഗം ജനങ്ങളും ദൈനം ദിനം ഇതിനു ഇരകളായി കൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. പാകിസ്താനിലെ വിദ്യാർത്ഥികൾ വിഴുങ്ങുന്ന ഇത്തരം വിദ്വേഷവും വിഷവും കാരണത്താൽ, അഹ്മദികൾക്ക് തങ്ങളുടെ ക്ലാസ് മുറികളിൽ 'അഹ്മദി മുസ്ലിം' എന്ന് സ്വയം വിശേഷിപ്പിക്കാനാവാത്ത സ്ഥിതിയാണ് നിലവിലുള്ളത്. അഥവാ അഹ്മദിയാണെന്ന് അറിഞ്ഞാൽ, പ്രതിഷേധവും, ഒറ്റപ്പെടുത്തലും, പുറത്താക്കലും പോലുള്ള കടുത്ത നടപടികൾ നേരിടേണ്ടി വരികയും ചെയ്യും. വിദ്യാർത്ഥികളിൽ നിന്ന് മാത്രമല്ല, ചില അധ്യാപകരിൽ നിന്ന് പോലും ഇത്തരം നീചമായ സമീപനങ്ങൾ ഉണ്ടാവുന്നുണ്ട് എന്നതാണ് ഖേദകരമായ കാര്യം.

യുദ്ധത്തിനായുള്ള ജിഹാദിൽ മുല്ലാക്കൾ മുൻപന്തിയിൽ നിൽക്കാതെ മറ്റുള്ളവരെ അതിലേക്ക് ക്ഷണിക്കുകയാണ് ചെയ്യുന്നത്. മതനിന്ദ നടത്തുന്നവരെ വധിക്കാനും അഹ്മദികളെ കൊന്നു തള്ളാനും ആഹ്വാനം നൽകുന്ന പ്രഭാഷണങ്ങൾ നടത്തിയതിനു ശേഷം വിശ്രമിക്കുക മാത്രമാണ് മുല്ലാക്കൾ ചെയ്യുന്നത്. അവരുടെ ആഹ്വാനം ഏറ്റെടുത്തു കൊണ്ട് അനുയായികൾ ഈ ഹീനകൃത്യങ്ങൾ നടപ്പിലാക്കുന്നു. തങ്ങളുടെ സമ്പാദ്യങ്ങളെല്ലാം വിശ്വാസത്തിന്റെ പാതയിൽ ചിലവഴിക്കാൻ ജനങ്ങൾ തയ്യാറാ

വുമ്പോൾ, മാധ്യമങ്ങളിലൂടെ തങ്ങളുടെ പേരും പ്രശസ്തിയും സംരക്ഷിക്കാനും തങ്ങൾക്കെതിരെയുള്ള ആരോപണങ്ങളെ ന്യായീകരിക്കാനുമുള്ള നെട്ടോട്ടത്തിലാണ് മുല്ലാക്കൾ. ആഡംബര സൗധങ്ങളോടും സൗകര്യങ്ങളോടും പ്രിയമുള്ള ഇത്തരം നേതാക്കൾ തങ്ങളുടെ രാജ്യത്തെ ലക്ഷോപലക്ഷം ജനങ്ങളുടെ ദാരിദ്ര്യത്തിന് നേരെ കണ്ണടക്കുന്നു. മുസ്ലിം പാർട്ടികളുമായി സഹകരിക്കുന്ന ചില നേതാക്കളുടെ പ്രവർത്തികൾ അങ്ങേയെറ്റം അനിസ്ലാമികമാണ് എന്നതാണ് വാസ്തവം.

### നാലാമത്തെ പ്രശ്നം

പാകിസ്താൻ രൂപവൽക്കരണത്തിന്റെ മൂല കാരണത്തെ വളച്ചൊടിക്കുന്നതാണ് നാലാമത്തെ പ്രശ്നം. ഖായിദെ അസം (മഹാനായ നേതാവ്) എന്ന് അറിയപ്പെടുന്ന പാകിസ്ഥാന്റെ സ്ഥാപകനായ മുഹമ്മദ് അലി ജിന്നയുടെ ജന്മദിനം ഈ അടുത്ത് കൊണ്ടാടുകയുണ്ടായി. ആ രാജ്യം നിർമ്മിക്കപ്പെട്ടതിന്റെ അടിസ്ഥാന കാരണത്തെ വളച്ചൊടിക്കുന്ന രീതിയിലുള്ള ആഘോഷങ്ങളാണ് അവിടെ നടന്നത്. ജിന്ന 1932 ൽ തന്റെ രാഷ്ട്രീയ ജീവിതം അവസാനിപ്പിക്കുകയും യു കെയിലേക്ക് ചേക്കേറുകയും ചെയ്ത ചരിത്രം ചുരുക്കം ചിലർക്കേ അറിയുകയുള്ളൂ. എന്നിരുന്നാലും, അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫയുടെ ആവശ്യ പ്രകാരം അദ്ദേഹം ഇന്ത്യയിലേക്ക് മടങ്ങി വരികയുണ്ടായി. തന്റെ ഒരു മിഷ്ണറിയെ ജിന്നയുടെ അടുത്തേക്ക് അയച്ചു കൊണ്ടാണ് ഹസ്രത്ത് മിർസ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ജിന്നയെ മടങ്ങി വരാൻ പ്രേരിപ്പിച്ചത്. 'അദ്ദേഹത്തിന്റെ (അബ്ദു റഹീം ദർദ്) ചാതുര്യപൂർണമായ അനുനയരീതി കാരണം (ഇന്ത്യയിലേക്ക്) തിരിച്ചുവരാതിരിക്കാൻ എനിക്ക് നിവൃത്തിയുണ്ടായിരുന്നില്ല' എന്നാണ് മുഹമ്മദ് അലി ജിന്നയുടെ പ്രസ്താവനയായി 'ദി സൺഡേ ടൈംസ് ലണ്ടൻ' (ഏപ്രിൽ 9, 1933) റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

തങ്ങൾ നിരന്തരം ഭ്രഷ്ട് കൽപ്പിക്കുകയും ചീത്ത വിളിക്കുകയും ചെയ്യുന്ന അഹ്മദികൾക്ക് തങ്ങളുടെ രാജ്യത്തിന്റെ അടിത്തറയിലുള്ള പങ്ക് തിരിച്ചറിയുമ്പോൾ, ജിന്നയുടെ പേരിൽ ആഘോഷങ്ങളും കൂത്തുകളും നടത്തുന്ന ആളുകളുടെ പ്രതികരണം വളരെ രസകരമായിരിക്കും.

'നിങ്ങൾ സ്വതന്ത്രരാണ്. അമ്പലങ്ങളോ പള്ളികളോ മറ്റേത് ആരാധന കേന്ദ്രങ്ങളോ ആവട്ടെ, അവിടെയെല്ലാം നിങ്ങൾക്ക് സ്വതന്ത്രമായി പോകാം. നിങ്ങൾ ഏത് മതത്തിലോ ജാതിയിലോ ആയിക്കൊള്ളട്ടെ. അതിനു രാജ്യഭരണവുമായി യാതൊരു ബന്ധവുമില്ല' എന്ന് പറഞ്ഞ ജിന്നയുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്.

മുഹമ്മദലി ജിന്ന പോലും ലജ്ജിച്ചു പോവുന്ന രീതിയിലുള്ള പാകിസ്താനെ ആണ് മുല്ലാക്കൾ സൃഷ്ടിച്ചു വെച്ചിരിക്കുന്നത്. നിരപരാധിയായ ഒരു വ്യക്തിയുടെ കയ്യിൽ മയക്കുമരുന്ന് വെക്കുന്ന അഴിമതിക്കാരനായ ഒരു പോലീസുകാരനു സമമാണ് അവർ. പാകിസ്താൻ പാലിക്കേണ്ട മൂല്യങ്ങളും തത്വങ്ങളും അവർ മറന്നു പോയിരിക്കുന്നു.

### അഞ്ചാമത്തെ പ്രശ്നം

യാഥാർഥ്യത്തെ പറ്റി മനഃപൂർവം അജ്ഞരായിരിക്കുന്നതാണ് അഞ്ചാമത്തെ പ്രശ്നം. 'അജ്ഞത ആനന്ദമാണ്'. പക്ഷെ, അത് ചിലരുടെ താല്പര്യങ്ങൾ വളർത്താനാണ് ഉപയോഗിക്കപ്പെടുന്നതെങ്കിൽ അവ ആത്മീയവും ധാർമികവുമായ തകർച്ചക്ക് വഴിവെക്കുന്നതാണ്. ജ്ഞാനാന്വേഷണവും, ലഭ്യമായ അറിവുകളുടെ ശേഖരണവും, നിഷ്പക്ഷമായ ഗവേഷണവും, തീവ്ര ചിന്താഗതിയെ ചോദ്യം ചെയ്യലുമെല്ലാം ആ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഇന്നും അന്യായവുമായ കാര്യമാണ്. ഭരണകൂടത്തിനെതിരെ സംസാരിക്കുന്നതിനേക്കാളും, ചർചകൾ ഒഴിവാക്കി ഇരകൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിനെക്കാളുമെല്ലാം നല്ലത് മൗനമാണെന്ന് അവർ കരുതുന്നു. ഇരകളുടെ കൂടെ നിന്നവരുടെ ദാരുണമായ അവസാനം എങ്ങനെയായിരുന്നു എന്ന ബോധ്യമുള്ളതു കൊണ്ടാവാം പലരുടെയും ഈ ഒഴിഞ്ഞുമാറൽ.

ഇത് മാറ്റം വരാൻ ഭൂരിപക്ഷത്തിന്റെ മനോനിലയെ അഭിമുഖീകരിക്കേണ്ടതുണ്ട്. മാറ്റത്തിന്റെ ഒരു പക്ഷേ ഒന്നോ രണ്ടോ തലമുറ എടുത്തേക്കാം. 1974 ൽ അഹ്മദികളെ ഭരണഘടനാ പരമായി മതനിന്ദകരും അവിശ്വാസികളുമായി പ്രഖ്യാപിച്ച കാലത്തെ കാര്യമെടുക്കാം. അതിന് ശേഷം നടപടിക്രമങ്ങളുടെ രേഖകൾ നേരിട്ട് പ്രസിദ്ധീകരിക്കാൻ കോടതി സമ്മതിക്കുകയുണ്ടായി. പക്ഷേ അവരുടെ അലസത കാരണം കുറച്ച് വർഷം മുമ്പ് വരെ അതിന്റെ പ്രസിദ്ധീകരണം വൈകിപ്പിക്കുകയാണുണ്ടായത്. അന്ന് മുതൽ തലമുറയുടെ മനോനിലക്ക് പരിക്കുകൾ ഏൽക്കുകയുണ്ടായി. ഒന്നോ രണ്ടോ തലമുറ അഹ്മദികൾ മതനിന്ദകരും അവിശ്വാസികളുമാണെ ധാരണയിൽ വളർത്തപ്പെടുകയും അവരോട് സൗഹൃദം കൂടുകയോ കൂട്ടുചേരുകയോ ചെയ്യുന്നത് വലിയ പാപമാണെന്നുമുള്ള മാനസികാവസ്ഥ സംജാതമാവുകയും ചെയ്തു. അതായത് അങ്ങനെ ചെയ്യുവർ (വാജിബുൽ ഖത്ൽ= കൊല്ലപെടേണ്ടവൻ) ആണെന്ന് പിന്നീട് വിശേഷിപ്പിക്കപ്പെടുകയുണ്ടായി. 1974 ലെ കോടതി നടപടികൾ വായിച്ചു നോക്കാത്തവർ അഹ്മദി മുസ്ലിംകളെ രണ്ടാംതരം പൗരന്മാരായിട്ടാണ് പരിഗണിക്കേണ്ടത്. ഒരു ജനതയെ മാറ്റിയെടുക്കാൻ കുറച്ചു തലമുറകളിലൂടെ സ്ഥൈര്യവും സ്ഥിരോത്സാഹവും വേണ്ടതുണ്ട്.

### ആറാമത്തെ പ്രശ്നം

ചരിത്രം അംഗീകരിക്കാതെ

ഒന്നിനും വഴങ്ങാതെ നിൽക്കലാണ്. നാം ചരിത്രത്തോട് യോജിച്ചാലും ഇല്ലെങ്കിലും ചരിത്രത്തെ മാറ്റാൻ സാദ്ധ്യമല്ല. ചരിത്രത്തെ തെറ്റിദ്ധരിപ്പിക്കാം, തെറ്റായി വ്യാഖ്യാനിക്കാം, തെറ്റായി നിർമ്മിക്കാം ചരിത്ര സംബന്ധിയായ മറ്റെല്ലാ തെറ്റുകളും ചെയ്യാം. പക്ഷേ ചരിത്രം എക്കാലവും അതു പോലെ തന്നെ നിൽക്കും.

ഉദാഹരണത്തിന്ന് ഡോ. അബ്ദുസ്സാലാം പരാമർശിക്കാതെയുള്ള ചരിത്രമാണ്. ചരിത്രത്തിലേക്ക് കടന്നു വന്ന പാകിസ്താൻ അഹ്മദി മുസ്ലിമായ അദ്ദേഹം ഭാഗികമായി അവഗണിക്കപ്പെടുകയായിരുന്നു. 1959 ൽ സലാം 'സിതാരെ പാകിസ്താൻ' പുരസ്ക്കാരം നേടുകയുണ്ടായി. 1979 ൽ ഭൗതിക ശാസ്ത്രത്തിൽ നോബൽ സമ്മാന ജേതാവുമായി. സലാം പാകിസ്താനിലെ ന്യൂക്ലിയർ എനർജി വികസന രംഗത്ത് വൻ സ്വാധീനം ചെലുത്തിയ വ്യക്തിയായിരുന്നു. പല നിലകളിലും പാകിസ്താനെ സേവിക്കുകയുണ്ടായി. പാകിസ്താനെ പല അവസരങ്ങളിലും പ്രതിനിധാനം ചെയ്യുകയുണ്ടായി. പാകിസ്താനു പുറമെയുള്ള നിരവധി രാജ്യങ്ങൾ സലാമിനെ അംഗീരിക്കുകയുണ്ടായി. ബ്രിട്ടൻ സലാമിന്റെ ലണ്ടനിലെ ഭവനം ഒരു പൈതൃക സ്മാരകമായി പ്രഖ്യാപിച്ചു. കനഡ ഒരു തെരുവിന് അദ്ദേഹത്തിന്റെ നാമകരണം ചെയ്തു. ബംഗ്ലാദേശ് അദ്ദേഹത്തിന്റെ പേരിൽ അനുസ്മരണ പ്രഭാഷണങ്ങൾ നടത്തുന്നു. അതിനെല്ലാം വിരുദ്ധമായി പാകിസ്താൻ അദ്ദേഹത്തെ നിരാകരിക്കുകയാണുണ്ടായത്. അബ്ദുസ്സലാം മരിച്ചപ്പോൾ പാകിസ്താൻ ഭരണകൂടം അദ്ദേഹത്തിന് ഒരു ഔദ്യോഗികമായ ആദരം പോലും നൽകിയില്ല. മാധ്യമങ്ങൾ അദ്ദേഹത്തിന്റെ ജനാസ സംസ്ക്കരണം സംപ്രേഷണം ചെയ്യാൻ വന്നില്ല. കോടതി വിധിയുടെ ബലത്തിൽ അദ്ദേഹത്തിന്റെ കബറിടത്തിൽ നിന്നും മുസ്ലിം എന്ന വിശേഷണം മായ്ച്ചുകളഞ്ഞു. പാകിസ്താനി എന്ന് പോലും അദ്ദേഹത്തിന്റെ പേരിനൊപ്പം എഴുതാൻ അവർ ആഗ്രഹിച്ചില്ല. അങ്ങനെയായിരുന്നുവെങ്കിൽ കബറിടത്തിൽ എഴുതിയത് 'ആദ്യത്തെ പാകിസ്താനി നോബൽ സമ്മാന ജേതാവ്' എന്നെങ്കിലും വായിക്കാക്കാമായിരുന്നു. അത്തരത്തിലുള്ള നിന്ദ്യമായ പക്ഷപാതിത്വമുള്ള ഒരു രാജ്യത്തെ രക്ഷിക്കാൻ എന്തെങ്കിലും വഴിയുണ്ടാകുമോ?

പാകിസ്താൻ അഭിമുഖീകരിക്കുന്ന പ്രക്ഷുബ്ധമായ ഈ അവസ്ഥ മാറണമെങ്കിൽ ആ രാജ്യം പാകിസ്താൻ പൗരന്മാരുടെ ചിലവിൽ സുഖവും പ്രസിദ്ധിയും നേടാൻ ആഗ്രഹിക്കുന്ന മുല്ലായിസത്തിന്റെ കരാള ഹസ്തത്തിൽ നിന്നും മോചിതമാവണം.

വിശ്വാസത്തോടും മതകീയതയോടും സാമൂഹിക ബോധത്തോടുമുള്ള സമീപനത്തിൽ വളരെ നാടകീയമായ ഒരു സമൂല മാറ്റത്തിലൂടെയല്ലാതെ പാകിസ്താൻ നീങ്ങിക്കൊണ്ടിരിക്കു സമീപസ്ഥമായ യഥാർത്ഥ അപകടത്തിൽ നിന്നും രക്ഷപ്പെടില്ല. ആ രാജ്യം എന്നെന്നേക്കുമായി അതിന്റെ സ്ഥാപക നേതാവിന്റെ യഥാർത്ഥത്തിലുള്ള ഇസ്ലാമിക വിഭാവനക്ക് വിരുദ്ധമായതായി തീരും. അതിൽ കൂടുതലായുള്ള മറ്റൊരു വൈരുദ്ധ്യം തീർച്ചയായും അജ്ഞാനാന്ധകാരത്തിൽ നിന്നും അറേബ്യയേയും ലോകത്തേയും പ്രകാശത്തിലേക്ക് ആനയിച്ച റസൂൽ തിരുമേനി (സ)യെ നഷ്ടപ്പെടുമെന്നതാണ്. പ്രവാചക തിരുമേനി(സ) അത്ഭുതകരമായ മാറ്റി മറിച്ച ആ പരിവർത്തനത്തെ പാകിസ്താനിലെ മുല്ലാക്കൾ റസൂൽ തിരുമേനിയുടെ വേഷംകെട്ടി നരകത്തിലേക്ക് തിരിച്ചുകൊണ്ടു പോകുകയാണ്.

പരിശുദ്ധ പ്രവാചകൻ തന്റെ വചനങ്ങളിൽ ഒരു കാലത്തെ പറ്റി പ്രവചിക്കപ്പെട്ടിരിക്കുന്നു. ആകാശത്തിനു കീഴിൽ ഏറ്റവും നികൃഷ്ട ജീവികൾ ഉലമാക്കന്മാരായി തീരും. ഒരു കാലം വരും. കുഴപ്പവും തിന്മയും അവരുടെ മനസ്സിൽ നിന്നാണ് ആവിർഭവിക്കുക. ഈ പ്രവചന പൂർത്തിക്ക് വേണ്ടി വിദൂരങ്ങളിലേക്കൊന്നും ഒരാൾ അലയേണ്ടതില്ല. പാകിസ്താനിലെ മുല്ലാക്കൾ അത് സമകാലീന ലോകത്ത് കൊണ്ട് വന്നു കഴിഞ്ഞു.

---

**പേജ് 19 ൽ നിന്ന് തുടർച്ച**

ഥാർത്ഥമാണെന്ന് പറഞ്ഞ് തള്ളിക്കളയുവാൻ അദ്ദേഹത്തിന് സാധിക്കുമായിരുന്നില്ല. ഒരു പ്രത്യേക അവസ്ഥയെ മുൻനിറുത്തിയാണ് നാം ഈ വിശദീകരണം നൽകിയത്. കാഴ്ചയുള്ളവരുടെ നടുവിൽപ്പെട്ടുപോയ ഒരന്ധന്റെ വിലാപങ്ങളാണ് നാം ഭാവനയിൽ കാണാൻ ശ്രമിച്ചത്. ഇവിടെ തന്റെ വിശ്വാസം കെട്ടിപ്പെക്കാൻ എന്തെങ്കിലും ഒരു അടിസ്ഥാനമുണ്ട്. പക്ഷേ മുഴുവൻ അന്ധത ബാധിച്ച ഒരു സമൂഹത്തെ ഭാവനയിൽ കണ്ടു നോക്കൂ. അവർക്ക് പ്രകാശത്തിന്റെ അസ്തിത്വത്തെക്കുറിച്ചോ കാഴ്ച എന്ന പ്രതിഭാസത്തെക്കുറിച്ചോ, അറിവുണ്ടാകുമോ? തീർച്ചയായും ഇല്ല. തങ്ങളുടെ ഇന്ദ്രിയങ്ങൾക്കതീതമായ കാര്യങ്ങളുടെ അസ്തിത്വത്തെക്കുറിച്ച് മനസ്സിലാക്കുവാനായി അന്ധൻമാരെ സഹായിക്കുവാൻ കാഴ്ച ശക്തിയുള്ള ഒരാളുടെ ആവശ്യകതയുണ്ട്. ലൗകിക വിജ്ഞാനങ്ങളുടെ അന്വേഷണങ്ങൾക്കു മേൽ വെളിപാടുകൾക്കുള്ള ആധിപത്യം ഫലപ്രദമായി പ്രകടിപ്പിക്കുവാൻ കഴിയുന്നത് ഇവിടെയാണ്.

പരിമിതമായ ജ്ഞാനേന്ദ്രിയങ്ങളോടുകൂടിയ മനുഷ്യൻ അവനെത്ര തന്നെ വിജ്ഞാനിയും വിവേകിയുമാണെങ്കിൽ പോലും തന്റെ ജ്ഞാനേന്ദ്രിയങ്ങളുടെ പരിധികൾ ലംഘിക്കുവാൻ അവന് സാധ്യമല്ല. അതേസമയം മനുഷ്യന് കൂടുതൽ ജ്ഞാനേന്ദ്രിയങ്ങളുണ്ടാകുവാനുള്ള സാധ്യത തള്ളിക്കളയാവുന്നതുമല്ല. മനുഷ്യപരിധിക്കപ്പുറത്തുള്ള യാഥാർത്ഥ്യങ്ങളെ കുറിച്ചുള്ള അറിവ് നൽകുവാൻ ദൈവത്തിന് മാത്രമേ സാധ്യമാകുകയുള്ളൂ.

(തുടരും)

# അഫ്ഘാൻ അമീറിന്നൊരു താക്കീത്

അഫ്ഘാനികളുടെ ജിഹാദീ ദുരാവേശം കണ്ടറിഞ്ഞ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ഒന്നേകാൽ നൂറ്റാണ്ടു മുമ്പ് അഫ്ഘാൻ ഭരണാധികാരിയേയും ആ ജനതയെയും അഭിമുഖീകരിച്ച് നടത്തിയ പ്രത്യേകമായ അഭ്യർത്ഥന.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

ജിഹാദ് എന്ന പേരിൽ അന്യമതക്കാരുടെ മേൽ അക്രമണം നടത്തുകയെന്ന് മുസ്‌ലിംകളിൽ കാണപ്പെട്ടുവരുന്ന ഇന്നത്തെ പ്രവണത 'ശറഈ' (നിയമാനുസൃതമായ) ജിഹാദ് അല്ലെന്നും മറിച്ച് അല്ലാഹുവിന്റെയും റസൂൽ തിരുമേനി(സ) യുടേയും കൽപ്പനകൾക്ക് വിരുദ്ധമായ പ്രവർത്തിയും കടുത്ത പാതകമാണെന്നും ഓർത്തുകൊള്ളേണ്ടതാണ്. എന്നാൽ ഈ സമ്പ്രദായത്തിൽ പറ്റിപിടിച്ച് ചില ഇസ്‌ലാമിക രാഷ്ട്രങ്ങളിൽ ഇത് ഒരു പഴയ ശീലം ആയിക്കഴിഞ്ഞിരിക്കയാൽ വേഗം ഉപേക്ഷിക്കുക സാദ്ധ്യമല്ല. എന്നാൽ അത്തരം ഉപദേശങ്ങൾ നൽകുന്നവരെ തങ്ങളുടെ ശത്രുവായിക്കാണുകയും അവിശ്വാസികളോട് യുദ്ധം ചെയ്യുന്ന ആവേശത്തോടെ അയാളുടെ കഥകഴിക്കുവാൻ തയ്യാറാകുകയും ചെയ്തേക്കാം. എന്നാൽ ഞാൻ ആലോചിച്ചു കൊണ്ടിരിക്കുകയാണ് മുൻ അഫ്ഘാൻ അമീറിൽ കാണപ്പെട്ടിട്ടില്ലാത്ത വിധത്തിൽ അഫ്ഘാൻകാരിൽ പ്രഭാവം ചെലുത്തി പോരുന്ന ഇപ്പോഴത്തെ അഫ്ഘാൻ അമീർ പേരുകേട്ട ആലിമിങ്ങളെ വിളിച്ചിരുത്തി ഈ ജിഹാദ് പ്രശ്നത്തെ കുറിച്ച് ചർച്ച നടത്തുകയും പിന്നീട് ഉലമാക്കന്മാർ മുഖേന തന്നെ സാമാന്യജനങ്ങളെ അവരുടെ തെറ്റുകളെ കുറിച്ച് ഉണർത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. അതോടൊപ്പം ഈ രാജ്യത്തെ ഉലമാക്കളിൽ പുഷ്തു ഭാഷയിൽ ചില പുസ്തകങ്ങൾ തയ്യാറാക്കി വിപുലമായ തരത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ ജനങ്ങളിൽ സൽഫലങ്ങൾ സൃഷ്ടിക്കുമാറാകും. വിവരംകെട്ട മുല്ലാക്കന്മാർ ബഹുജനങ്ങളിൽ പരത്തി വിടുന്ന കൊലപാതകാവേശം ക്രമത്തിൽ കുറഞ്ഞുകൊള്ളുന്നതാണ്. ഈ എത്രയും പ്രധാനപെട്ട പരിഷ്ക്കരണ പരിപാടിയിലേക്ക് അമീർ അവർകൾ ശ്രദ്ധ തിരിക്കാത്ത പക്ഷം മുല്ലമാരുടെ ഇത്തരം ഫത്‌വകളുടെ നേരെ നിശ്ശബ്ദത കൈകൊള്ളുന്നതിന്റെ അന്തിമ ഫലങ്ങൾ ഗവർമെണ്ടിന്നു തന്നെയും വലിയ കഷ്ട നഷ്ടങ്ങൾ വരുത്തിവച്ചേക്കും. ഇക്കാലത്ത് മതപരമായ ഏറ്റവും നിസ്സാരമായ തർക്കങ്ങളിൽ പോലും ഒരു വ്യക്തിയെ അല്ലെങ്കിൽ ഒരു ഫിർക്കയെ മുഴുവനും കാഫിറായി പ്രഖ്യാപിക്കുക എന്നത് ഈ മുല്ലമാരുടെയും മൗലവിമാരുടെയും ശീലമായി കഴിഞ്ഞിരിക്കുന്നു. പിന്നെ കാഫിറുകളെ കുറിച്ചുള്ള അവരുടെ ജിഹാദ് ഫത്‌വകളും മറ്റും ഇവരുടെ കാര്യത്തിലും നടപ്പാക്കി തുടങ്ങുന്നതാണ്.

ചുരുക്കത്തിൽ ഈ സാഹചര്യത്തിൽ അമീർ അവർകൾ തന്നെ ഈ ഫത്‌വകളിൽ നിന്ന് സുരക്ഷിതനായിരിക്കാൻ സാദ്ധ്യമല്ല. ഏതെങ്കിലും ഒരവസരത്തിൽ ഈ മുല്ലാ വർഗ്ഗം ശാഖാപരമായ കാര്യങ്ങളിൽ അമീറിന്നു നേരെ തന്നെയും വിരോധം പുലർത്തിക്കൊണ്ട് അദ്ദേഹത്തെ തന്നെയും ഇസ്‌ലാമിക വൃത്തത്തിൽ നിന്നും പുറത്താക്കിയെന്ന് വരും. അദ്ദേഹത്തിന്റെ കാര്യത്തിലും കുഫ്ഫാറിനെ കുറിച്ചുള്ള ഈ ജിഹാദ് ഫത്‌വ നടപ്പാക്കാൻ അവർ തുനിഞ്ഞേക്കുകയും ചെയ്യും. അകയാൽ 'മുഅ്മിനിനേയും കാഫിറിനേയും' പടച്ചുവിടുകയും അവരുടെ പേരിൽ ജിഹാദിന്റെ ഫത്‌വ പുറപ്പെടുവിക്കുകയും ചെയ്യുന്ന അവകാശാധികാരങ്ങൾ ആരുടെ കയ്യിലാണോ ആ ജനവിഭാഗം അമീർ അവർകൾക്കും വെറുതെ ഇരിക്കാൻ കഴിയാത്ത വിധം ആപൽക്കാരികളായ ഒരു വിഭാഗമാകുന്നു. ഏതൊരു ഗവർമെന്റിന്നും എതിരായ രാജ്യദ്രോഹ പ്രവർത്തനങ്ങളുടെയും വിപ്ലവങ്ങളുടെയും ഉറവിടങ്ങൾ ഇത്തരം ആൾക്കാർ തന്നെയാണെന്നതിൽ സംശയമേയില്ല. സാമാന്യ ജനം ഇത്തരം ആളുകളുടെ കൈയ്യിലാണുള്ളത്. അവർ ഇഷ്ടപ്പെടുന്ന ഭാഗത്തേക്ക് അവയെ തിരിച്ചുവിടാനും അങ്ങനെ ഒരുതരം ഖിയാമത്തിന്റെ കാഴ്ച്ചകൾ പെട്ടെന്ന് സൃഷ്ടിക്കാനും അവർക്ക് കഴിഞ്ഞേക്കും. അതിനാൽ സാമാന്യജനത്തെ ഇവരുടെ കൈയ്യിൽ നിന്നും വിടുവിക്കുക എന്നത് കുറ്റമോ പാപമോ അല്ല. വളരെ

ശാന്തമായ മാർഗ്ഗത്തിൽ അവർക്ക് ജിഹാദിന്റെ യാഥാർത്ഥ്യ മനസ്സിലാക്കികൊടുക്കുകയാണ് വേണ്ടത്. മുസ്‌ലിംകൾ പിടിച്ചുപറിയന്മാരും കൊള്ളക്കാരുമായി മാറുകയും ജിഹാദിന്റെ പേരും പറഞ്ഞ് സ്വാർത്ഥപരമായ മോഹങ്ങൾ പൂർത്തിയാക്കുകയും ചെയ്യുവാൻ ഇസ്‌ലാം ഒരിക്കലും പഠിപ്പിക്കുന്നില്ല. രാജാവിന്റെ കൽപ്പനയില്ലാതെ ജിഹാദ് നടത്താൻ ഇസ്‌ലാമിൽ അനുവാദമില്ല എന്ന കാര്യം മുസ്‌ലിം ജനസാമാന്യത്തിന്ന് അറിവുള്ളതാണല്ലോ. ആകയാൽ യഥാർത്ഥ്യം അറിഞ്ഞുകൂടാത്ത ജനങ്ങളുടെ ഹൃദയത്തിലും അമീർ അവർകളുടെ കൽപ്പന പ്രകരമാണ് ഇതെല്ലാം നടക്കുന്നതെന്ന ആരോപണം ജനിക്കുമെന്ന ആശങ്കക്ക് വകയുണ്ട്. സാധ്യമാകുന്നിടത്തോളം ഈ തെറ്റായ ഫത്‌വയെ തടയുന്നതിന്ന് വേണ്ടി ശരിയായ ഒരു പരിശ്രമം നടത്തേണ്ടത് അമീർ അവർകളുടെ കടമയാകുന്നു. അപ്പോൾ അമീർ അവർകൾക്ക് ഇതിൽ പങ്കില്ലെന്ന് വ്യക്തമാക്കപ്പെടുന്നതും അദ്ദേഹം ആരോപണങ്ങളിൽ നിന്ന് അതീതനാണെന്നത് സൂര്യപ്രകാശം പോലെ തെളിയുന്നതുമാകുന്നു. അക്കാര്യത്തിലും അദ്ദേഹത്തിന്ന് ദൈവികമായ പ്രതിഫലം ലഭിക്കുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ 'ഹുകൂക്കുൽ ഇബാദ്' അഥവാ സൃഷ്ടി ജാലങ്ങളുടെ അവകാശങ്ങൾ നോക്കി പാർക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിൽ കവിഞ്ഞ മറ്റൊരു നന്മയുമില്ല. അതായത് ദ്രോഹികളുടെ വാളിൽ നിന്നും നിരപരാധികളുടെ കഴുത്തുകളെ രക്ഷിക്കുക. 'ഗാസി'മാരായി തീരാനുള്ള നിശ്ചയം എടുത്തുകൊണ്ട് വാൾ ചുഴറ്റുന്നവരിൽ അധികവും അഫ്ഘാനികളാണ്. അമീറിന്റെ രാജ്യത്ത് അത്തരക്കാരിൽ ഒരു വലിയ വിഭാഗം ഉണ്ട് താനും. തന്റെ അപദാനങ്ങളിൽ ഈ പരിഷ്ക്കരണ പ്രസ്ഥാനത്തിന്റെ ഇതിഹാസം രചിക്കുവാനുള്ള ഒരവസരമാണ് അമീർ അവർകൾക്ക് ഇപ്പോൾ നൽകപ്പെട്ടിരിക്കുന്നത്. ഇസ്‌ലാമിനെ ദുഷ്കീർത്തിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഈ കിരാതന നടപടികളിൽ നിന്ന് കഴിയുന്നേടത്തോളം, അഫ്ഘാൻ ജനതയെ മോചിപ്പിക്കാൻ അദ്ദേഹത്തിന്ന് അതു വഴി സാദ്ധ്യമാകും. അല്ലെങ്കിലും ഇപ്പോൾ വാഗ്ദത്ത മസീഹ് വെളിപ്പെട്ടിരിക്കയാണ്. ഇപ്പോൾ ഏത് നിലയിലും അല്ലാഹു ആകാശത്ത് നിന്നും എല്ലാ സഹായോപാധികളും സജ്ജീകരിക്കും. ഭൂമി ദ്രോഹകൃത്യങ്ങളും അക്രമങ്ങളും അനീതിയും രക്ത ചൊരിച്ചിലും കൊണ്ട് നിറഞ്ഞിരിക്കയാൽ ഇനി നീതിയും സമാധാനവും സൗമ്യതയും കൊണ്ട് നിറക്കപ്പെടും. ഇതിൽ എന്തെങ്കിലും തരത്തിൽ ഭാഗഭാക്കാവുന്ന അമീറന്മാരും രാജാക്കന്മാരും അനുഗ്രഹീതരായിരിക്കുന്നതാണ്. (ജിഹാദ് -1900) ഹദ്റത്ത് അഹ്മദ് (അ)

---

**പേജ് 23 ൽ നിന്ന് തുടർച്ച**

സാന്ദ്രീകരണ കണങ്ങൾ (Cloud Condensation Nuclei) എന്ന് പറയുന്നത് ഈ സൂക്ഷ്മ കണങ്ങൾ മേഘങ്ങൾക്കുള്ളിൽ പല വലിപ്പത്തിലുള്ള തുള്ളികൾ ഉണ്ടാക്കുന്നു. അവ ഒന്നിച്ചു കൂടി ഒരു മില്ലിമീറ്ററോളം വലുപ്പമുള്ള വലിയ തുള്ളികളായിത്തീരുന്നു. കൂട്ടിമുട്ടി ചേർന്ന് ഒന്നാവുക (Collision And Coalescence) എന്നാണ് ഈ പ്രതിഭാസത്തിന്ന് പറയുന്നത്. അങ്ങിനെ വലുപ്പമേറിയ ജലകണം ഭൂഗുരുത്വത്തിന്ന് വിധേയമായി മഴത്തുള്ളികളായി മേഘം വിട്ട് ഭൂമിയിൽ പതിക്കുന്നു. ഇതാണ് മഴയുടെ ഏകദേശ രൂപം. ഇവിടെ മേഘങ്ങളിൽ ഒരു പൊടി പടലത്തെ കേന്ദ്രമാക്കി സാന്ദ്രീകരിച്ച് ജലകണങ്ങളായി പിന്നീട് അവ കൂടി ചേർന്ന് വലിയ തുള്ളികളായി ഭൂമിയിൽ പതിക്കുന്ന പ്രതിഭാസത്തെക്കുറിച്ചാണല്ലോ പറയുന്നത്. ഈ പ്രതിഭാസത്തിലെ സാങ്കേതികതയെ മുഴുവൻ ഉൾക്കൊള്ളുന്ന രീതിയിൽ ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുമ്പ് അവതരിച്ച വിശുദ്ധ ഖുർആൻ സൂക്ഷ്മമായി വിവരിക്കുന്നത് വിസ്മയകരമല്ലേ. ഖുർആൻ പറയുന്നു:

***'പരാഗരേണുക്കളെ വഹിച്ചു കൊണ്ടു പോകുന്ന കാറ്റുകളെ (റിയാഹ ലവാഖിഹ*-Fertilising Wind*) നാം അയച്ചു. എന്നിട്ട് മേഘങ്ങളിൽ നിന്ന് നാം വെള്ളമിറക്കി. അങ്ങനെ നാം അത് നിങ്ങൾക്ക് കുടിക്കുവാൻ തന്നു. നിങ്ങൾ അതിന്റെ നിക്ഷേപകരല്ലതാനും' (15:*23)**

***'നീ കാണുന്നില്ലേ അല്ലാഹു മേഘങ്ങളെ ചലിപ്പിക്കുന്നു എന്നിട്ട് അവയെ തമ്മിൽ കൂട്ടിചേർക്കുന്നു. പിന്നെ അവയെ മേൽക്കുമേൽ അട്ടികളാക്കി തീർക്കുകയും ചെയ്യുന്നു. അപ്പോൾ അവയുടെ വിടവിൽ നിന്നും മഴ പുറത്ത് വരുന്നത് നിനക്ക് കാണാം.' (24:44)***

ആയിരത്തിനാനൂറ് വർഷങ്ങൾക്ക് മുമ്പ് ഖുർആൻ പ്രതിപാദിച്ച ധൂളികളെ കേന്ദ്രീകരിച്ചുള്ള മഴത്തുള്ളികളുടെ സാന്ദ്രീകരണ തത്വം പറഞ്ഞിട്ടുണ്ട്. ഇക്കാലത്ത് വിമാനത്തിൽ എയ്റോ സോൾ എന്ന സൂക്ഷ്മമായ പൊടികണങ്ങൾ വിതറി അതായത് ക്ലൗഡ് സീഡിംങ്ങിലൂടെയാണ് കൃത്രിമ മഴപെയ്യിക്കുന്നത് എന്ന കാര്യം നാം ഓർക്കുക. *(തുടരും)*



ഭാഗം – 19

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

**ഇബ്നു വഫാ ബേപ്പൂർ**

### ഭേരയുടെ മഹനീയ സ്ഥാനവും ചില ചരിത്ര യാഥാർഥ്യങ്ങളും

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ (ഇപ്പോൾ പാക്കിസ്ഥാനിലെ) ഭേരയിലുള്ള കുടുംബ വീടു സംബന്ധിച്ചും അദ്ദേഹം നിർമാണത്തിലിരിക്കെ പാതി വഴിയിൽ ഉപേക്ഷിച്ച കെട്ടിടത്തെ കുറിച്ചും അതിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയുന്നതിനും ഭേര ജമാഅത്തിന്റെ സ്ഥിതിഗതികളെ സംബന്ധിച്ചും പഴയതും പുതിയതുമായ വിവരങ്ങൾ ശേഖരിക്കുന്നതിനായി വിനീതൻ അൽഫസ്ൽ ഉറുദു ദിനപത്രങ്ങളിലെ ചില പഴയകാല വിവരണങ്ങളും അഹ്മദിയ്യാ ചരിത്രവും പഠന വിധേയമാക്കിയിരുന്നു. അതോടൊപ്പം പാക്കിസ്ഥാനിലും ഇംഗ്ലണ്ടിലും കനഡയിലും ഫലസ്ത്തീനിലുമുള്ള ചില അഹ്മദീ സുഹൃത്തുക്കളെ ബന്ധപ്പെടുകയും അവരോടു ഭേരയുടെ കഴിഞ്ഞതും നിലവിലുള്ളതുമായ അവസ്ഥകൾ ആരായുകയും ചെയ്തിട്ടുണ്ടായിരുന്നു. അവരിൽ ചിലരതിനു എഴുത്തിലൂടേയും ശബ്ദസന്ദേശത്തിലൂടേയും പല വിലപ്പെട്ട വിവരങ്ങളും എനിക്കു നൽകുകയുണ്ടായി.

ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഭേരയിലെ പ്രധാന കച്ചവട കേന്ദ്രമായ ചന്തയിലേയ്ക്കു നടന്നു പോകുന്നതായി ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ) സ്വപ്നം കണ്ടു. അദ്ദേഹം രചിച്ച ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ ജീവചരിത്ര ഗ്രന്ഥമായ സിക്റെ ഹബീബി (Zikre Habeeb) ൽ ഈ സംഭവം വിവരിച്ചിട്ടുണ്ട്. അദ്ദേഹം ആ സ്വപ്നം ഹദ്റത്ത് മസീഹ് മൗഊദി(അ) നെ കേൾപിച്ചുകൊണ്ട് സ്വപ്നത്തിന്റെ പൊരുൾ ആരാഞ്ഞു. ഹുസൂർ പറഞ്ഞു ഇതിന്റെ അർഥം മദീനയ്ക്കു മക്കയോടുള്ളതു പോലുള്ള ഒരു പ്രത്യേക ബന്ധവും ചേർച്ചയും ഭേരയ്ക്കു ഖാദിയാനോടുമുണ്ടായിരിക്കുമെന്നാണ്. കാരണം ഭേരയിൽ നിന്നു നമുക്കു ധാരാളം സഹായങ്ങൾ ലഭിച്ചിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദിന്റെ ഈ വാക്കുകളിലൂടെ ഭേരയുടെ വളരെ ഉന്നതവും മഹനീയവുമായ സ്ഥാനമാണു നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നതു. ഇന്നു ഭേരയിൽ അത്തരം പ്രത്യേകതകളൊന്നും കാണുന്നില്ലെങ്കിലും തീർച്ചയായും വരും കാലങ്ങളിൽ നമുക്ക് വാഗ്ദത്ത മസീഹിന്റെ വാക്കുകൾ പുലരുന്നതു കാണാൻ സാധിക്കും. ഇൻശാ അല്ലാഹ്.

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് രണ്ടാം ഖലീഫ ഹദ്റത്ത് ഉമർ ഖത്വാബി (റ) ന്റെ വംശ പരമ്പരയിൽപെട്ട മഹാനായിരുന്നുവല്ലോ. മൗലവിസാഹിബിന്റെ പൂർവ്വപിതാക്കൾ മദീനയിൽ നിന്നും പലായനം ചെയ്തു അഫ്ഗാനിസ്ഥാന്റെ വടക്കു പടിഞ്ഞാറു ഭാഗത്തുള്ള ബലഖിൽ കുടിയേറിപ്പാർക്കുകയാണു ചെയ്തതു. പിന്നീടവർ കാബൂളിന്റേയും ഗസ്നിയുടേയും ഭരണകർത്താക്കളായി മാറി. ചെങ്കീസ്ഖാന്റെ ആക്രമണമാരംഭിച്ചപ്പോൾ ഇവർ അഫ്ഗാനിസ്ഥാൻ ഉപേക്ഷിച്ചു കാബൂളിൽ നിന്നും പലായനം ചെയ്തു മുൽത്താന്റെ പ്രാന്തപ്രദേശത്തും പിന്നീട് ഭേരയിലും കുടിയേറിപ്പാർത്തു. അലക്സാണ്ടർ ചക്രവർത്തിയുടെ യുദ്ധപ്രയാണ കാലത്ത് ഭേര ജനവാസമില്ലാത്ത ഒരു കാട്ടുപ്രദേശമായിരുന്നുവെന്നു ചരിത്രത്താളുകൾ പരിശോധിക്കുന്നവർക്കു മനസ്സിലാകും. പിന്നീട് ഗ്രീക്ക് സേന ഈ പ്രദേശം ഒരു സൈനിക താവളമായി ഉപയോഗിക്കാൻ

തുടങ്ങിയപ്പോഴാണു ഇവിടെ ജനവാസമുണ്ടായത്. അവർ ഈ പ്രദേശത്തെ പീറ എന്നായിരുന്നു ആദ്യം വിളിച്ചിരുന്നത്. കാലങ്ങൾ കുറെ കഴിഞ്ഞപ്പോൾ ആ പേര് ഭേര എന്നു രൂപാന്തരപ്പെട്ടു. പിന്നീട് ഭേര എന്നപേരിനു മാറ്റമുണ്ടായിട്ടില്ല. ആ പേരു തന്നെ നിലനിന്നു.

അഞ്ചാം നൂറ്റാണ്ടിലെ ചൈനീസ് ലോക സഞ്ചാരിയായിരുന്ന ഫാഹിയാന്റെ യാത്രാകുറിപ്പിലും ഏഴാം നൂറ്റാണ്ടിലെ സഞ്ചാരിയായിരുന്ന ഹ്യൂംസാങ്ങിന്റെ യാത്രാകുറിപ്പിലും ഈ പ്രദേശത്തിന്റെ പേര് ഭേര എന്നു തന്നെയാണുള്ളത്. മുഗൾ രാജഭരണ കാലത്താണു ഇവിടെ കെട്ടിടങ്ങൾ ഉയർന്നു വന്നത്. അവർ ഈ പട്ടണത്തിന്റെ സുരക്ഷ മുൻനിർത്തി ഇതിനു ചുറ്റും ഒരു കോട്ടമതിൽ പണികഴിപ്പിച്ചിരുന്നു. അതിനു എട്ടു കവാടങ്ങളും ഉണ്ടായിരുന്നു. പിന്നീടു ഈ ചുറ്റുമതിലും കവാടങ്ങളും തകർന്നടിഞ്ഞുവെങ്കിലും ബ്രിട്ടീഷ് ഭരണ കാലത്തു ഡപ്യൂട്ടി കമ്മിഷ്ണർ ആയിരുന്ന Captain W G Davies ഈ ചുറ്റുമതിലും കവാടങ്ങളും വീണ്ടും പണികഴിപ്പിക്കുകയുണ്ടായി. ഇന്നു അതും നശിച്ചില്ലാതായെങ്കിലും അതിന്റെ അവശിഷ്ഠങ്ങൾ പഴയ കാല പ്രതാപത്തെ ഓർമപ്പെടുത്തും. ഈ ചുറ്റുമതിലിനകത്തു ധാരാളം തെരുവുകളും കെട്ടിടങ്ങളും ഉണ്ടായിരുന്നു. മഹാരാജാ രൺജിത് സിംഗിന്റെ കാലത്തു ഭേരയിൽ ഉപ്പു പാറകൾ ധാരാളമായി ഉണ്ടായിരുന്നു. അതു കാരണം ഇവിടത്തെ ജനങ്ങളധികവും അതുമായി ബന്ധപ്പെട്ട ജോലിയിലായിരുന്നു ഏർപ്പെട്ടിരുന്നത്.

ഭേര പട്ടണത്തിൽ പ്രവേശിക്കുന്നതിനായി ഈ ചുറ്റുമതിലിൽ ഉണ്ടായിരുന്ന എട്ടു കവാടങ്ങൾ താഴെ പറയുന്ന പേരുകളിലാണു അറിയപ്പെട്ടിരുന്നത്. 1. ലാഹോറിന്റെ ഭാഗത്തുള്ള കവാടത്തിന്റെ പേരു ലാഹോരി ഗെയ്റ്റ് എന്നാണെങ്കിലും ഗഞ്ച് വാല ദർവാസ എന്നാണു പ്രാദേശികമായി അറിയപ്പെട്ടിരുന്നത്. 2. അതുപോലെ മുൽത്താന്റെ ഭാഗത്തുള്ള കവാടത്തിന്റെ പേര് മുൽത്താനി ഗെയ്റ്റ് എന്നാണെങ്കിലും ലാലുവാല ദർവാസ എന്നാണ് പൊതു ജനങ്ങൾ വിളിച്ചിരുന്നത്. 3. കശ്മീരിന്റെ ഭാഗത്തുള്ള കവാടത്തിന്റെ പേരു കശ്മീരി ഗെയ്റ്റ് എന്നാണെങ്കിലും ചട്ടിപല്ലി വാല ദർവാസ എന്നാണു ഇതറിയപ്പെട്ടിരുന്നത് 4. ചിന്വോട്ടിന്റെ ഭാഗത്തുള്ള കവാടം ചിന്വോട്ടി ഗെയ്റ്റ് എന്നാണെങ്കിലും അതിന്റെ പ്രാദേശിക നാമം ചെക് വാല ദർവാസ എന്നായിരുന്നു. 5. ബാക്കിയുള്ള നാലു കവാടങ്ങൾ പീറാൻ വാല ദർവാസ 6. ഹാജി ഗുലാബ് ദർവാസ 7. ലോഹാരാ മോറി ദർവാസ 8. കാബൂളി ദർവാസ എന്നീ പേരുകളിലാണു അറിയപ്പെട്ടിരുന്നത്.

വളരെ പ്രാചീന കാലം മുതൽ ലോകഭൂപടത്തിൽ ഭേര ഒരു വാണിജ്യ സാംസ്ക്കാരിക കേന്ദ്രമായി അറിയപ്പെട്ടിരുന്നുവെന്നു പറയപ്പെടുന്നു. ചൈന മുതൽ സമർക്കന്തു വരെ അവരുടെ കച്ചവടം വ്യാപിച്ചിരുന്നുവത്രെ. ഇന്ത്യയിലെ രാജാവായിരുന്ന ശേർ ശാഹ് ഭേരയിൽ ഒരു ശാഹിമസ്ജിദ് നിർമിച്ചിട്ടുണ്ടായിരുന്നു. ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ) മസീഹ് മൗഊദ് വാദം പുറപ്പെടുവിച്ചപ്പോൾ ആദ്യമായി ആ പുണ്യാത്മാവിലൂടെ അല്ലാഹുവിന്റെ സ്പർശം അനുഭവിച്ചറിഞ്ഞതും ആ മഹാത്മാവിനെ സ്വീകരിച്ചതും സഹായിച്ചതും ഈ മണ്ണിന്റെ ഒരു സന്തതി തന്നെയായിരുന്നു. അദ്ദേഹത്തിന്റെ ഉന്നതവും തിളങ്ങുന്നതുമായ സ്വഭാവ ഗുണങ്ങൾ പോലെ അദ്ദേഹത്തിന്റെ പേരു നൂറുദ്ദീൻ (ദീനിന്റെ പ്രകാശം) എന്നു തന്നേയാണു. അദ്ദേഹത്തെ പോലുള്ള സാത്വികനും എല്ലാവർക്കും മാതൃകയും മഹാ പണ്ഡിതനും പരിശുദ്ധനുമായ ഒരാൾ മസീഹ് മൗഊദിനെ സ്വീകരിച്ചതു കണ്ട് ഭേരയിലെ പല തലങ്ങളിലും, കുടുംബങ്ങളിലുമുള്ള ധാരാളം പരിശുദ്ധാത്മാക്കൾ അഹ്മദിയത്തിനെ കുറിച്ചു വിചിന്തനം ചെയ്യാൻ തുടങ്ങി. തുടർന്നു അവരും മൗലവി സാഹിബിനെ അനുഗമിച്ചു വാഗ്ദത്ത മസീഹി(അ)നെ സ്വീകരിക്കുകയും അതിലൂടെ അവർ മസീഹ് മൗഊദിന്റെ പരിശുദ്ധരായ സഹാബാക്കളുടെ സംഘത്തിൽ ചേരുകയും ചെയ്തു.

അവർ ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ ആദ്യ കാല 313 സഹാബാക്കളിൽ പെട്ടവരായിരുന്നു. അവരിൽ പല പ്രധാന സഹാബാക്കളും ഉൾപ്പെടുന്നു. ലോകരുടെ ദൃഷ്ടിയിൽ എളിയവരും നിസ്സാരരുമായ ഭേരയിലെ ഈ പരിശുദ്ധർക്കും അവരുടെ സന്താനങ്ങൾക്കും അന്യരിൽ ആശ്ചര്യമുളവാക്കും വിധം അല്ലാഹു എല്ലാവിധ അനുഗ്രഹങ്ങളും പ്രദാനം ചെയ്തു. അവർക്കു ആത്മീയവും ഭൗതിക വുമായ എല്ലാ പുരോഗതിയും ഐശ്വര്യങ്ങളും നൽകി. അവരെ ലോകത്തിന്റെ നാനാ ഭാഗത്തും വ്യാപിപ്പിച്ചു. ഇതു ഖുർആന്റേയും നബി കരീ (സ) മിന്റേയും ഹദ്റത്ത് മസീഹ് മൗഊദിന്റേയും സത്യത യ്ക്കുള്ള ശക്തമായ തെളിവും സാക്ഷ്യവുമാണ്. ഭേരയിലെ ഈ സഹാബാക്കളുടെ പേരു വിവരങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) അഞ്ചാമെ ആഥം (റൂഹാനി ഖസായിൻ വാല്യം 11) എന്ന തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സുകൃതവാന്മാരായ ആ 22 മഹാരഥന്മാർ ഇവരാണു.

1. ഹാജി ഹാഫിസ് ഹക്കീം മൗലവി നൂറുദ്ദീൻ സാഹിബ് 2. മൗലവി ഹാജി ഹാഫിസ് ഹക്കീം ഫസ്ലുദ്ദീൻ സാഹിബ് 3. മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് 4. ഖലീഫാ നൂറുദ്ദീൻ സാഹിബ് ജമ്മുനി 5. ഖാസി അമീർ ഹുസൈൻ സാഹിബ് 6. മൗലവി മുഹമ്മദ് സിദ്ധീഖ് സാഹിബ് 7. മിയാ മുഹമ്മദ് ഇസ്ഹാഖ്

സാഹിബ്. 8. മുഫ്തി മുഹമ്മദ് ഫസ്ലുർ റഹ്മാൻ സാഹിബ് (മൗലവി നൂറുദ്ദീൻ സാഹിബിന്റെ ജാമാതാവ്) 9. മിയാ മുഹമ്മദ് ശഫീഅ് സാഹിബ് (മൗലവി നൂറുദ്ദീൻ സാഹിബിന്റെ മരുമകൻ) 10. ഹാഫിസ് മുഹമ്മദ് സഈദ് സാഹിബ് 11. മൗലവി ഹാഫിസ് മുഹമ്മദ് സഹിബ് (മൗലവി നൂറുദ്ദീൻ സാഹിബിന്റെ സഹോദര പുത്രൻ) 12. ഹാഫിസ് ഗുലാം മൊഹിയുദ്ദീൻ സാഹിബ് (മൗലവി നൂറുദ്ദീൻ സാഹിബിന്റെ മുലകുടി സഹോദരൻ) 13. മുഹമ്മദ് അമീൻ സാഹിബ് (മൗലവി നൂറുദ്ദീൻ സാഹിബിന്റെ മുലകുടി സഹോദരൻ) 14. മിസ്തിരി ഇസ്ലാം അഹ്മദ് സാഹിബ് 15. മിസ്തിരി ഖുതുബുദ്ദീൻ സാഹിബ് 16. മിസ്തിരി അബ്ദുൽ കരീം സാഹിബ് 17. മിസ്തിരി ഗുലാം ഇലാഹി സാഹിബ് 18. മിയാ അലം ദീൻ സാഹിബ് 19. മിയാ നജ്മുദ്ദീൻ സാഹിബ് 20. മിയാ ഖാദിം ഹുസൈൻ സാഹിബ് 21. ബാബു ഗുലാം റസൂൽ സാഹിബ് 22.ശേഖ് അബ്ദുർ റഹ്മാൻ സാഹിബ് റസിയല്ലാഹു അൻഹും അജ്മഈൻ

ഭേര പട്ടണവും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലി (റ) ന്റെ അവിടെയുള്ള കുടുംബ വീടുമെല്ലാം തന്നെ അഹ്മദികളെ സംബന്ധിച്ചിടത്തോളം വളരെയധികം പ്രധാന്യമർഹിക്കുന്ന സ്മാരകങ്ങളാണ്. വിഭജന കാലത്തു ഇതൊക്കെ അന്യാധീനപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഹോശിയാർപൂരിൽ നാൽപതു ദിവസം കഠിന പ്രാർത്ഥനയിൽ മുഴുകിയ കെട്ടിടവും മുറിയും ഈ ലേഖകൻ ഖാദിയാനിൽ നിന്നുള്ള ഒരു ചെറു സംഘത്തോടൊപ്പം 1974 കാലഘട്ടത്തിൽ സന്ദർശിച്ചപ്പോൾ അതൊരു സിക്കു മതവിശ്വാസിയായ ഒരു മാന്യന്റെ വിശാലമായ തുണിക്കടയായിരുന്നു. അന്നു ആ മാന്യ വ്യക്തി ഞങ്ങൾക്കു അവിടെ നമസ്ക്കരിക്കാനും ദുആ ചെയ്യുവാനുമുള്ള സ്വാതന്ത്ര്യവും സൗകര്യവും നൽകിയതു ഇന്നും നന്ദിയോടെ സ്മരിക്കുന്നു. ഇത്തരത്തിൽ ചിലപ്പോഴൊക്കെ ഉണ്ടാകുന്ന അഹ്മദികളുടെ സന്ദർശനം കാരണം തന്റെ ഈ കെട്ടിടം മഹാനായ ഒരു ദൈവ ഭക്തനുമായി ബന്ധപ്പെട്ടാതാണെന്നു ആ മാന്യ വ്യക്തി മനസ്സിലാക്കിയിരുന്നു. അതുപോലെ ലൂധിയാനയിൽ ആദ്യ ബൈഅത്തു നടന്ന സൂഫി അഹ്മദ് ജാൻ സാഹിബിന്റെ ഉടമസ്ഥതയിലായിരുന്ന കെട്ടിടവും വിഭജനത്തെ തുടർന്നു അന്യാധീനപ്പെട്ടിരുന്നു. എന്നാൽ ഈ രണ്ടു കെട്ടിടവും വിലയ്ക്കു വാങ്ങി അവിടെ മിഷ്യൻ ഹൗസ് സ്ഥാപിക്കാനുള്ള തൗഫീഖ് അല്ലാഹു നമ്മുടെ കേന്ദ്രത്തിനു നൽകുകയുണ്ടായി. ഈ രണ്ടു സ്ഥലങ്ങളിലും ഇപ്പോൾ സ്ഥിരമായി മുബല്ലിഗും ഉണ്ട്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖലീഹത്തുൽ മസീഹ് അവ്വലിന്റെ ഭേരയിലുള്ള കുടുംബ വീടും അതിനോടു ചേർന്നുള്ള ഭൂമിയും ഇപ്പോൾ സദർ അഞ്ചുമൻ അഹ്മദിയാ പാക്കിസ്ഥാന്റെ അധീനതയിലാണുള്ളതെന്നതു നമുക്കു ആശ്വാസം പകരുന്നു. അൽഹംദുലില്ലാഹ്. പാക്കിസ്ഥാന്റെ പല ഭാഗങ്ങളിൽ നിന്നും അഹ്മദികൾ ഇവിടം സന്ദർശിക്കാറുണ്ട്. അവർ ഹുസൂർ (ഖലീഫത്തുൽ മസീഹ് അവ്വൽ) ജനിച്ച മുറിയിൽ നമസ്ക്കരിക്കുകയും ദുആ ചെയ്യുകയും ചെയ്യാറുണ്ട്. ഈ വീടിനോടു ചേർന്നു ഒരു ചെറിയ പള്ളിയുമുണ്ട്. വീടിനകത്തു നിന്നു നേരിട്ടു പള്ളിയിൽ പ്രവേശിക്കാനായി വാതിലുമുണ്ടായിരുന്നു. ഒരു പക്ഷേ, ഹദ്റത്ത് മൗലവി സാഹിബിന്റെ പിതാവോ ബന്ധുക്കളോ ആയിരിക്കാം അതു നിർമിച്ചത്. എന്നാൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് അഹ്മദിയത്ത് സ്വീകരിച്ചതു നാട്ടുകാർ അറിഞ്ഞപ്പോൾ നിങ്ങൾ ഖാദിയാനി ആയിരിക്കുകയാണെന്നും അതിനാൽ ഇനി ഈ പള്ളിയിൽ പ്രവേശിക്കരുതെന്നു പറഞ്ഞു വിലക്കുകയും ചെയ്തിരുന്നു.

വെള്ളിയാഴ്ച ദിവസങ്ങളിൽ പാക്കിസ്ഥാനിലെ മറ്റു സ്ഥലങ്ങളിൽ നിന്നും ഭേര സന്ദർശനത്തിനായി പോകുന്നവർ ചിലപ്പോൾ കുടുംബ വീട്ടിൽ ജുമുഅയും നമസ്ക്കരിക്കാറുണ്ടായിരുന്നു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ കാലത്തു ഇവിടെ ഒരു പള്ളി നിർമിക്കുകയും ഒരു മുബല്ലിഗിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. പള്ളിയോടു ചേർന്നു തന്നെ മുബല്ലിഗിനു താമസിക്കാനുള്ള വീടുമുണ്ട്. മുബല്ലിഗിന്റെ മേൽനോട്ടത്തിൽ പ്രാദേശിക ജമാഅത്തിനാണു ഇതിന്റെയെല്ലാം സംരക്ഷണ ചുമതല. എന്നാൽ ഹദ്റത്ത് മൗലവി സാഹിബ് കൊട്ടാരത്തിലെ ജോലിക്കു ശേഷം ഭേരയിൽ തിരിച്ചെത്തിയ ഉടനെ നിർമിച്ചു കൊണ്ടിരുന്ന സാമാന്യം വലിയ കെട്ടിടം വിഭജനത്തിനു ശേഷം പാക്ക് സർക്കാർ ഉപേക്ഷിക്കപ്പെട്ട കെട്ടിടമെന്ന നിലയിൽ തങ്ങളുടെ വരുതിയിൽ ആക്കുകയാണ് ചെയ്തതു. ആ കെട്ടിടത്തിന്റെ നിർമാണം നടന്നു കൊണ്ടിരിക്കുന്നതിനിടയിലാണു മൗലവി സാഹിബ് ഖാദിയാനിൽ ചെന്നതും ഹദ്റത്ത് മസീഹ് മൗഊദിന്റെ നിർദേശ പ്രകാരം ഭേരയോടു എന്നെന്നേക്കുമായി യാത്ര പറഞ്ഞു ഖാദിയാനിൽ സ്ഥിര താമസമാക്കിയതും. ആ വിവരങ്ങൾ മുകളിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടല്ലോ.

## ഭേരയുമായി ബന്ധപ്പെട്ട ഹദ്റത്ത് മുസ്ലിഹ് മൗഊദി (റ) ന്റെ ഹൃദയ വേദന

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) 1950 നവംബർ 2-ാം തീയതി ഭേര സ്ന്ദർശിച്ചിട്ടുണ്ടായിരുന്നു. ആ അവസരത്തിൽ ഹുസൂർ ഭേരയിൽ വച്ചു ചെയ്ത ചെറു പ്രഭാഷണത്തിൽ ഇങ്ങനെ പറയുകയുണ്ടായി. ഭേര എന്ന ഈ പട്ടണം സന്ദർശിക്കുകയെന്നതു എന്റെ ചിരകാലാഭിലാഷമായിരുന്നു. ഒരു പക്ഷേ, ഒരു

ഇരുപത്തഞ്ച് മുപ്പതു കൊല്ലത്തെ ആഗ്രഹമായിരിക്കാം അതു. ഭേര നിവാസികൾക്കു ഭേര മണ്ണും കല്ലും ഇഷ്ടികയും കുമ്മായവും കൊണ്ടു പടുത്തുയർത്തപ്പെട്ട ഒരു പട്ടണമായിരിക്കാം. എന്നാൽ എന്നെ സംബന്ധിച്ചിടത്തോളം അതങ്ങനെയല്ല. മറിച്ചു അങ്ങേയറ്റം സ്നേഹത്തോടും വാത്സല്യത്തോടും കരുണാർദ്ര ഹൃദയത്തോടും കൂടി എന്നെ ഖുർആനും ബുഖാരിയും മറ്റു ദീനിയായ കാര്യങ്ങളും പഠിപ്പിച്ച എന്റെ ഉസ്താദിന്റെ സ്വദേശവും ജന്മസ്ഥലവുമാണിതു. ഭേര വാസികൾ ഭേരയിലെ മാതാക്കളുടെ മുലപ്പാൽ നുകർന്നാണു വളർന്നതു. എന്നാൽ എനിക്കു ഭേരയിലെ ഒരു മഹാപുരുഷന്റെ നാവിലൂടെ ഖുർആന്റെയും ഹദീസിന്റേയും ജ്ഞാനമാകുന്ന പാൽ നുകരുകരാൻ അല്ലാഹു ഭാഗ്യം നൽകി. അതിനാൽ ഭേരവാസികളേക്കാൾ കൂടുതൽ ഞാനീ പട്ടണത്തിനു വിലയും ശ്രേഷ്ടതയും കൽപിക്കുന്നു.

എനിക്കു ഇവിടെ വരാൻ സാധിച്ചതിലും എന്റെ ചിരകാലാഭിലാഷം പൂർത്തിയായതിലും എനിക്കു അതിയായ സന്തോഷമുണ്ട്. എന്നാൽ ഭേരയുടെ ചുറ്റുമതിലിനകത്തു പ്രവേശിച്ചപ്പോൾ എന്റെ ഹൃദയത്തിലുണ്ടായിരുന്ന ഒരു പഴയകാല മുറിവ് എന്നെ വല്ലാതെ വേദനിപ്പിച്ചു. ഒരു തരത്തിൽ പറഞ്ഞാൽ ഭേരയുടെ പുത്രിയെന്നു വിശേഷിപ്പിക്കാവുന്ന അമത്തുൽ ഹൈയ് സാഹിബ അതായത് ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വലി(റ)ന്റെ മകൾ എന്റെ ഭാര്യയായിരുന്നു. ഞങ്ങൾക്കിടയിൽ സുദൃഢമായ സ്നേഹബന്ധമായിരുന്നു ഉണ്ടായിരുന്നതു. പത്തിരുപത്തെട്ടു വർഷങ്ങൾക്കു മുൻപ് ഞങ്ങളുടെ സ്നേഹ സംഭാഷണത്തിന്നിടയിൽ ഞാനൊരിക്കൽ, നിന്നെ നിന്റെ പിതാവിന്റെ ജന്മനാട്ടിൽ കൂട്ടിക്കൊണ്ടു പോകുമെന്നു അവരോടു വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ ദൈവഹിതം മറ്റൊന്നായിരുന്നു. അവരുടെ ജീവിത കാലത്തു എനിക്കിവിടെ വരാൻ സാധിച്ചില്ല. ഇപ്പോൾ അതിനുള്ള അവസരം ലഭിച്ചപ്പോൾ അമത്തുൽ ഹൈയ് സാഹിബയുടെ വിയോഗത്തിനു ഇരുപത്താറു വർഷം കഴിഞ്ഞിരിക്കുന്നു. ഭേരയിൽ പ്രവേശിച്ച ആ നിമിഷം ഈ കാര്യങ്ങളൊക്കെ എന്റെ ചിന്തയിലേയ്ക്കു ഓടി വന്നു. അതെന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു. എല്ലാം ദൈവനിശ്ചയം പോലെ മാത്രമേ സംഭവിക്കുകയുള്ളു.

ഞാൻ ദീർഘമായ കാത്തിരിപ്പിനു ശേഷമാണ് ഇവിടം സന്ദർശിക്കുന്നതെന്നു പറഞ്ഞുവല്ലോ. എനിക്കു ഈ പട്ടണത്തോടു ആത്മീയവും ഭൗതികവുമായ ബന്ധമാണുള്ളതു. ഇവിടത്തെ ആദരണീയവും കുലീനവുമായ കുടുംബത്തിലെ ഒരു പെൺകുട്ടി എന്റെ ഭാര്യയായിരുന്നുവെന്നു സൂചിപ്പിച്ചുവല്ലോ. അവരിലൂടെ എനിക്കു സന്താനങ്ങളും ജനിച്ചിട്ടുണ്ട്. ഞാൻ മനസ്സിലാക്കുന്ന യാഥാർത്ഥ്യങ്ങളും സത്യങ്ങളും ഇവിടത്തെ ജനങ്ങളും മനസ്സിലാക്കണമെന്നാണു ഞാൻ ആഗ്രഹിക്കുന്നതു. (അൽ ഫസ്ൽ 12/12/2019)

## ഇടയിൽ ഭേരയിലേക്കൊരു യാത്ര

ഭേരയെ പരിപൂർണമായും ഉപേക്ഷിച്ചു ഖാദിയാൻ ജീവിതവുമായി മുന്നോട്ടു പോയിക്കൊണ്ടിരുന്ന അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദിന്റെ നിർദേശാനുസരണം മൗലവി സാഹിബിനു യാദൃച്ഛികമായി താൻ ഉപേക്ഷിച്ചു പോന്ന ഭേരയിലേയ്ക്കു ഒരു യാത്ര ചെയ്യേണ്ടി വന്നു. അപ്പോഴും അദ്ദേഹം തന്റെ വിചാര വികാരങ്ങൾക്കോ താൽപര്യങ്ങൾക്കോ ഒരു വിലയും കൽപിച്ചില്ല. അല്ലാഹുവിന്റെ മസീഹ് കൽപിച്ചതു മാത്രം ചെയ്തു. ആ സംഭവുമായി ബന്ധപ്പെട്ടു ഭേര സ്വദേശിയായ ഹദ്റത്ത് മാസ്റ്റർ അബ്ദുർ റഊഫ് സാഹിബ് (റ) നിവേദനം ചെയ്യുകയാണു. ഖാദിയാൻ സ്ഥിര താമസത്തിനു കുറച്ചു കാലങ്ങൾക്കു ശേഷം ഭേരയിലെ പഴയകാല സുഹൃത്തും നാട്ടിലെ വലിയ പ്രമാണിയും ധനാഢ്യനുമായ ഒരാൾ താൻ രോഗിയാണെന്നും ദയവു ചെയ്തു ഇവിടം വരെ വന്നു എന്നെ പരിശോധിച്ചു മരുന്നു നിർദേശിക്കണമെന്നു ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനു കത്തെഴുതി. മൗലവി സാഹിബ് അദ്ദേഹത്തിനു മറുപടി എഴുതി, ഇപ്പോൾ ഞാൻ ഭേരയിൽ നിന്നും പലായനം ചെയ്തു ഖാദിയാൻ വന്നിരിക്കുകയാണു. അതിനാൽ ഹദ്റത്ത് മിർസാ സാഹിബിന്റെ കൽപനയില്ലാതെ ഞാൻ ഖാദിയാനു പുറത്തു എവിടേയും പോകാറില്ല. താങ്കൾക്കു എന്റെ സേവനം ആവശ്യമാണെങ്കിൽ ആ കാര്യം ഹദ്റത്ത് മിർസാ സാഹിബിന്നെഴുതണം. അദ്ദേഹം കൽപിക്കുകയാണെങ്കിൽ വിനീതൻ വേണ്ടതു ചെയ്യാം. രോഗിയായ അയാൾ ഉടൻ തന്നെ മസീഹ് മൗഊദിനു അനുവാദത്തിനായി കത്തയച്ചു. കത്തു കിട്ടിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) മൗലവി സാഹിബിനോടു വിവരം പറയുകയും ഭേര ചെന്നു ആ രോഗിയെ പരിശോധിച്ചു മരുന്നു നൽകാൻ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു.

സാഹചര്യങ്ങളുടെ സമ്മർദ്ധത്താൽ താൻ ജനിച്ചു വളർന്ന നാടും വീടും തന്റെ പ്രിയപ്പെട്ടവരേയും ഉപേക്ഷിക്കേണ്ടി വന്ന സാധാരണക്കാരനായ ഒരാൾക്കു, പിന്നീടു ആ നാട്ടിലേയ്ക്കു തിരിച്ചു പോകാൻ ഒരവസരം ലഭിച്ചാൽ അയാൾ അതു വലിയൊരു ഭാഗ്യമായി കരുതുകയും സ്വന്തം ജന്മദേശവും ബന്ധുമിത്രാദികളേയും സന്ദർശിക്കാൻ ഒരുങ്ങി പുറപ്പെടുകയും ചെയ്യുമായിരുന്നു. എന്നാൽ മൗലവി സാഹിബിനെ നോക്കൂ. അദ്ദേഹമെന്താണു ചെയ്തതു. അദ്ദേഹം ഹുസൂറിന്റെ നിർദേശം ലഭിച്ച ഉടനെ ഖാദിയാനിൽ നിന്നു

ഏകദേശം 300/325 കിലോ മീറ്ററോളം അകലെ പഞ്ചാബിലെ * സർഗോദാ ജില്ലയിൽ സ്ഥിതി ചെയ്യുന്ന ഭേരയിലേയ്ക്കുപുറപ്പെട്ടു. നേരെ രോഗിയുടെ വീട്ടിൽ ചെന്നു. അദ്ദേഹത്തെ പരിശോധിച്ചു. ആവശ്യമായ മരുന്നുകൾ നൽകിയ ശേഷം ഒട്ടും വൈകാതെ അവിടെ നിന്നു ഖാദിയാനിലേയ്ക്കു തിരിക്കുകയും ചെയ്തു. തൊട്ടടുത്തു തന്നെയുള്ള തന്റെ പഴയ കുടുംബ വീട്ടിലേയ്ക്കോ താൻ ഭീമമായ തുക ചെലവഴിച്ചു നിർമാണമാരംഭിച്ചു പാതിവഴിയിൽ നിർത്തിവച്ച കെട്ടിടത്തിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയുവാനോ ഒന്നും മെനക്കെട്ടില്ല. അടുത്ത കുടുംബക്കാരെയോ ബന്ധുക്കളേയോ സുഹൃത്തുക്കളേയോ ഒരാളെ പോലും സന്ദർശിച്ചില്ല. അതിനദ്ദേഹം പറഞ്ഞ കാരണം ഹുസൂർ മസീഹെ മൗഊദ് എന്നെ ഭേരയിലേക്കയച്ചതു ഒരു രോഗിയെ പരിശോധിച്ചു ചികിത്സ നിർദേശിക്കാനായിരുന്നു. അല്ലാതെ വീടും കുടുംബക്കാരെയും സന്ദർശിക്കാനല്ല. ആവശ്യമായ ചികിത്സയും മരുന്നും ആ രോഗിക്കു നൽകിക്കഴിഞ്ഞു. മറ്റുള്ളതൊന്നും തന്നെ ഈ യാത്രയുടെ ഉദ്ദേശ്യങ്ങളിൽപെട്ടതല്ലായിരുന്നു അത്രമാത്രം.

## സാമ്പത്തിക ബാദ്ധ്യതയും അല്ലാഹുവിന്റെ സഹായവും

ഹദ്റത്ത് മൗലവി സാഹിബ് ജമ്മു കശ്മീരിലുള്ള ഒരു മാന്യനു വലിയ സംഖ്യയുടെ ഒരു കടം വീട്ടാനുള്ള കാര്യം നേരത്തെ പരാമർശിച്ചിരുന്നുവല്ലോ? മൗലവി സാഹിബ് ജമ്മുകശ്മീരിൽ നിന്നും തിരിച്ചു വന്നു ഭേരയിൽ സാമാന്യം വലിയൊരു വീടും ആതുരാലയവും നിർമിക്കാൻ തീരുമാനിച്ചതു അവിടെ നിന്നുള്ള വരുമാനത്തിലൂടെ പ്രസ്തുത കടം വീടാമെന്ന ഉദ്ദേശ്യത്തിലായിരുന്നു. എന്നാൽ മാറി മറിഞ്ഞു വന്ന സാഹചര്യങ്ങൾ ആ പദ്ധതിയും പാതി വഴിയിൽ ഉപേക്ഷിക്കേണ്ടി വന്നു പിന്നീട് വാഗ്ദത്ത മസീഹിന്റെ ആഗ്രഹ പ്രകാരം അദ്ദേഹം ഖാദിയാനിലേയ്ക്കു താമസം മാറുകയും ചെയ്തു. അതോടെ കടം വീടാനുള്ള വഴികൾ ബാഹ്യമായി ഒരു ചോദ്യ ചിഹ്നമായി അവശേഷിച്ചു. എന്നാൽ മസീഹിന്റെ സാത്വികനായ ഈ ദാസനെ അല്ലാഹു കൈവിട്ടില്ല. സർവ ശക്തനായ അല്ലാഹു അതിനുള്ള സാഹചര്യമുണ്ടാക്കി. ആ കടം എങ്ങനെയാണു തിരിച്ചു നൽകിയതെന്നറിയാൻ, അതിനു അല്ലാഹു എങ്ങനെയാണു മൗലവിസാഹിബിനെ തുണച്ചതെന്നു കേൾക്കാൻ വായനക്കാർക്കു ആകാംക്ഷയുണ്ടായിരിക്കാം. അതും വളരെ രസകരവും ഈമാൻ വർദ്ധനവിന്നുതകുന്നതുമായ സംഭവമാണു.

ഹദ്റത്ത് മസീഹ് മൗഊദിന്റെ സഹാബിയും ഖുർആൻ ഇംഗ്ലീഷ് പരിഭാഷകനുമായ ഹദ്റത്ത് മലിക് ഗുലാം ഫരീദ് സാഹിബ് എം.എ (റ) തനിക്ക് ഖലീഫത്തുൽ മസീഹ് അവ്വലിനോടൊപ്പം കഴിയാനും സഹവസിക്കാനും ലഭിച്ചതുപോലുള്ള മഹാഭാഗ്യം വളരെ കുറച്ചു പേർക്കു മാത്രമേ ലഭിച്ചിട്ടുണ്ടാവുകയുള്ളൂ എന്നു എപ്പോഴും വളരെ അഭിമാനത്തോടെ പറയാറുണ്ടായിരുന്നു. അദ്ദേഹം പറയുകയാണ്, ഖലീഫത്തുൽ മസീഹ് അവ്വൽ (റ) എത്രയോ തവണ പ്രസ്തുത കടം തിരിച്ചു നൽകിയതു പറഞ്ഞിട്ടുണ്ടെങ്കിലും, ഏതു രീതിയിലാണു തിരിച്ചു നൽകാൻ അല്ലാഹു തഅല സഹായിച്ചതെന്നു വിശദീകരിച്ചിട്ടില്ല. ഖലീഫത്തുൽ മസീഹ് അവ്വലി (റ) ന്റെ കാലം കഴിഞ്ഞു. ഖലീഫത്തുൽ മസീഹ് സാനി (റ) യുടെ കാലഘട്ടം വന്നു. ആ കാലവും കുറെ ഏറെ കഴിഞ്ഞപ്പോൾ ഖുർആൻ മജീദിന്റെ ഇംഗ്ലിഷ് തഫ്സീറിന്റെ അച്ചടിയുമായി ബന്ധപ്പെട്ടു ഞാൻ ലാഹോർ പോകാൻ തുടങ്ങി. ആ അവസരത്തിലൊരിക്കൽ ഞാൻ ജനാബ് മലിക്ക് ഗുലാം മുഹമ്മദ് സാഹിബ് കസൂരിയുടെ അടുക്കൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ഒരു ലക്ഷത്തി തൊന്നൂറ്റി അയ്യായിരം (1,95,000) രൂപയുടെ കടവുമായി ബന്ധപ്പെട്ട സംസാരം കടന്നു വന്നു. ആ ചർച്ചക്കിടയിൽ അദ്ദേഹമാണു (അതായത് ജനാബ് മലിക്ക് ഗുലാം കസൂരി സാഹിബ് മർഹൂം) ആ കാര്യം വിശദീകരിച്ചതു. അദ്ദേഹം പറയുകയാണു ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബി (റ) ന്റെ ജമ്മു കശ്മീർ മഹാരാജാവിന്റെ കൊട്ടാരത്തിലെ ജോലി ചില രാഷ്ട്രീയ സാഹചര്യങ്ങളുടെ സമ്മർദത്താൽ നഷ്ടപ്പെട്ടിരുന്നുവല്ലോ. യഥാർത്ഥത്തിൽ രാജാവിന്റെ കൂടെയുള്ളവരുടെ കുതന്ത്രങ്ങളായിരുന്നു അതു. പലരും രാജാവിനെ പലതും പറഞ്ഞു തെറ്റിദ്ധരിപ്പിച്ചു. രാജാവിന്റെ ചെവിയിൽ മൗലവി സാഹിബിന്നെതിരിൽ നിരന്തരം ചിലർ വിഷം നിറക്കുകയായിരുന്നു. പിന്നീട് മഹാരാജാവിനു കാര്യങ്ങൾ മനസ്സിലായപ്പോൾ താൻ ചെയ്തതിൽ അദ്ദേഹത്തിനു വലിയ പശ്ചാത്താപമുണ്ടായി. മാത്രവുമല്ല കുറച്ചു കാലങ്ങൾക്കു ശേഷം മൗലവി സാഹിബ് ഒരു ചടങ്ങിനായി ജമ്മു പോയപ്പോൾ അവിടെവച്ചു മഹാരാജാവുമായി കണ്ടുമുട്ടിയപ്പോൾ കുശലാന്വേഷണങ്ങൾക്കിടയിൽ താൻ ചെയ്തതു തെറ്റായിപ്പോയെന്നു രാജാവു മൗലവി സാഹിബിനോടു നേരിട്ടു സമ്മതിക്കുകയും മാപ്പു പറയുകയും

*കുറിപ്പ്: ആദ്യം ഭേര പാക്കിസ്ഥാനിലെ ശാഹ്പൂർ ജില്ലയിൽ പെട്ട പട്ടണമായിരുന്നു. ഇതുമായി ബന്ധപ്പെട്ട ജമാഅത്തിലെ എല്ലാ ഗ്രന്ഥങ്ങളിലും അതു തന്നെയായിരിക്കും രേഖപ്പെടുത്തിയിരിക്കുക. പിന്നീട് ഭരണകൂടം ജില്ലാ ആസ്ഥാനം സർഗോദയിലേയ്ക്കു മാറ്റുകയാണുണ്ടായത്. അതിനാൽ ഭേര ശാഹ്പൂർ ജില്ലയിൽപെട്ട പട്ടണമാണെന്നു ആദ്യഭാഗങ്ങളിൽവിനീതൻ വിവരിച്ചതു പിഴവായി വായനക്കാർ തെറ്റിദ്ധരിക്കരുത്. (ലേഖകൻ)

ചെയ്തിരുന്നു. മൗലവി സാഹിബി നെ പോലെ സംസ്ഥാനത്തിന്റെ അഭ്യുദയകാംക്ഷിയും പ്രഗൽഭനും പരിചയസമ്പന്നനും വിദഗ്ധനുമായ ഒരു ഡോക്ടറെ കുറ്റവാളികളെ നാടു കടത്തുന്നതു പോലെ നാൽപത്തിയെട്ടു മണിക്കുറിനകം സംസ്ഥാനം വിട്ടു പോകണമെന്ന ഉത്തരവോടുകൂടി ജോലിയിൽ നിന്നും പിരിച്ചു വിട്ടതു വലിയ അക്രമവും അനീതിയുമായിപ്പോ യെന്നു രാജാവിനു ബോദ്ധ്യമായി. അതുകൊണ്ട് എങ്ങനെയെങ്കിലും അദ്ദേഹത്തെ തിരിച്ചു കൊണ്ടു വരേണ്ടതാണെന്നും പ്രായശ്ചിത്തം ചെയ്യേണ്ടതാണെന്നും മഹാരാജാവ് തീരുമാനിക്കുകയും ചെയ്തു.

അതിനായി മഹാരാജാവു തന്നെ നേരിട്ടു മൗലവി സാഹിബി നൊരു കത്തെഴുതി. അതിൽ താങ്കൾ കൊട്ടാരത്തിലേയ്ക്കു തിരിച്ചു വരണമെന്നും മുമ്പു ചെയ്തിരുന്ന സേവനം തുടരണമെ ന്നും അപേക്ഷിച്ചു. എന്നാൽ അപ്പോഴേയ്ക്കും മൗലവി സാഹിബ് ഹദ്റത്ത് മസീഹ് മൗഊദി (അ)ന്റെ സവിധത്തിൽ നിലയുറപ്പിച്ചു കഴിഞ്ഞിട്ടുണ്ടായിരുന്നു. രാജാവി ന്റെ കത്തു കിട്ടിയപ്പോൾ മൗലവി സാഹിബ് രാജാവിന്നെഴുതി. മുഴു ലോകത്തിന്റേയും ഭരണാധികാരം നൽകപ്പെട്ടാൽ പോലും ഉപേക്ഷി ക്കാൻ സാധിക്കാത്ത തരത്തിലുള്ള ഒരുന്നതമായ സ്ഥലത്താണു ഞാനി പ്പോൾ എത്തിയിട്ടുള്ളതു. അതുപേ ക്ഷിക്കാൻ എനിക്കാവുകയില്ല. അതിനാൽ രാജാവു നൽകിയ ഈ ഓഫർ സ്വീകരിക്കാൻ തനിക്കു സാദ്ധ്യമല്ലെന്നു നന്ദിയോടെ അദ്ദേഹത്തെ അറിയിച്ചു. രാജാവു വീണ്ടും വിഷമത്തിലായി. താൻ മൗലവി സാഹിബിനോട് ചെയ്ത അനീതിയ്ക്കു ഇനിയെന്തു പ്രതിവി ധിയും പ്രായശ്ചിത്തമാണു ചെയ്യാ ൻ പറ്റുക എന്നു ആലോചിച്ചു കൊണ്ടുമിരുന്നു.

കുറച്ചു നാളുകൾക്കു ശേഷം കാട്ടിൽ നിന്നും തടിമുറിക്കു വാനുള്ള കരാറിനായി ഒരാൾ രാജാവിനെ സമീപിച്ചു. മൗലവി നൂറുദ്ദീൻ സാഹിബിനോടു പ്രായ ശ്ചിത്തം ചെയ്യാൻ കാത്തിരിക്കുന്ന രാജാവു അയാളോടു പറഞ്ഞു ടെൻഡർ ഞാൻ നിനക്കു നൽകാം. പക്ഷേ ഒരു നിബന്ധന. കൊല്ലാ വസാനം കണക്കു പരിശോധിച്ചു ആ കച്ചവടത്തിൽ നിന്നും നിനക്കു ലഭിക്കുന്ന ലാഭത്തിന്റെ നേർപകുതി ഖാദിയാനിലുള്ള മൗലവി നൂറുദ്ദീൻ സാഹിബിനു നൽകണം. എങ്കിൽ മാത്രമേ ടെൻഡർ നിനക്കു നൽകുകയുള്ളു. നിബന്ധന അയാൾ സ്വീകരിക്കുകയും കരാർ അയാൾക്കു നൽകപ്പെടുകയും ചെയ്തു. വർഷാവസാനം കണക്കു പരിശോധിച്ചപ്പോൾ, അല്ലാഹുവിന്റെ ഹിക്മത്ത് നോക്കൂ, അയാൾക്ക് മൂന്നുലക്ഷത്തി തൊണ്ണൂറായിരം (3,90,000)രൂപ ലാഭമുള്ളതായി കണ്ടു. അതിന്റെ പകുതി ഒരു ലക്ഷത്തി തൊന്നൂറ്റയ്യായിരം (1,95,000) രൂപ തന്നെയായിരുന്നു ഹദ്റത്ത് മൗലവി സാഹിബിനു കടമുണ്ടായിരുന്നത്. പ്രസ്തുത സംഖ്യയുമായി കരാറുകാരൻ മൗലവി സാഹിബിനെ കാണുവാനാ യി ഖാദിയാനിൽ ചെന്നു. അന്നു മസീഹ് മൗഊദും (അ) ഖാദിയാനിലുണ്ടായിരുന്നു. അയാൾ കാര്യങ്ങളെല്ലാം ധരിപ്പിച്ച ശേഷം പണം ഹദ്റത്ത് മൗലവി സാഹിബി ന്റെ മുന്നിൽ വച്ചു. ഹദ്റത്ത് മൗലവി സാഹിബ് പറഞ്ഞു ഞാൻ ജമ്മു കശ്മീരിൽ ഇന്ന ആൾക്കു ഇത്രയും തുക കടം വീട്ടാനുണ്ട്. അതു കൊണ്ട് എന്റെ ഭാഗത്തു നിന്നും ഈ പണം അദ്ദേഹത്തിനു എത്തിച്ചാൽ മതി. അതു അങ്ങനെ തന്നെ ചെയ്യപ്പെട്ടു. അതോടെ മൗലവി സാഹിബിന്റെ ആ കടം തീർന്നു.

എന്നാൽ അടുത്ത വർഷവും ഇതേ വ്യവസ്ഥയിൽ തന്നെ പ്രസ്തുത കരാറുകാരനു ടെൻഡർ നൽകപ്പെട്ടു. കൊല്ലാവ സാനം മുൻവർഷത്തെ പോലെ ലാഭത്തിന്റെ നേർപകുതി മൗലവി സാഹിബിനു നൽകാനായി അയാ ൾ വീണ്ടും ഖാദിയാനിൽ ചെന്നു. പണം മൗലവി സാഹിബിനു മുന്നിൽ വച്ചു. പക്ഷേ, ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് അയാളിൽ നിന്നും പണം സ്വീകരിക്കാൻ കൂട്ടാക്കിയില്ല. മൗലവി സാഹിബ് ചോദിച്ചു എന്റെ മുതൽ മുടക്കോ അദ്ധ്വാനമോ ഇല്ലാത്ത ഈ കച്ചവടത്തിൽ നിന്നുള്ള ലാഭം ഞാൻ എന്തിനു കൈപറ്റണം. എനിക്കെന്തവകാശം. ടെൻഡർ എടുത്തയാൾ പറഞ്ഞു, ജനാബ് മൗലവിജി എനിക്ക് ആ വ്യവസ്ഥ യിലാണ് ടെൻഡർ നൽകപ്പെട്ടത്. അതുകൊണ്ടു ദയവു ചെയ്തു എനിക്കു വേണ്ടിയെങ്കിലും താങ്കളി തു സ്വീകരിക്കണം. അല്ലാത്തപക്ഷം അടുത്ത വർഷം എനിക്കു കരാർ ലഭിക്കുന്നതല്ല. മൗലവി സാഹിബ് പറഞ്ഞു നിങ്ങൾക്കു ടെൻഡർ ലഭിച്ചാലും ലഭിച്ചില്ലെങ്കിലും എന്തു തന്നെ ആയാലും ഞാനീ പണം സ്വീകരിക്കുന്നതല്ല.

അതു കേട്ടപ്പോൾ കരാറുകാ രൻ ചോദിച്ചു, എങ്കിൽ കഴിഞ്ഞ വർഷം താങ്കൾ എന്തിനാണ് എന്നിൽ നിന്നും പണം സ്വീകരിച്ചത്. അന്നു താങ്കളുടെ അദ്ധ്വാനമോ മുതൽ മുടക്കോ ഉണ്ടായിരുന്നില്ല ല്ലോ. ഇവിടെ മൗലവി സാഹിബിന്റെ മറുപടി ശ്രദ്ധിക്കണം. അദ്ദേഹം പറഞ്ഞു അത് എന്റെ കടം വീട്ടാനായി എന്റെ റബ്ബ് എന്നോടു ചെയ്ത വാഗ്ദാനമായിരുന്നു. അതനുസരിച്ചു അല്ലാഹു നൽകിയ സഹായത്തിലൂടെ കഴിഞ്ഞ വർഷം ആ കടം ഞാൻ തിരിച്ചടച്ചു. ഇനി ഞാനെന്തിനു ഇതു സ്വീകരിക്കണം. അതായതു മുമ്പും എന്റെ ആവശ്യമനുസരിച്ചു പണം നൽകിയതു എന്റെ റബ്ബാണു നിങ്ങളോ നിങ്ങളുടെ രാജാവോ അല്ല. നിങ്ങൾ ഒരു നിമിത്തം മാത്രമാണു എന്നാണു പറഞ്ഞതി ന്റെ അർത്ഥം. അല്ലാഹുവിലുള്ള എത്ര ഉയർന്ന തവക്കുലും അർപ ണവുമാണിതു. ആ മാന്യനായ കരാറുകാരൻ നിബന്ധനയനു സരിച്ചു മൗലവി സാഹിബിനു

നൽകാനായി രണ്ടു ലക്ഷമോ അതിൽ കൂടുതലോ കുറവോ ഉള്ള സംഖ്യയുടെ നോട്ടു കെട്ടുമായാണു വന്നിരിക്കുന്നത്. മുൻ വർഷവും അതായിരുന്നുവല്ലോ ലാഭം. അതാണു മൗലവി സാഹിബ് ആ രൂപ സ്വീകരിക്കാൻ ഞാൻ അർഹ നല്ലെന്നു പറഞ്ഞു നിരസിച്ചതു. 1900 വർഷത്തിനു മുമ്പുള്ള സംഭവമാണിത്. അപ്പോഴുള്ള ആ സംഖ്യയുടെ വില എന്തായി രിക്കുമെന്നു നമുക്കു ഊഹിക്കാം. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനു എല്ലാം അല്ലാഹു മാത്രമാണു. അവനെ കൂടാതെ യുള്ള എല്ലാ സ്വർണ കൂമ്പാരങ്ങ ളും നോട്ടു കെട്ടുകളും പ്രലോഭന ങ്ങളും വെറും പിണം മാത്രം. അതിനൊന്നും അദ്ദേഹം ജീവിത ത്തിൽ ഒരവസരത്തിലും ഒരു മൺതരിയുടെ വിലപോലും കൽപിച്ചിരുന്നില്ല. മൗലവി സാഹിബ് നിബന്ധനയനുസരിച്ചു ലാഭവിഹി തം കൈപറ്റാതിരുന്നതിനാൽ വരും വർഷം തനിക്കു രാജാവിൽ നിന്നും കരാർ ലഭിക്കുമോ എന്ന കാര്യ ത്തിൽ ആ ഹിന്ദു കരാറുകാരൻ ആകെ ചിന്താകുലനായി. എന്നാൽ അയാൾ തിരിച്ചു പോകാൻ നേരം, മൗലവി സാഹിബ് കാര്യങ്ങളെല്ലാം വിവരിച്ചു കൊണ്ട് തുടർന്നും കരാർ അയാൾക്കു തന്നെ നൽകാനായി രാജാവിനു ഒരു ശുപാർശ കത്തു എഴുതി അയാളെ ഏൽപിച്ചു. അയാൾ അതും വാങ്ങി സസന്തോഷം തിരിച്ചു പോയി. (തുടരും)

## പാശ്ചാത്താപം

യാത്രാമദ്ധ്യേ മരുഭൂമിയിൽ വെച്ച് ഭക്ഷണവും വെള്ളവും ചുമന്നിരുന്ന ഒട്ടകം നിങ്ങളി ലൊരാൾക്ക് നഷ്ടപ്പെട്ട് തെരഞ്ഞു പിടിക്കുന്നതിന്നുള്ള ശ്രമമെല്ലാം പരാജയപ്പെട്ട് ഒരു വൃക്ഷചുവട്ടിലിരിക്കുമ്പോഴതാ ഒട്ടകം അവന്റെ മുന്നിൽ പ്രത്യക്ഷനാവുന്നു. മൂക്കുകയർ പിടിച്ചു അതിരറ്റ സന്തോഷത്താൽ അവൻ പറഞ്ഞു പോയി അല്ലാഹുവേ, നീ എന്റെ ദാസനും ഞാൻ നിന്റെ നാഥനുമാണ്. സന്തോഷാധിക്യത്താൽ അദ്ദേഹം പരസ്പരം മാറി പറഞ്ഞു പോയി.. അയാളേക്കാൾ ഉപരിയായി തന്റെ ദാസന്റെ പശ്ചാത്താപത്തിൽ സന്തോഷിക്കുന്നവനാണ് അല്ലാഹു. (മുസ്‌ലിം)

## പശ്ചാത്താപം

### ഹദ്റത്ത് അഹ്മദ് (അ)

ഇഹ ലോകത്തും പരലോകത്തും ദുഷ്പരിണിതിക്ക് കാരണഭൂതമായി തീരുന്ന ഒന്നത്രേ പാപം. മനുഷ്യൻ പശ്ചാത്തപിക്കുമ്പോൾ അല്ലാഹുതആല അവന്റെ പാപങ്ങൾ വിസ്മരിച്ചു കളയുകയും അവനെ പാപ വിമുക്തനായ ഒരുവനായി ഗണിക്കുകയും ചെയ്യും. പക്ഷേ അതിന്നുള്ള നിബന്ധന പശ്ചാത്തപിക്കുന്നവൻ തന്റെ പശ്ചാത്താപത്തിൽ അടിയുറച്ച് നിൽക്കണം എന്നതാണ്. പക്ഷേ നിരവധി ജനങ്ങൾ പശ്ചാപത്തിന്ന് ശേഷം അത്മറന്ന് കളയുന്നവരാണ്. ഉദാഹരണത്തിന്ന് ഹാജിമാർ ഹജ്ജ് കഴിഞ്ഞു മടങ്ങിയെത്തി ദിവസങ്ങൾക്കം തന്നെ വീണ്ടും പൂർവ്വ പാപങ്ങളിൽ മുഴുകുന്നു. അവരുടെ ആ ഹജ്ജ് കർമ്മം കൊണ്ട് എന്ത് പ്രയോജനമുണ്ടായി.? അല്ലാഹു പാപങ്ങളോട് കടുത്ത നീരസമുള്ളവനാകുന്നു. അതിനാൽ മനുഷ്യൻ സദാ അതിൽ നിന്നും വിട്ട് നിൽക്കേണ്ടതാണ്. ഒരാൾക്ക് പാപം ഉപേക്ഷിക്കാനുള്ള ശക്തിയുണ്ടായിരിക്കേ അയാൾ പാപം ഉപേക്ഷിക്കാതിരിക്കുകയാണെങ്കിൽ അല്ലാഹു നിശ്ചയമായും അയാളെ പിടിക്കുന്നതാണ്. നിങ്ങൾ തൗബയുടെ വൃക്ഷത്തിൽ നിന്ന് ഫലം നുകരാനും നിങ്ങളുടെ ഗൃഹം സംരക്ഷിക്കപ്പെടാനും ആഗ്രഹിക്കുന്നുവെങ്കിൽ സത്യസന്ധമായ പശ്ചാത്താപം നടത്തിക്കൊള്ളുക. മഹാനായ ദൈവം തന്റെ നടപടിക്രമങ്ങളിൽ മാറ്റം വരുത്താറില്ല. അവൻ അരുളുന്നു. ' ഫമൻ തജിദ ലിസുന്നത്തില്ലാഹി തബ്ദീലാ. ' മനുഷ്യൻ ഒരു കടുകുമണിതൂക്കം നന്മ ചെയ്താലും ദൈവം അത് പാഴാക്കുന്നില്ല. അപ്രകാരം തന്നെ ആരെങ്കിലും കടുക് മണിതൂക്കം തിന്മ ചെയ്താലും അത് ദൈവത്തിന്റെ വിചാരണക്ക് വിധേയമാക്കുന്നതായിരിക്കും. ഇതാണവസ്ഥയെങ്കിൽ പാപങ്ങളിൽ നിന്ന് വളരെയധികം പരിശ്രമിച്ച് രക്ഷപ്പെടേണ്ടതാണ്. (മൽഫൂസാത്ത്)

കുറിപ്പുകൾ

# ഭൂമിയുടെ ഭാവി: വിശുദ്ധ ഖുർആന്റെ പാരിസ്ഥിതികാദ്ധ്യാപനങ്ങൾ

മുസാഫിർ

1945 ഓഗസ്റ്റ് 6 നും 9 നുമാണ് ലോകത്ത് ആദ്യമായി ആറ്റം ബോബ് പ്രയോഗിക്കപ്പെട്ടത് 76 വർഷം കഴിഞ്ഞ് 2021 ആഗസ്റ്റ് 9 ന് IPCC യുടെ റിപ്പോർട്ടിലാണ് മറ്റൊരു പാരിസ്ഥിതിക ദുരന്തത്തെ പറ്റിയുള്ള വാർത്ത വന്നത്. കലാവസ്ഥ വ്യതിയാനം സംബന്ധിച്ചുള്ള ആ റിപ്പോർട്ട് 66 രാജ്യങ്ങളിൽ നിന്നുള്ള 14,000 ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിലുള്ളതായിരുന്നു. ഭൂമിയുടെ അന്തരീക്ഷ താപം നമ്മുടെ ജീവമണ്ഡലത്തെയാകെ ബാധിക്കുമാറ് ഗുരുതരമായ അളവിലേക്ക് വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് ആ റിപ്പോർട്ട് നൽകുന്ന താക്കീത്. ഹോമോസാപിയൻസ് എന്ന് ശാസ്ത്രീയമായി അറിയപ്പെടുന്ന മനുഷ്യകുലത്തിന്റേതടക്കം ജൈവവർഗ്ഗത്തിന്റെ വാസസങ്കേതമായ ഭൂമിയെ സംബന്ധിച്ച് അത്യന്തം അശുഭകരമായ ഒരു വാർത്തയാണ് പുറത്ത് വന്നത്. ഐക്യരാഷ്ട്ര സഭയുടെ എൻവയർമെന്റൽ പ്രോഗ്രാമും വേൾഡ് മീറ്റിയോറളജിക്കൽ ഓർഗനൈസേഷനും ചേർന്ന് 1988 ൽ രൂപീകരിച്ച ഒരു അന്തർദേശീയ സംഘടനയാണ് IPCC (The Intergovernmental Panel on Climate Change). അതിന്റെ 6-ാമത് റിപ്പോർട്ടിലാണ് ഗൗരവതരമായ ഈ വിവരം ഉള്ളത്. ലോകത്തുള്ള ഗവൺമെന്റുകൾക്കും നയരൂപീകരണ വിദഗ്ദർക്കും കാലാവസ്ഥയെയും പരിസ്ഥിതിയെയും ബാധിക്കുന്ന കാര്യങ്ങൾ ശാസ്ത്രീയവും വസ്തുനിഷ്ഠമായി ബോദ്ധ്യപ്പെടുത്താൻ വേണ്ടി ഐക്യരാഷ്ട്ര സഭയുടെ നേതൃത്വത്തിൽ ഉണ്ടാക്കിയ ഈ സംഘടനയിൽ 195 രാജ്യങ്ങൾ അംഗങ്ങളാണ്. ആഗസ്ത് 10ന് നമ്മുടെ മലയാള മാധ്യമങ്ങളടക്കം ലോകത്തുള്ള മിക്ക പത്രമാധ്യമങ്ങളുടെയും തലകെട്ട് IPCC യുടെ ഈ റിപ്പോർട്ട് ആയിരുന്നു. പിന്നെ നാം സ്വഭാവികമായും അത് മറന്നു. പരിസ്ഥിതി പ്രശ്നങ്ങളോട് ലോകജനതയുടെ സമീപനം പൊതുവേ അങ്ങനെയാണ് ഇനി നമ്മെ ബാധിക്കുന്ന ഒരു ദുരന്തത്തിലേ നാം ഉണരൂ.

ഭൂമി ഒരു വലിയ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ് എന്നതാണ് ആ റിപ്പോർട്ടിന്റെ ചുരുക്കം. വരുന്ന 20 വർഷം കൊണ്ട് ആഗോള താപനിലയുടെ വർദ്ധനവ് ഒന്നര ഡിഗ്രി സെൽഷ്യസ് കടക്കുമെന്ന മുന്നറിയിപ്പാണ് റിപ്പോർട്ടിലുള്ളത്. താപനില ഈ പരിധി കടക്കാതിരിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2015 ൽ പാരീസ് കാലവസ്ഥാ ഉടമ്പടിയിൽ ലോകരാഷ്ട്രങ്ങൾ ഒപ്പുവെച്ചത്. പക്ഷേ അതിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ രാജ്യങ്ങൾ വീഴ്ച്ചവരുത്തിയതാണ് അതിവേഗം ആസന്നമാകുന്ന ഈ ആഗോള ദുരവസ്ഥക്ക് കാരണം. റിപ്പോർട്ട് പ്രകാരം 2040 ഓടെ ഭൂമിയുടെ ചൂട് 1.5 ഡിഗ്രി സെൽഷ്യസാകും അത് രണ്ട് ഡിഗ്രിയിലേക്ക് വർദ്ധിച്ചാൽ ഭൂമിയിൽ ജീവജാലങ്ങളുടെ നിലനിൽപ്പ് അപകടത്തിലാവും. അപരിഹാര്യമായതും പിന്നീടൊരിക്കലും തിരിച്ച് വരാൻ കഴിയാത്തതുമായ മാറ്റങ്ങൾക്ക് അത് കാരണമാവുകയും ചെയ്യും. മനുഷ്യരാശിക്കുള്ള അടിയന്തിര മുന്നറിയിപ്പാണ് ഈ റിപ്പോർട്ടെന്ന് യു എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് ആഗോള സമൂഹത്തോട് പറഞ്ഞു. കാര്യങ്ങൾ വളരെ മോശമായിക്കൊണ്ടിരിക്കുകയാണെന്നും നമുക്ക് ഓടിയൊളിക്കാൻ മറൊരിടമില്ലെന്നും 400 പേജുള്ള റിപ്പോർട്ടിൽ പറയുന്നത്. ആഗോള താപനത്തെ ചെറുക്കുക മാത്രമാണ് ഇതിന്നുള്ള ഏക പോം വഴിയെന്നും റിപ്പോർട്ട് പറയുന്നു.

ഭൂമിക്ക് പനി ബാധിച്ചിരിക്കയാണ്. നമ്മുടെ ഒരേയൊരു ഭൂമിക്ക് ഈ ആതുരാവസ്ഥ എന്തുകൊണ്ട്?

നമ്മുടെ ദൈനദിന ജീവിതത്തിൽ നമുക്ക് പരിചിതമായ ഒരു സത്യമുണ്ട്. ഒരു ഉൽപന്നം ഒരാളോ ഒരു കമ്പനിയോ നിർമ്മിച്ചാൽ അത് കൈകാര്യം ചെയ്യേണ്ടത് എങ്ങനെ എന്നതിനെ സംബന്ധിച്ച് ഒരു മാന്വൽ അല്ലെങ്കിൽ ഒരു കാറ്റലോഗ് ആ നിർമ്മാതാവ് നമുക്ക് നൽകുന്നു. കാരണം അത് നിർമ്മിച്ചയാൾക്കാണ് അത് ഉപയോഗിക്കുന്ന വിധത്തെ സംബന്ധിച്ച് ആധികാരികമായും സൂക്ഷ്മമായും അറിയാൻ സാധിക്കുക. ഈയൊരു രീതി നാം ഭൂമിയുടെ കാര്യത്തിൽ വെച്ചു നോക്കിയാൽ ഭൂമിയുടെ സൃഷ്ടാവായ ദൈാവം മനുഷ്യന്ന് പാർക്കാൻ ഏൽപ്പിക്കപ്പെട്ട ഈ ആവാസ വ്യവസ്ഥ സംരക്ഷിക്കാൻ അല്ലെങ്കിൽ അതിന്റെ സുസ്ഥിരത നില നിർത്താൻ വല്ല മാർഗ്ഗ നിർദ്ദേശവും തന്നിട്ടുണ്ടോ എന്ന് നോക്കാൻ നാം ബാദ്ധ്യസ്ഥരാണ്. പ്രത്യേകിച്ച് IPCC റിപ്പോർട്ട് വന്ന ഈ സാഹചര്യത്തിൽ തീർച്ചയായും ഭൂമിയുടെ മാത്രമല്ല ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് എന്ന നിലക്ക് ദൈവം ഈ ഭൂമിയിൽ ജീവിക്കുന്നത് സംബന്ധിച്ച് അഗാതമായ അർത്ഥ ധ്വനികളുള്ള ചില പാരിസ്ഥിതികമായ മാർഗ്ഗനിർദ്ദേശങ്ങളും പ്രമാണങ്ങളും വിശുദ്ധ ഖുർആനിൽ നൽകിയിട്ടുണ്ട്. അതെന്താണെന്ന് നോക്കാം.

ഒന്നാമതായി ഭൂമിയുടെ അവകാശികൾ ആരാണെന്നും ആർക്ക് വേണ്ടിയാണ് ഈ ഭൂമി സൃഷ്ടിക്കപ്പെട്ടത് എന്നും ഏതൊരു പ്രകൃതിസ്നേഹിയേയും ആവേശം കൊള്ളിക്കുമാറ് പാരിസ്ഥിതിക പ്രാധാന്യമുള്ള വചനങ്ങൾ വിശുദ്ധ ഖുർആനിലുണ്ട്. **ഭൂമിയെ എല്ലാ ജീവജാലങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചു (55: 8-11)**

അതായത് ഈ ഭൂമി മനുഷ്യസമൂഹത്തിന്ന് വേണ്ടി മാത്രമുള്ളതല്ല എന്നും ഭൂമിയിൽ വസിക്കുന്ന എല്ലാ ജീവജാലങ്ങൾക്കും വേണ്ടിയുള്ളതാണെന്നും വളരെ അസന്നിഗ്ദമായി ഖുർആൻ പ്രഖ്യാപിക്കുന്നു. മാത്രമല്ല എല്ലാ ജീവികളും പറവകളും സാമൂഹിക ജീവിതം നയിക്കുന്ന വരാണെന്നും വിവരിക്കപ്പെട്ടിട്ടുണ്ട്. **ഭൂമിയിൽ നടക്കുന്ന ഏതു മൃഗവും രണ്ടു ചിറകുകൊണ്ട് പറക്കുന്ന ഏതു പറവകളും നിങ്ങളെ പോലെയുള്ള സമൂഹങ്ങൾ തന്നെയാണ്. (6:39)**

ഭൂമി സമൂഹങ്ങളായി ജീവിക്കുന്ന എല്ലാജീവജാലങ്ങൾക്കും കൂടിയുള്ളതാണെന്ന സർവ്വ ജീവജാലങ്ങളെയും ഉൾക്കൊള്ളുന്ന ഒരു പാരിസ്ഥിതിക സന്ദേശം വിശുദ്ധ ഖുർആൻ നൽകുന്നു. പ്രസ്തുത ഖുർആൻ വചനത്തിലെ പക്ഷികളും മൃഗങ്ങളുമടക്കം സർവ്വ ജീവികളും **'ഉമമ്മിം അംസാലുക്കും.'** നിങ്ങളെ പോലെയുള്ള സമൂഹങ്ങളാണ് എന്ന പ്രയോഗം വളരെ ശ്രദ്ധേയമാണ്. മറ്റൊരു വചനം ഈ ജീവികളും മനുഷ്യരെ പോലെ അല്ലാഹുവിന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുന്നവരാണ് എന്ന വചനമാണ്. **ആകാശങ്ങളിലും ഭൂമിയിലുമുള്ള എല്ലാവരും ചിറകു വിരുത്തി പറക്കുന്ന പക്ഷികളും അല്ലാഹുവിന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുന്നത് നീ കാണുന്നില്ലേ? അവയിൽ ഓരോന്നും (അവയുടെ പ്രകൃതിയനുസരിച്ച്) അവയുടെ പ്രാർത്ഥനയും പ്രകീർത്തനവും അറിയുന്നു. അവർ പ്രവർത്തിക്കുന്നതിനെ കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നു. (24:42:)**

സർവ്വ ജീവജാലങ്ങളുടെയും അസ്തിത്വം അവയുടെ ദൈവവുമയുള്ള ബന്ധവും ഭൂമിയിൽ ദൈവത്തെ വാഴ്ത്തിക്കൊണ്ട് എല്ലാജീവജാൾങ്ങക്കും ജീവിക്കാനുള്ള അവകാശവും എത്ര ഉദാത്തമായ വചനങ്ങളിലാണ് വിശുദ്ധ ഖുർആൻ വിവരിക്കുന്നത്. അത്കൊണ്ട് സ്വയം ജീവിക്കാനും പരിസ്ഥിതി നാശമുണ്ടാക്കാതെ മറ്റു ജീവജാലങ്ങളെ ജീവിക്കാനനുവദിക്കുകയും ചെയ്യുന്ന രീതിയിലായിരിക്കണം നാം പ്രകൃതിയിൽ ഇടപെടേണ്ടത് എന്നാണ് വിശുദ്ധ ഖുർആൻ നൽകുന്ന അദ്ധ്യാപനം. അതായത് ഭൂമിയുടെ അവകാശികൾ മനുഷ്യൻ മാത്രമല്ല. ദൈവത്തെ മൂകമായി വാഴ്ത്തിക്കൊണ്ട് ഭൂമിയിൽ ജീവിക്കുന്ന സർവ്വജീവജാലങ്ങൾക്കും അതിൽ അവകാശമുണ്ട് എന്ന വിശാലമായ ഒരു പാരിസ്ഥിതിക ബോധമാണ് ഖുർആൻ നൽകുന്നത്. എന്നാൽ ദൈവം ധിഷണയും ബോധവും നൽകി അനുഗ്രഹിച്ച മനുഷ്യനാണ് ഭൂമിയിൽ ഭാവി ജീവിതം അസാദ്ധ്യമാക്കുമാറ് ഇടപെടുന്നത്.

ഭൂമിയുടെ പരിസ്ഥിതിയുടെയും കാലവസ്ഥയുടെയും സുസ്ഥിരത ഉറപ്പാക്കുംവിധം സംന്തുലന വ്യവസ്ഥയോടു കൂടിയാണ് ആകാശ ഭൂമികൾ സൃഷ്ടിച്ചതെന്നും ആ സംന്തുലനത്തിൽ അതിക്രമം പ്രവർത്തിക്കാൻ പാടില്ലെന്നും ഖുർആൻ മനുഷ്യനെ ശക്തമായി ഓർമ്മിപ്പിക്കുന്നു ഭൂമിയുടെ ഊർജ്ജസ്രോതസ്സായ സൂര്യനും ഉപഗ്രഹമായ ചന്ദ്രനേയും വൃക്ഷലതാദികളും ഉൾപ്പെടുന്ന ഭൂമിയുടെ സംന്തുലിത പരിസ്ഥിയെ സംബന്ധിച്ച് ഖുർആൻ പറയുന്നത് കാണുക.

**സൂര്യനും ചന്ദ്രനും ഒരു നിശ്ചിത കണക്കനുസരിച്ചാണ്. ലതകളും നക്ഷത്രങ്ങളും അവനെ വഴങ്ങുന്നു. ആകാശത്തെ അവൻ ഉയർത്തുകയും സന്തുലനം (മീസാൻ) സ്ഥാപിക്കുകയും ചെയ്തു. നിങ്ങൾ സംന്തുലനത്തിൽ അതിക്രമം പ്രവർത്തിക്കാതിരിക്കാൻ വേണ്ടി. നിങ്ങൾ നീതിപൂർവ്വം തുലനം നിലനിർത്തുക. അതിൽ കുറവ് വരുത്തരുത്. ഭൂമിയെ അവൻ എല്ലാ ജീവജാലങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചു (55: 8-11)**

ഭൂമിയിലുള്ള പാരിസ്ഥിതികമായ സംന്തുലന വ്യവസ്ഥ അതിലോലമാണ്. മനുഷ്യന്റെ ശാരീരിക വ്യവസ്ഥപോലെ മുഖ്യ വ്യവസ്ഥയും ഉപവ്യവസ്ഥകളു

മായി അത് പാരസ്പര്യത്തോടെ ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു.

**നാം ഓരോ വസ്തുവിനേയും ഒരു നിശ്ചിത അളവനുസരിച്ചു (ഖദർ) സൃഷ്ടിച്ചിരിക്കുന്നു. (54: 50)**

ഭൂമിയിലെ ആവാസവ്യവസ്ഥയും പ്രകൃതിയും അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത് ഒരു പ്രാപഞ്ചിക വ്യവസ്ഥയുടെ ഭാഗമായാണെന്ന് അല്ലാഹു മേൽ വചനത്തിൽ വ്യക്തമായും പറയുന്നു. ഭൗമ വിഭവങ്ങളെ കൂടുതലായി ചൂഷണം ചെയ്യുന്ന മനുഷ്യൻ ഈ സംന്തുലന വ്യവസ്ഥ തകിടം മറിക്കുമാറ് പ്രകൃതിയിൽ ഇടപെടരുതെന്നുമാണ് ഖുർആന്റെ കൽപ്പന. **നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക, നാശകാരികളായി നിങ്ങൾ ഭൂമിയിൽ കുഴപ്പമുണ്ടാക്കരുത്. (2:61)** മനുഷ്യൻ പ്രകൃതി വിഭവങ്ങൾ വിവേകപൂർവ്വം കൈകാര്യം ചെയ്യണമെന്നാണ് അല്ലാഹുവിന്റെ കൽപ്പന. ഈ സംന്തുലന വ്യവസ്ഥ തകിടം മറിക്കരുത് എന്നത് അല്ലാഹുവിന്റെ താക്കീതാണ്. സംന്തുലനാത്മകമായ സ്ഥിരതയുള്ള കാലാവസ്ഥയിൽ നിന്നും ഭിന്നമായി കാലാവസ്ഥ പ്രക്ഷുബ്ധതയാണ് ഭൂവാസികളായ നാം മുമ്പെങ്ങുമില്ലാത്ത വിധം ഇന്ന് അനുഭവിക്കുന്നത്. തീവ്രമഴ, അസഹ്യമായ ചൂട്, കാട്ടുതീ, ചുഴലിക്കാറ്റ്, കടലേറ്റം, മേഘസ്പോടനം, കാലംതെറ്റിയുള്ള മഴ, ഉഷ്ണക്കാറ്റ് മുതലായ പ്രകൃതി ദുരന്തങ്ങൾക്ക് ലോകം മുമ്പെങ്ങുമില്ലാത്ത വിധം സാക്ഷ്യം വഹിക്കുന്നതായാണ് IPCC ലോകത്തെ താക്കീത് ചെയ്യുന്നത്. എന്താണ് ഇതിന്റെ കാരണം?

ഇതിൽ മനുഷ്യകരങ്ങളുടെ പങ്ക് നിർണ്ണായകമാണ്. ഭൂമിയുടെ കാലവസ്ഥയെ പ്രക്ഷുബ്ധമാക്കുന്ന ഘടകങ്ങളെ രണ്ടായി തരം തിരിക്കാവുന്നതാണ്. ഒന്ന് മനുഷ്യകൃതം (Anthropogenic) രണ്ടാമത്തേത് പ്രകൃതിപരം (Natural). ഭൂമിയിലേക്ക് കടന്നുവരുന്ന സൂര്യപ്രകാശത്തിന്റെയും ഊർജ്ജത്തിന്റയും സ്വാഭാവിക പ്രവർത്തനത്തെ ബാധിക്കുന്ന രീതിയിൽ അന്തരീക്ഷത്തിന്റെ ഘടന മനുഷ്യൻ മാറ്റിമറിക്കുന്നതാണ് മനുഷ്യകൃത കാരണങ്ങൾ. ഇപ്പോഴത്തെ ഈ പ്രകൃതി ദുരന്തങ്ങൾക്ക് മുഖ്യകാരണം മനുഷ്യന്റെ വിവേചനരഹിതമായ പ്രവർത്തനം കൊണ്ടാണ്. മനുഷ്യകരങ്ങൾക്ക് അതീതമായ ഭൗമികവും ഗോളാന്തരീയവും പ്രാപഞ്ചികവുമായ പ്രതിഭാസങ്ങളും ഭൗമപ്രകൃതിയുടെ നാം അറിയുന്ന സംന്തുലനാവസ്ഥയെ ബാധിക്കുകയും പ്രക്ഷുബ്ധമാക്കുകയും ചെയ്യുന്നു. പക്ഷേ അത് പ്രകൃതിയുടെ സ്വാഭാവിക പരിണാമത്തിന്റെ ഭാഗമാണ്. ഇങ്ങനെ രണ്ട് വിധത്തിലും പ്രകൃതിക്ഷോഭങ്ങൾ സംഭവിക്കുന്നു. വാസ്തവത്തിൽ ഈ അസന്തുലിതാവസ്ഥ വീണ്ടെടുക്കാനുള്ള പ്രകൃതിയുടെ ശ്രമത്തിന്റെ ഭാഗമാണ് പ്രക്ഷുബ്ധാവസ്ഥ. അഥവാ പ്രകൃതിക്ഷോഭങ്ങൾ. ഇതിൽ മനുഷ്യകരങ്ങൾകൊണ്ടുള്ള അസന്തുലനമാണ് കൂടുതൽ നാശകരം.

മനുഷ്യകരങ്ങളാലുണ്ടാകുന്ന പരിസ്ഥിതിനാശത്തിന്ന് മുഖ്യകാരണം 250 വർഷങ്ങൾക്ക് മുമ്പ് നാം ആരംഭിച്ച വ്യവസായവത്ക്കരണത്തിന്ന് ശേഷമുണ്ടായ അന്തരീക്ഷ മാറ്റങ്ങളാണ്. പുരോഗതിയും വികസനവും ദൈവം ബുദ്ധി തന്ന മനുഷ്യന്റെ സ്വാഭാവിക പ്രവർത്തനങ്ങളാണ്. അതിന്റെ നിരാകരണമല്ല ഇവിടെ ഉണ്ടാവേണ്ടത്. വിശുദ്ധ ഖുർആൻ പറഞ്ഞത് പോലെ പ്രകൃതിയുടെ മീസാൻ (സംന്തുലനം) ലംഘിക്കാതെയുള്ള പുരോഗതിയും വികസനവുമാണ് നാം അവലംബിക്കേണ്ടത്. അല്ലാത്തപക്ഷം സർവ്വ നാശമായിരിക്കും ഫലം. അതാണ് ഖുർആൻ പറഞ്ഞത്

**മനുഷ്യരുടെ കരങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു. (30:42)**

കാലാവസ്ഥാ വ്യതിയാനത്തെ പറ്റി IPCC റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ ഖുർആന്റെ പാഠവും സന്ദേശവും താക്കീതും അന്തർദേശീയ സമൂഹം തിരിച്ചറിയേണ്ടതുണ്ട്.

## അനുസ്മരണം

# ബി. സൈനബ സാഹിബ

പഴയങ്ങാടി ജമാഅത്തിലെ ബിലാവിന്റെകത്ത് ബി. സൈനബ സാഹിബ (മർഹൂം എൻ. കരീം സാഹിബിന്റെ ഭാര്യ) സെപ്തംമ്പർ 7 ന്ന് വഫാത്തായി ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിയൂൻ. പഴയങ്ങാടിയിലെ വിദ്യാഭ്യാസ രംഗത്ത് ഏറെ അറിയപ്പെട്ടിരുന്ന് ബി. എസ് മുഹമ്മദ് കുഞ്ഞി സാഹിബിന്റെയും മറിയുമ്മയുടെയും അഞ്ചു മക്കളിൽ ഏറ്റവും ഇളയവളാണ് പരേത. ഉന്നത ധാർമിക നിലവാരം പുലർത്തിയിരുന്ന അവർ ഖിലാഫത്തുമായി അഭേദ്യമായ ബന്ധമാണ് പുലർത്തിയത്.

പഴയങ്ങാടി ലജ്നാ ഇമായില്ലായുടെ ജനറൽ സെക്രട്ടറിയായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചിരുന്ന അവർ നല്ല വായനക്കാരിയുമാണ്. ജമാഅത്തിന്റെ മുൻ പബ്ലിക്കേഷൻ സെക്രട്ടറിയും ഫോക്‌ലോർ അക്കാദമി ചെയർമാനുമായിരുന്ന പ്രൊഫ. മഹ്മൂദ് അഹ്മദിന്റെ മാതൃ സഹോദരിയാണ് പരേത. മക്കൾ: ബി എ നാസർ, ബി. ശാക്കിറ, ബി. അബ്ദുൾ നാഫിഹ്, ബി ശബീറ. മരുമക്കൾ: നാസർ അഹ്മദ്, സലീം അഹ്മദ്, റജീന നാസർ, ദിശാന പർവീൻ.

*ബി. മൻസൂർ അഹ്മദ്,*
*മാത്തോട്ടം*

# സി. യൂസുഫ് ഹാജി സാഹിബ്



കേരളത്തിലെ അഹ്മദികൾക്ക് സുപരിചിതനായ ഏഴോം (പഴയങ്ങാടി) സി. യൂസുഫ് ഹാജീ സാഹിബ് 30-3-2021 ചൊവ്വാഴ്ച തന്റെ രക്ഷിതാവിലേക്ക് മടങ്ങി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പിതാവ് പരേതനായ ടി. ഹുസയ്നാർ ഹാജി. പഴയങ്ങാടിയിലെ അസ്‌ലം പ്ലൈവുഡ്സ്, ബദ്‌രിയ്യ സോമിൽ എന്നീ സ്ഥാപനങ്ങളുടെ ഉടമയായിരുന്ന അദ്ദേഹത്തിന് 73 വയസ്സായിരുന്നു. ഭാര്യ സമീന സാഹിബ.

വളരെമുമ്പേ ജമാഅത്തിനെ കുറിച്ച് പഠനം നടത്തിക്കൊണ്ടിരുന്ന അദ്ദേഹം പല അഹ്മദികളുമായും ഈ വിഷയകമായി ചർച്ച നടത്തുകയും ചെയ്തിരുന്നു. അതിന്റെ ഫലമായി യൂസുഫ് ഹാജീ സാഹിബ് 2003 ൽ ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ ചേർന്നു. തുടർന്ന് പഴയങ്ങാടി ജമാഅത്തിൽ സജീവാംഗമായി പ്രവർത്തിച്ചു. കേരളത്തിലെ അറിയപ്പെട്ട മുജാഹിദു പ്രവർത്തകനായ ഹാജീ സാഹിബ് ജമാഅത്തിൽ ചേർന്നത് അവർക്കിടയിൽ മുറുമുറുപ്പുണ്ടാക്കി. അദ്ദേഹത്തെ അഹ്മദിയ്യത്തിൽനിന്ന് 'തൗബ'ചെയ്യിക്കാൻ മരണംവരെ ശ്രമമുണ്ടായി. പക്ഷേ, ഹാജീ സാഹിബ് മരണംവരെ ആ പരീക്ഷണത്തെയെല്ലാം അതിജീവിച്ചു. ഈമാനിൽ ഉറച്ചുനിന്നു.

ജമാഅത്തിന്റെ എല്ലാ പരിപാടികളിലും സജീവമായിരുന്ന ഹാജീ സാഹിബ് ഖാദിയാനിൽ നടക്കുന്ന ജൽസാസാലാനയിൽ എല്ലാ വർഷവും പങ്കെടുത്തിരുന്നു. ഭാര്യ സമീന സാഹിബയും ചില അവസരങ്ങളിൽ കൂടെ ഉണ്ടായിരുന്നു. 2008 നവംബറിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസുമായി കോഴിക്കോട്ടുവച്ച് കൂടിക്കാഴ്ച നടത്താനുള്ള തൗഫീഖ് ഹാജി സാഹിബിന് ലഭിച്ചു. മാത്രമല്ല അദ്ദേഹം 2018 ആഗസ്റ്റിൽ ലണ്ടനിൽപോയും ഖലീഫ തിരുമനസ്സുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. കൊറോണ വൈറസ് വ്യാപിക്കുന്നതിനുമുമ്പേയും ലണ്ടൻ അന്തർദേശീയ സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് ശ്രമിച്ചിരുന്നു. പിന്നീട് സമ്മേളനം മാറ്റിവെക്കുകയാണുണ്ടായത്.

നമസ്കാരങ്ങൾ കഴിയുന്നത്ര ഇമാമും ജമാഅത്തുമായി നമസ്കരിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു. സ്ഥിരമായി തഹജ്ജുദ് നമസ്കരിച്ചിരുന്നു. സ്വുബ്ഹി നമസ്കാരത്തിന് നാലഞ്ചു കിലോമീറ്റർ യാത്ര ചെയ്ത് പഴയങ്ങാടി ത്വാഹിർ മസ്ജിദിലോ അടുത്തില അഹ്മദിയ്യാ മസ്ജിദിലോ കൃത്യമായി എത്തുമായിരുന്നു. തർബിയ്യത്തുപരവും തബ്‌ലീഗുപരവുമായ എല്ലാ യോഗങ്ങളിലും നേരത്തെ വന്ന് പങ്കെടുക്കുമായിരുന്നു. അടുത്തില അഹ്മദിയ്യാ മസ്ജിദിന്റെ നിർമാണം നടന്നത് അദ്ദേഹത്തിന്റെ മേൽനോട്ടത്തിലായിരുന്നു. അദ്ദേഹത്തിന്റെ ജീവകാരുണ്യ പ്രവർത്തനവും എടുത്തു പറയേണ്ടതാണ്. റമളാൻ മാസത്തിന്റെ അവസാനത്തെ പത്തിൽ മിക്ക സാധനങ്ങളും അടങ്ങിയ കിറ്റുകൾ അദ്ദേഹം നേരിട്ട് സാധുക്കളുടെ വീടുകളിലെത്തിക്കുമായിരുന്നു. സാമ്പത്തിക സഹായവും ചെയ്തിരുന്നു.

തന്റെ കുടുംബത്തിന് വാഗ്ദത്ത മഹ്ദീ മസീഹിനെ വിശ്വസിക്കാൻ തൗഫീഖ് കിട്ടണമെന്ന ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. അതിനുവേണ്ടി മൗലവിമാരെ പങ്കെടുപ്പിച്ചുകൊണ്ട് സ്വന്തം വീട്ടിൽവച്ചുതന്നെ പല ചർച്ചകളും അദ്ദേഹം നടത്തിയിരുന്നു. രോഗശയ്യയിൽ കിടക്കുമ്പോൾ പല പ്രാവശ്യവും ഞാൻ അദ്ദേഹത്തെ കാണാൻ പോയിരുന്നു. അപ്പോഴെല്ലാം ജമാഅത്തു പ്രവർത്തനങ്ങളെ കുറിച്ചായിരുന്നു സംസാരിച്ചത്. അസഹ്യമായ വേദനയിലും അത് മുഖത്ത് പ്രതിഫലിക്കാതിരിക്കാൻ ശ്രമിച്ചിരുന്നു.

'ഭൗതികമായ നിലയിൽ എല്ലാ സൗകര്യങ്ങളും സാഹചര്യങ്ങളുമുള്ള യൂസുഫ് ഹാജി, അഹ്മദി ജമാഅത്തിൽ ചേർന്നിട്ടുണ്ടെങ്കിൽ ആ ജമാഅത്തിനെ കുറിച്ച് പഠിക്കേണ്ടതാണ്'എന്ന് ഏഴോത്തെ ഒരു യുവാവ് പറഞ്ഞത് കേട്ടപ്പോൾ അദ്ദേഹത്തിന്റെ വ്യക്തിത്വം എത്ര ഉന്നതമായിരുന്നുവെന്ന് ഓർത്തുപോയി.

ഹാജീ സാഹിബ് തന്റെ വരുമാനത്തിന്റെ പത്തിലൊരു ഭാഗം ഇസ്‌ലാമിക പ്രവർത്തത്തിനുവേണ്ടി 4-4-2018 ൽ വസ്വിയ്യത്ത് ചെയ്തു. അങ്ങനെ അദ്ദേഹം മൂസ്വിയായി. ജമാഅത്തുപരമായ എല്ലാ ഇടപാടുകളും വഫാത്തിനുമുമ്പേ അദ്ദേഹം പൂർത്തിയാക്കിയിരുന്നു. അല്ലാഹു പരേതന്റെ പരലോകജീവിതം ധന്യമാക്കിത്തീർക്കട്ടെ. ഉന്നതപദവി നല്കി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ

(മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ, ബദ്ർ നാഇബ് എഡിറ്റർ)

# അഹ്മദ് ശരീഫ് സാഹിബ്



കരുനാഗപ്പള്ളി ജമാഅത്ത് അംഗമായിരുന്ന ജനാബ് അഹ്മദ് ശരീഫ് സാഹിബ് (72 വയസ്സ്) 13/03/21 ന് വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിയൂൻ. താലൂക്ക് സിവിൽ സപ്ലൈ ഓഫീസർ ആയി റിട്ടയർ ചെയ്ത് വിശ്രമ ജീവിതം നയിച്ച് വരികയായിരുന്നു. പിതാവ് മർഹൂം പാലാഞ്ഞിയിൽ അലിയാർ കുഞ്ഞ് സാഹിബ് കരുനാഗപ്പള്ളി ജമാഅത്ത് ആദ്യ കാല അഹ്മദിയായിരുന്നു.


പരേതൻ ജന്മനാ അഹ്മദിയും, അനുഗ്രഹീത വസിയത്ത് പദ്ധതിയിൽ അംഗവും ആയിരുന്നു. അഞ്ച് നേര നമസ്കാരങ്ങളിൽ കൃത്യനിഷ്ഠ പാലിക്കുന്നതോടൊപ്പം, തഹജ്ജുദ് നമസ്കാരവും, നഫൽ നോമ്പുകളും കൃത്യമായി അനുവർത്തിച്ചു പോന്നിരുന്ന സ്വാത്തികനുമായിരുന്നു. മുടക്കം കൂടാതെ എല്ലാ വർഷവും രണ്ട്, മൂന്ന് തവണ ഖാദിയാൻ സന്ദർശിച്ചിരുന്നു.

ഖാഇദ് മജ്‌ലിസ്, സയീം മജ്‌ലിസ്, നാസിം ഇലാക്ക എന്നിവക്ക് പുറമെ കരുനാഗപ്പള്ളി ജമാഅത്ത് മാൽ സെക്രട്ടറി, ജമാഅത്ത് അമീർ, കൊല്ലം ജില്ലാ അമീർ എന്നീ നിലകളിലും ദീർഘകാലം സേവനം അനുഷ്ഠിക്കാൻ ഭാഗ്യം ലഭിച്ചിരുന്നു.

ആദ്യ ഭാര്യ ഹിദായത്ത് ബീവി സാഹിബായുടെ വിയോഗ ശേഷം സി.പി.ജമീലാ സാഹിബായെ വിവാഹം ചെയ്തു. മക്കൾ: റഫീഖ് അഹ്മദ്, സമീർ അഹ്മദ് മസ്ക്കറ്റ്, ഷഫീഖ് അഹ്മദ് (വഖ്ഫെ സിന്ദഗി, ഖാദിയാൻ), ഷഹീദ് അഹ്മദ്, അത്തിയത്തുൽ വദൂദ്. മരുമക്കൾ: ഷറീനാ, ഷഫീനാ, ഷംന, അത്തിയത്തുൽ മുനീം, ഷമീം അഹ്മദ്. അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കട്ടെ. ആമീൻ.

---

# എ. സുലയ്മാൻ സാഹിബ്



കണ്ണൂർ, പഴയങ്ങാടി ജമാഅത്തിലെ അമ്പലത്തിൽ സുലയ്മാൻ സാഹിബ് 10-4-2021 ന് വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 81 വയസ്സായിരുന്നു. പിതാവ് ബി.എസ്. മൊയ്തീൻ കുട്ടിക്ക. മാതാവ് സയ്നബ സാഹിബ. 1960-ൽ ഇരുപതാമത്തെ വയസ്സിൽ ബയ്അത്ത് ചെയ്തു. മാതൃസഹോദരന്മാരും പ്രമുഖ അഹ്മദികളുമായ എ. സുലയ്മാൻ സാഹിബും എ ഉമർഹാജി സാഹിബുമാണ് അദ്ദേഹത്തിനും അദ്ദേഹത്തിന്റെ സഹോദരന്മാരായ എ. മഹ്മൂദ് സാഹിബ് എ. ആലിക്കുഞ്ഞ് സാഹിബ് എന്നിവർക്കും മാതാവിനും ജമാഅത്തിലേക്ക് വരാൻ കാരണമായത്.

സുലയ്മാൻ സാഹിബ് വിവാഹം കഴിച്ചത് തന്റെ മാതുല പുത്രി ബി. നാസിറ സാഹിബയെയാണ്. നിശാൻ അഹ്മദ് സാഹിബാണ് മകൻ.

കുറച്ചുകാലം തദ്ദേശ ജമാഅത്തിലെ പ്രവർത്തക സമിതി അംഗമായിട്ടുണ്ട്. ജമാഅത്തിന്റെ എല്ലാ പരിപാടികളിലും സജീവമായി പങ്കെടുത്തിരുന്നു. ജമാഅത്തിലെ എല്ലാ അംഗങ്ങളോടും നല്ല രീതിയിൽ പെരുമാറിയിരുന്ന അദ്ദേഹം സാധുക്കളെ സഹായിക്കുന്നതിലും പ്രത്യക താൽപര്യം കാണിച്ചിരുന്നു. മുബല്ലിഗുമാരോടും മുഅല്ലിമുമാരോടും കേന്ദ്രത്തിൽനിന്നു വരുന്ന ഉദ്യോഗസ്ഥന്മാരോടും ആദരവോടും ബഹുമാനത്തോടും കൂടി പെരുമാറിയിരുന്നു. 16-1-2008 ലാണ് അദ്ദേഹം വസിയ്യത്ത് ചെയ്തത്. ജീവിതകാലത്തു തന്നെ ജാഇദാദ് ചന്ദ അടച്ചു തീർത്തിരുന്നു. അഞ്ചുനേരവും കൃത്യമായി മസ്ജിദിൽ വന്ന് നമസ്കരിക്കുകയും തഹജ്ജുദ് കൃത്യമായി അനുഷ്ഠിക്കുകയും ഖലീഫത്തുൽമസീഹിന്റെ ഓരോ ആഹ്വാനത്തിന്നും ലബ്ബയ്ക്ക് പറയുകയും ചെയ്തിരുന്നു. 1986-ൽ ലണ്ടനിൽവച്ചും 1991 ഡിസംബറിൽ ഖദിയാനിൽവച്ചും ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഉ(റഹ്)മായും 2008 നവംബറിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസുമായി കോഴിക്കോട്ടുവച്ചും കൂടിക്കാഴ്ച നടത്താനുള്ള തൗഫീഖ് അദ്ദേഹത്തിന് ലഭിച്ചു. അല്ലാഹു അദ്ദേഹത്തിന് സ്വർഗത്തിൽ ഉന്നതസ്ഥാനം നല്കി അനുഗ്രഹിക്കുമാറാകട്ടെ. കരുണയോടെ പെരുമാറട്ടെ. ആമീൻ

(മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ, ബദ്ർ നാഇബ് എഡിറ്റർ)

www.alislam.org

# അഹ്മദി പത്രപ്രവർത്തകൻ രക്തസാക്ഷിയായി



അഹ്മദിയ്യാ ടെലിവിഷൻ ചാനലായ എം ടി എ യുടെ ജേർണലിസ്റ്റ് സയ്യദ് താലെ അഹ്മദ് സാഹിബ് (31) ആഫ്രിക്കയിലെ ഘാനയിൽ ആഗസ്റ്റ് 23 ന്ന് വൈകുന്നേരം 7 മണിക്ക് ഒരു സംഘം ആയുധധാരികളായ കൊള്ളക്കാരുടെ ആക്രമണത്തിൽ തന്റെ കൃത്യ നിർവ്വഹണത്തിനിടെ ജീവൻ നഷ്ടപ്പെടുകയുണ്ടായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിയൂൻ. വഖ്ഫെ നൗ പദ്ധതിയിൽ അംഗമായിരുന്ന താലെ അഹ്മദ് സാഹിബ്. വാഗ്ദത്ത മസീഹിന്റെ കുടുംബാംഗമായിരുന്നു. ഹദ്റത്ത് മിർസ ബശീർ അഹ്മദിന്റെ മൂന്നാം തലമുറയിൽ പെട്ട പുത്രനായിരുന്നു.

ലണ്ടനിലെ യൂണിവേഴ്സിറ്റി ഓഫ് സണ്ടർലന്റിൽ നിന്നും ജേഴ്ണലിസത്തിൽ ബിരുദാനന്തര ബിരുദം നേടിയ താലെ അഹ്മദ് സാഹിബ് സമർപ്പിതനായ ഒരു അഹ്മദി സേവകനായിരുന്നു. ഖലീഫത്തുൽ മസീഹ് 3 സെപ്തംബർ 2021 ന്റെ ഖുതുബയിൽ താലെ സാഹിബിന്റെ ശഹാദത്തിനെ കുറിച്ചും അദ്ദേഹത്തിന്റെ മഹത്തായ സേവനത്തെ കുറിച്ചും ഖിലാഫത്തിനോടുള്ള അനുരക്തിയെ കുറിച്ചും ജോലിയിലുള്ള ആത്മാർത്ഥതയെ കുറിച്ചും വിവരിക്കുകയുണ്ടായി. കൊലയാളികളായ കൊള്ളക്കാർ പിന്നീട് പോലീസ് ഫയറിംങ്ങിൽ കൊല്ലപ്പെട്ടതായി ഘാന അധികൃതർ അറിയിച്ചു.



# കെ. ബീഫാത്വിമ സാഹിബ, കണ്ണൂർ

മജ്ലിസ് അൻസ്വാറുല്ലാഹ് മുൻ സംസ്ഥാന നാളിമും കണ്ണൂർ ടൗൺ ജമാഅത്തിന്റെ മുൻ പ്രസിഡന്റും സത്യദൂതൻ മുൻ പത്രാധിപരുമായിരുന്ന മർഹൂം ബീ.എം. കോയ സാഹിബിന്റെ സഹധർമ്മിണി കെ. ബീഫാത്വിമ സാഹിബ 5-9-2021 ഞായറാഴ്ച അർധരാത്രി 11.30ന് നിര്യാതയായി. 73 വയസ്സായിരുന്നു. പിതാവ് ബിലാവിനകത്ത് അബ്ദുർറഹ്മാൻ സാഹിബ്. മാതാവ് കെ ഖദീജ സാഹിബ. ഇവരുടേത് പാരമ്പര്യ അഹ്മദിയ്യ കുടുംബമാണ്. മാതാമഹി കെ.കുഞ്ഞാമിന സാഹിബ. മാതാമഹൻ പഴയങ്ങാടി അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകാംഗങ്ങളിൽപ്പെട്ട പ്രമുഖനായ കെ.പി. അഹ്മദുകുട്ടി സാഹിബ്.

വഖ്ഫ് ജദീദ് ഇൻസ്പെക്ടർ മൗലവി കെ ഖമറുദ്ദീൻ സാഹിബ് പറയുന്നു: 'അഹ്മദിയ്യാ ജമാഅത്തിനോടു വളരെ കൂറും ആത്മാർഥതയുമുള്ള ആളായിരുന്നു ബീഫാത്വിമ സാഹിബ. അതിഥിസൽക്കാര പ്രിയയായിരുന്നു. പ്രത്യേകിച്ചും മൗലവിമാരെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു. ചന്ദകൾ കൊടുക്കുന്നതിലും ദാനധർമങ്ങൾ ചെയ്യുന്നതിലും എപ്പോഴും മുമ്പിൽത്തന്നെ ഉണ്ടാകുമായിരുന്നു.'

കണ്ണൂർ ലജ്ന ഇമാഇല്ലായുടെ മുൻഅധ്യക്ഷയായി സേവനമനുഷ്ഠിച്ചിരുന്ന ബീഫാത്വിമ സാഹിബ ബി.എം. കോയാ സാഹിബിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും സഹായിയായി നിന്നു. കെ ഹബീബ് അഹ്മദ് സാഹിബ് സഹോദരനാണ്.

മക്കൾ:മൻസ്വൂർ മുഹമ്മദ്, നിസാർ മുഹമ്മദ്, സിദ്ദീഖ് മുഹമ്മദ്, നസീം മുഹമ്മദ്, ജസീം മുഹമ്മദ്, ഹസീം മുഹമ്മദ്.

മരുമക്കൾ: നസ്വീറ കോഴിക്കോടു, റശീദ പഴയങ്ങാടി, ഫൗമിയ കണ്ണൂർസിറ്റി, റഫീന കോഴിക്കോട്, ത്വാഹിറ സിദ്ദീഖ പഴയങ്ങാടി.

***മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ***



Published on 07.09.2021
Pages 44
Vol: 93 Issue. 09
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly



# mta INTERNATIONAL

*Muslim Television Ahmadiyya International*



www.mta.tv

www.youtube.com/mtaonline1

www.alislam.org

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim